കേരള സർക്കാർ

www.ksad.kerala.gov.in

# തൃശ്ശൂർ ജില്ലാപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**

**e-mail:_dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.892/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in

തീയതി: 21/10/19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.

സർ,

വിഷയം : തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-8, 2-9 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2, 3-15, 3-19, 3-30, 3-33 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.892/19, തിയ്യതി : 21/10/19

# തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 01-04-2017 മുതൽ 13-05-19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ജില്ലാ പഞ്ചായത്തിന്റെ 01/04/17 മുതൽ 31/12/17 വരെയുള്ള വരവ് ചെലവ് കണക്കുകളിന്മേലുള്ള പരിശോധനയുടെ ഇടക്കാല റിപ്പോർട്ട് കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി.)405/18 തീയതി.15.05.18/21.05.18 ആയി പുറപ്പെടുവിച്ചിരുന്നു. ആയതിന് ജില്ലാ പഞ്ചായത്ത് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 71 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി. രാജഗോപാലൻ, ജോയിന്റ് ഡയറക്ടർ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സതീശൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) | 01-02-2018 മുതൽ 21-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും 01.02.18 മുതൽ 21.02.18 & 14.05.19 മുതൽ 11.06.19 വരെയും |
| | ശ്രീ. സാബു. പി.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) | 27-05-2019 മുതൽ 11-06-2019 വരെ |
| | ശ്രീ. എം.എൽ. അഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 21-02-2018 വരെ |
| | ശ്രീമതി. ഷീന. കെ.ടി., ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 21-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീമതി. ബിത. ടി.എസ്., ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 21-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |

| | | |
|---|---|---|
| | ശ്രീ. സിനിലാൽ. എം.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 21-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീമതി.ഷൈനികൃഷ്ണദാസ്.ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 19-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീ. ജോമോൻ. ഇ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 19-02-2018 വരെയും 27-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീ. സ്റ്റാൻലി.പി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 01-02-2018 മുതൽ 19-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീ. സുനിൽകുമാർ. കെ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ | 01-02-2018 മുതൽ 19-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീ. ജോയ്സൻ. സി.ജെ., ഓഡിറ്റർ | 01-02-2018 മുതൽ 19-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീമതി. ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ | 01-02-2018 മുതൽ 19-02-2018 വരെയും 14-05-2019 മുതൽ 11-06-2019 വരെയും |
| | ശ്രീ. പ്രസാദ്. പി., ഓഡിറ്റർ ട്രെയിനി | 03-02-2018 മുതൽ 19-02-2018 വരെ. |

**(ബി)നിർവ്വഹണാധികാരികൾ**

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീമതി. ഷീല വിജയകുമാർ | പ്രസിഡന്റ് | 01-04-2017 മുതൽ 21-11-2017 വരെ |
| ശ്രീ.കെ.പി.രാധാകൃഷ്ണൻ | പ്രസിഡന്റ് ഇൻ ചാർജ്ജ്, വൈസ് പ്രസിഡന്റ് | 22-11-2017 മുതൽ 20-12-2017 FNവരെ |
| ശ്രീമതി. മേരി തോമസ് | പ്രസിഡന്റ് | 20-12-2017 AN മുതൽ 31-03-2018 വരെ |
| ശ്രീ. സി. അച്ച്യുതൻ നായർ | സെക്രട്ടറി ഇൻ ചാർജ്ജ്, ഫിനാൻസ് ഓഫീസർ | 01-04-2017 മുതൽ 19-05-2017 FN വരെ |
| ശ്രീ.കെ.ജി.തിലകൻ | സെക്രട്ടറി ഇൻ ചാർജ്ജ്, | 19-05-2017 AN മുതൽ 25- |

| | | |
|---|---|---|
| | ഫിനാൻസ് ഓഫീസർ | 05-2017 FN വരെ |
| ശ്രീ.ഷൈജു.എൻ.ലാൽ | സെക്രട്ടറി ഇൻ ചാർജ്ജ്, ഫിനാൻസ് ഓഫീസർ | 25-05-2017 AN മുതൽ 14-06-2017 FN വരെ |
| ശ്രീമതി. ഉഷാ നന്ദിനി.കെ. | സെക്രട്ടറി ഇൻ ചാർജ്ജ്, ഫിനാൻസ് ഓഫീസർ. | 14-06-2017 AN മുതൽ 21-06-2017 FN വരെ |
| ശ്രീ. ടി.എസ്. മജീദ് | സെക്രട്ടറി | 21-06-2017 AN മുതൽ 31-03-2018 വരെ |

<u>സി)നിർവ്വഹണഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | ശ്രീമതി. ഐഡ ഫ്രാൻസിസ് | 01-04-2017 മുതൽ 23-08-2017 വരെ |
| | ശ്രീ. സജീവൻ. എം.കെ. (ഇൻ ചാർജ്ജ്) | 24-08-2017 മുതൽ 29-08-2017 വരെ |
| | ശ്രീ. നിസാദ്. പി. | 30-08-2017 മുതൽ 19-10-2017 വരെ |
| | ശ്രീമതി. ഷൈബി ജോർജ്ജ് (ഇൻ ചാർജ്ജ്) | 20-10-2017 മുതൽ 31-01-2018 FN വരെ |
| | ശ്രീ.ഡേവിഡ് ജോൺ ഡി. മോറിസ് | 31-01-2018 AN മുതൽ 31-03-2018 വരെ |
| അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | ശ്രീമതി. ഒ.ആർ. ബീന. | 01-04-2017 മുതൽ 22-08-2017 വരെ |
| | ശ്രീമതി. മിനിമോൾ. എം.എസ്., അസി. എഞ്ചിനീയർ(i/c) | 23-08-2017 മുതൽ 17-09-2017 വരെ. |
| | ശ്രീമതി. ബിന്ദു. കെ.സി, അസി. എഞ്ചിനീയർ.(i/c) | 18-09-2017 മുതൽ 31-10-2017 വരെ. |
| | ശ്രീ. ബിജു. ഡി. | 01-11-2017 മുതൽ 08-11-2017 വരെ. |
| | ശ്രീ. വിക്രമൻ പിള്ള. എം. | 09-11-2017 മുതൽ 31-03-2018 വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. സുമേഷ് കുമാർ | 01-04-2017 |

| | | |
|---|---|---|
| (അഗ്രിക്കൾച്ചർ) | | 31-03-2018 |
| വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ശ്രീമതി. സുമതി. കെ | 01-04-2017 മുതൽ 28-02-2018 FN വരെ. |
| | ശ്രീ. മധുസൂദനൻ. ബി. | 28-02-2018 AN മുതൽ 31-03-2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | ഡോ. എം.കെ. പ്രദീപ്കുമാർ | 01-04-2017 മുതൽ 04-06-2017 വരെ. |
| | ഡോ. എം.കെ. ഗിരിജ | 05-06-2017 മുതൽ 31-03-2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ടോമി ചാക്കോ | 01-04-2017 മുതൽ 31-05-2017 FN വരെ |
| | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ | 31-05-2017 AN മുതൽ 26-06-2017 വരെ |
| | ശ്രീ. ശശിധരൻ. കെ.എൻ | 27-06-2017 മുതൽ 30-06-2017 FN വരെ |
| | ശ്രീ. അബ്ദുൾ സത്താർ. കെ.എച്ച്. | 30-06-2017 AN മുതൽ 23-09-2017 FN വരെ |
| | ശ്രീമതി. ബീന. വി.പി. | 23-09-2017 AN മുതൽ 25-09-2017 FN വരെ. |
| | ശ്രീമതി. സിന്ധു പരമേശ്. | 25-09-2017 AN മുതൽ 31-03-2018 വരെ. |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ. ടി.ടി. ലോഹിതാക്ഷൻ | 01-04-2017 മുതൽ 15-12-2017 വരെ |
| | ശ്രീ. ടി.എസ്. ചന്ദ്രൻ | 16-12-2017 മുതൽ 31-03-2018 വരെ. |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | ശ്രീ. കെ.ജി. തിലകൻ | 01-04-2017 മുതൽ 19-07-2017 FN വരെ |
| | ശ്രീമതി. എം.കെ. ഉഷ | 19-07-2017 AN മുതൽ 31-03-2018 വരെ. |
| ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | ശ്രീമതി. സി.കെ. കുമാരി | 01-04-2017 മുതൽ 31-03-2018 വരെ. |
| ജില്ലാ വനിതാ ക്ഷേമ ഓഫീസർ | ശ്രീമതി. മിനി. എം | 01-04-2017 മുതൽ 31-03-2018 വരെ. |

| | | |
|---|---|---|
| പ്രോഗ്രാം ഓഫീസർ, ജില്ലാ ശിശുക്ഷേമം | ശ്രീമതി. ചിത്രലേഖ. കെ.കെ. | 01-04-2017 മുതൽ 31-03-2018 വരെ. |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ. | ശ്രീ. പി. അബ്ദുൾ മജീദ്. | 01-04-2017 31-03-2018 |
| സാമൂഹ്യ നീതി ഓഫീസർ (സാമൂഹ്യക്ഷേമം) | ശ്രീമതി. എസ്. സുലക്ഷണ | 01-04-2017മുതൽ 31-03-2018 വരെ. |
| ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | ശ്രീമതി. മറിയമ്മ. കെ. ജോർജ്ജ് | 01-04-2017 മുതൽ 26-07-2017 വരെ |
| | ശ്രീമതി. സിന്ധു. പി.ഡി. | 27-07-2017 മുതൽ 31-03-2018 വരെ |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, മണ്ണുത്തി. | ശ്രീ. ഷെരീഫ്. കെ.ഐ. | 01-04-2017 മുതൽ 31-03-2018 വരെ. |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, നടവരമ്പ്, ഇരിങ്ങാലക്കുട. | ശ്രീ. ജഷി. പി. | 01-04-2017മുതൽ 31-03-2018 വരെ. |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, കോടശ്ശേരി | ശ്രീ. ജഷി. പി. | 01-04-2017 മുതൽ 13-12-2017 വരെ |
| | ശ്രീമതി. അനിത ജെയിംസ് | 14-12-2017 മുതൽ 31-03-2018 വരെ |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പാണഞ്ചേരി. | ശ്രീമതി. സിജി ആന്റണി. | 01-04-2017 മുതൽ 30-05-2017 വരെ. |
| | ശ്രീമതി. നിമ്മി ജോസ് | 31-05-2017 മുതൽ 31-03-2018 വരെ. |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | ശ്രീമതി. സുനിത ജോസഫ് | 01-04-2017 മുതൽ 31-03-2018 വരെ. |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | ശ്രീമതി. ഷൈനി ജേക്കബ് | 01-04-2017 മുതൽ 31-03-2018 വരെ |
| സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര | ശ്രീ. രഘുകുമാർ. കെ | 01-04-2017 മുതൽ 31-03-2018 വരെ. |
| സൂപ്രണ്ട്, തെങ്ങിൻ തൈ നഴ്സറി, ഇരിങ്ങാലക്കുട | ശ്രീമതി. റാണി. എസ്.കെ. | 01-04-2017 മുതൽ 28-06-2017 വരെ |
| | ശ്രീമതി. മീന കോശി | 29-06-2017 മുതൽ 31-03-2018 വരെ. |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ, | ശ്രീ. പി.എൻ. | 01-04- |

| | | |
|---|---|---|
| | വിജയൻ | 2017മുതൽ 31-01-2018 വരെ. |
| | ശ്രീമതി. എ. കല (ഇൻ ചാർജ്ജ്) | 01-02-2018 മുതൽ 31-03-2018 വരെ |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ (യൂത്ത് പ്രോഗ്രാം) | ശ്രീമതി. ജോളി.സി.ജെ. | 01-04-2017 മുതൽ 21-08-2017 വരെ |
| | ശ്രീമതി. കെ.ഐ. സബിദ. | 22-08-2017 മുതൽ 31-03-2018 വരെ. |
| സീനിയർ വെറ്ററിനറി സർജ്ജൻ, പന്നിവളർത്തൽ യൂണിറ്റ്, കുന്ദംകുളം | ഡോ. കെ. അനിൽകുമാർ | 01-04-2017 മുതൽ 31-03-2018 വരെ. |
| ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. എം.ജി. ശ്യാമള | 01-04-2017 മുതൽ 31-03-2018 വരെ. |
| സൂപ്രണ്ട്/ഡി.എം.ഒ. (ഹോമിയോ) | ഡോ. എച്ച്. ബാലസുബ്രഹ്മണ്യൻ | 01-04-2017മുതൽ 15-06-2017 വരെ |
| | ഡോ. ലതിക | 16-06-02017 മുതൽ 31-03-2018 വരെ |
| ഡി.എം.ഒ. (അലോപ്പതി) | ഡോ. സുഹിത. കെ. | 01-04-2017 മുതൽ 02-04-2017 വരെ. |
| | ഡോ. ബേബി ലക്ഷ്മി. കെ.ആർ. | 03-04-2017 മുതൽ 30-04-2017 വരെ. |
| | ഡോ. സുഹിത. കെ. | 01-05-2017 മുതൽ 31-03-2018 വരെ. |
| ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിൽസാ വകുപ്പ് | ഡോ. ഷീല കാറളം | 01-04-2017 മുതൽ 31-03-2018 വരെ. |
| ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | ശ്രീമതി. മിനി രവീന്ദ്രദാസ് | 01-04-2017 മുതൽ 31-03-2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക; പരിശോധനാ വിവരം | 1-3 |
| | | |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | വിവിധ ഫാമുകളിലെ പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 14 | ഫാമുകളിൽ ഇൻവോയ്സ് പ്രകാരം വരുന്ന തുക കൃത്യമായി അക്കൗണ്ട് ചെയ്യാൻ ക്രമീകരണമില്ല | 2-2 |
| 15 | ഫാമുകൾക്ക് കുടിശ്ശികയായി ലഭിക്കാനുള്ള തുകകൾ | 2-3 |
| 16 | പഴയന്നൂർ സീഡ് ഫാം: മുണ്ടകൻ നെൽ കൃഷിയുടെ വിളവ് വരവ് വെച്ചിട്ടില്ല | 2-4 |
| 17 | കൃഷി ഫാമുകളിലെ കായ്ഫലങ്ങൾ ലേലം ചെയ്യുന്നില്ല | 2-5 |
| 18 | നടവരമ്പ് ഫാമിലെ പാടശേഖരത്തിൽ നിന്നുള്ള വൈക്കോൽ ലേലം : അപാകത സംബന്ധിച്ച് | 2-6 |
| 19 | ജില്ലാ മണ്ണ് പരിശോധനാ കേന്ദ്രം, പീച്ചി അക്വേറിയം എന്നിവയിൽ നിന്നും ജില്ലാ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല. | 2-7 |
| 20 | ലേലം സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 2-8 |
| 21 | കട പുഴകിയ തേക്ക മരം ലേലം ചെയ്തിട്ടില്ല | 2-9 |
| 22 | ആസ്തി രജിസ്റ്റർ പ്രകാരമുള്ള മരങ്ങൾ സീഡ് ഫാമുകളിൽ കാണുന്നില്ല | 2-10 |
| 23 | ഒല്ലൂർ ഹാച്ചറിയിലെ പ്രളയക്കെടുതി – നഷ്ടത്തുക ആവശ്യപ്പെടുന്നത് കരാറിന് വിരുദ്ധം | 2-11 |
| 24 | ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ ഒ.എഫ്.സി. കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിലെ അപാകതകൾ | 2-12 |
| 25 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കാലതാമസം | 2-13 |
| 26 | വാടക ഈടാക്കുന്നതിലെ അപാകതകൾ | 2-14 |
| 27 | കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ പുതുക്കൽ – രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടില്ല | 2-15 |

| | | |
|---|---|---|
| 28 | സ്വാഭിമാൻ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ | 2-16 |
| | ഭാഗം-3 | |
| 29 | 2017-18 വർഷത്തെ പദ്ധതി രൂപീകരണം, നിർവ്വഹണം: പോരായ്മകൾ – ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-1 |
| 30 | അഴീക്കോട് -മുനമ്പം ജങ്കാർ സർവ്വീസ് – ജില്ലാ പഞ്ചായത്തിന്റെ ബാധ്യത പെരുകുന്നു; – പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നില്ല | 3-2 |
| 31 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ : പദ്ധതി നിർവ്വഹണം – മോണിറ്ററിങ്ങ് കാര്യക്ഷമമല്ല | 3-3 |
| 32 | ഹൈടെക് പിഗ് ബ്രീഡിങ്ങ് യൂണിറ്റ് നിർമ്മാണം: പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കണം | 3-4 |
| 33 | കുന്ദംകുളം പന്നി വളർത്തൽ കേന്ദ്രം: വരുമാനത്തേക്കാൾ കൂടുതൽ ചെലവ് | 3-5 |
| 34 | വിജ്ഞാൻ സാഗർ പദ്ധതി വിഹിതം നൽകൽ- രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല | 3-6 |
| 35 | ഷീ പാഡ് പദ്ധതി - ആവശ്യകതയും പ്രായോഗികതയും കൃത്യമായി നിർണ്ണയിക്കപ്പെട്ടില്ല | 3-7 |
| 36 | മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി : നടത്തിപ്പിലെ അപാകതകൾ | 3-8 |
| 37 | പ്ലാസ്റ്റിക് മാലിന്യസംസ്കരണപ്ലാന്റ്- പദ്ധതി: അപാകതകൾ | 3-9 |
| 38 | പൂരം എക്സിബിഷൻ പവലിയൻ നിർമ്മാണം - കരാറുകാരന് അധിക തുക നൽകി | 3-10 |
| 39 | കുടുംബശ്രീ വനിതകൾക്ക് സ്ഥിരം സംഭരണ കേന്ദ്രം : കരാർ കാലാവധി കഴിഞ്ഞിട്ടും 5 ഡിവിഷനുകളിൽ പണി തുടങ്ങിയിട്ടില്ല | 3-11 |
| 40 | പദ്ധതി രൂപീകരണ നടപടിച്ചട്ടങ്ങൾ മറികടന്ന് മുൻകൂർ: നടപ്പിലാക്കാനാവാതെ ഉപേക്ഷിച്ചു | 3-12 |
| 41 | ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടില്ല | 3-13 |
| 42 | അപൂർണ്ണമായ ക്വട്ടേഷനുകൾ സ്വീകരിച്ച് കരാർ നൽകുന്നു | 3-14 |
| 43 | കലാകായിക സാംസ്കാരിക സമുച്ചയം പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ് | 3-15 |
| 44 | സ്വാഭിമാൻ പദ്ധതി അവശേഷിക്കുന്ന ഫണ്ട് വിനിയോഗിക്കാൻ തുടർനടപടി ആവശ്യം | 3-16 |
| 45 | എ ബി സി പ്രോഗ്രാം - അവലോകനം | 3-17 |
| 46 | സംയുക്ത പദ്ധതി-ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല | 3-18 |
| | | |

| | | |
|---|---|---|
| 47 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-19 |
| 48 | ജില്ലാ പഞ്ചായത്ത് ഹാച്ചറി നവീകരണം - സർവീസ് ചാർജ്ജ് അധികം നൽകി | 3-20 |
| 49 | വാഹനങ്ങളുടെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പുതുക്കിയിട്ടില്ല | 3-21 |
| 50 | അഡ്വാൻസ് തുക ക്രമീകരിക്കാത്തത് -തുടർനടപടി സ്വീകരിക്കണം | 3-22 |
| 51 | കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല - തുടർ നിരീക്ഷണമില്ല | 3-23 |
| 52 | കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികളും അവശ്യ ഉപകരണങ്ങളുടെ വാങ്ങലും - ചെലവു രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 3-24 |
| 53 | സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം പാണഞ്ചേരി കണ്ണാറ യൂണിറ്റിൽ മരംവീണ് തകർന്ന മേൽക്കൂര റിപ്പയറിങ്ങ് - അപാകതകൾ | 3-25 |
| 54 | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ദൈനംദിന ചെലവുകൾ - വൗച്ചറുകൾ ലഭ്യമാക്കിയില്ല | 3-26 |
| 55 | വിവിധ പാടശേഖരങ്ങളില പമ്പ് സെറ്റ് സ്ഥാപിക്കൽ - അപാകതകൾ | 3-27 |
| 56 | പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി - അപാകതകൾ | 3-28 |
| 57 | പൊതുമരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം - കാര്യക്ഷമതയില്ലായ്മ - ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-29 |
| 58 | പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല | 3-30 |
| 59 | പൊതുമരാമത്ത് മേഖല -പുതിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യക്ഷമമായ പുരോഗതിയില്ല | 3-31 |
| 60 | ജില്ല പഞ്ചായത്ത് പീച്ചിയിൽ നിർമ്മിച്ച അക്വേറിയത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം | 3-32 |
| 61 | മുളങ്ങ് കട്ടംകൃഷി - സ്റ്റോക്ക് ബിൽഡിംഗും ചുറ്റുമതിൽ നിർമ്മാണവും - പറപ്പൂക്കര ഗ്രാമപഞ്ചായത്ത് - അപാകതകൾ | 3-33 |
| 62 | മുരിയാട് ഗ്രാമപഞ്ചായത്ത് - ഹരിതശ്രീ കോൾ കർഷകസംഘം , മുള്ളങ്കായൽ പമ്പ് സെറ്റ് സ്ഥാപിക്കൽ, മോട്ടോർ ഷെഡ് മെയിന്റനൻസ് - വാർഡ് 17 (ഇരിങ്ങാലക്കുട ബ്ലോക്ക് ) - അപാകതകൾ | 3-34 |
| 63 | കുടിവെള്ള പദ്ധതികൾ - അപാകതകൾ | 3-35 |
| 64 | താന്ന്യം ഗ്രാമപഞ്ചായത്ത് - അമ്പലക്കടവ് റോഡ് റീ-ടാറിംഗ് - ഫൈനൽ ബില്ലിലെ | 3-36 |

| | | |
|---|---|---|
| | അപാകതകൾ | |
| 65 | റിടെൻഷൻ തുക പിടിക്കാതെ പാർട്ട്ബിൽ പേയ്മെന്റ് നടത്തുന്നു. | 3-37 |
| 66 | ചാഴൂർ ഗ്രാമപഞ്ചായത്തിലെ വെണ്ണീറായ്-തീണ്ടാട്ട് കോളനി കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ: പദ്ധതി ലക്ഷ്യം നേടിയില്ല. | 3-38 |
| 67 | പുലിപ്പാറ കുന്ന് കുടിവെള്ള പദ്ധതി. വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവു തുക 20 ലക്ഷം തടസ്സപ്പെടുത്തുന്നു. | 3-39 |
| 68 | പൊതുമരാമത്ത് പ്രവൃത്തികൾ കരാറിലേർപ്പെടുന്നതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കുന്നതിൽ കുറവ് - സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കണം. | 3-40 |
| 69 | പൊതു മരാമത്ത് പ്രവൃത്തികൾ-സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-41 |
| 70 | മണലൂർ ഗ്രാമപഞ്ചായത്ത് വഞ്ചിക്കടവ് കുടിവെള്ള പദ്ധതി - നാളിതുവരെ ആരംഭിച്ചിട്ടില്ല. | 3-42 |
| 71 | അധിക നിരക്കിൽ VAT ഈടാക്കി | 3-43 |
| 72 | വിട്ടുകിട്ടിയിട്ടില്ലാത്ത ഭൂമിയിൽ റോഡ് വികസനത്തിന് തുക ചെലവഴിച്ച | 3-44 |
| 73 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട 6 മീറ്റർ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണം - സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നില്ല | 3-45 |
| 74 | മര ഉരുപ്പടികളുടെ വാല്യുവേഷൻ ലഭിച്ചിട്ടും ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല | 3-46 |
| 75 | ജലസേചന പദ്ധതികൾ - ഗുണഭോക്തൃ വിഹിതം പിരിവ്, നിർവ്വഹണം, തുടർ പരിപാലനം - അപാകതകൾ | 3-47 |
| 76 | കോലോത്തുംപടി ഐക്കരക്കുന്ന് റോഡ് റീ-ടാറിങ്ങ് - ജില്ലാ പഞ്ചായത്ത് തീരുമാനം നമ്പർ 2(6) തിയ്യതി 28.06.17 - തുടർനടപടി സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല | 3-48 |
| 77 | ചേലക്കര ജില്ലാകൃഷിത്തോട്ടം : ആവശ്യപ്പെട്ട എല്ലാ രേഖകളും ഹാജരാക്കിയില്ല | 3-49 |
| | ഭാഗം-4 | |
| 78 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് : വിനിയോഗം | 4-1 |
| 79 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 80 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| | | |

| | | |
|---|---|---|
| 81 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 82 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 83 | ഓഡിറ്റ് റിക്കവറി | 4-6 |
| 84 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 85 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 86 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 87 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 88 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 89 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29-03-2017 തീയതിയിലെ 1/2017 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ (പരിഷ്കരിച്ച) ബജറ്റ് 07-03-2018 ലെ 07/2018 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹183,14,03,002/- രൂപയും പ്രതീക്ഷിത ചെലവ് ₹171,53,99,900/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 12-03-2019 |

## 1-3 വാർഷിക ധനകാര്യ പത്രക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 21-05-2019 & 22-05-2019 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 14,26,65,674 |
| വരവ് | ₹ 76,50,79,109 |
| ആകെ | ₹ 90,77,44,783 |
| ചെലവ് | ₹ 69,96,02,247 |
| നീക്കിയിരിപ്പ് | ₹ 20,81,42,536 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് AFS പ്രകാരം | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 460045000 | 460045000 | 323726236 | 136318764 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 220586000 | 220586000 | 157370972 | 63215028 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 4549000 | 4549000 | 3582946 | 966054 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 146180000 | 146180000 | 79861785 | 66318215 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 85065000 | 85065000 | 76684108 | 8380892 |
| സാക്ഷരത | | 4223 | 8787606 | 8791829 | 4497623 | 4294206 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | RMSA FUND | 6530816 | 36489000 | 43019816 | 283674 | 42736142 |
| | SGSY FUND | 488078 | 22593 | 510671 | 0 | 510671 |
| | SSA FUND | 12736231 | 517098 | 13253329 | 0 | 13253329 |
| | TOTAL SANITATION | 1531997 | 59259 | 1591256 | 0 | 1591256 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | JALASAMRAKSHANASAMITHY | 249843 | 9578 | 259421 | 0 | 259421 |
| | SWABHIMAN | 5131598 | 460338 | 5591936 | 0 | 5591936 |
| | SWABHIMAN PARPPIDA SAMITHY | 451156 | 17293 | 468449 | 0 | 468449 |
| | LITERACY | 0 | 0 | 0 | 0 | 0 |
| | KERALOLSAVAM | 19360 | 251915 | 271275 | 250000 | 21275 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 79901400000646 | -- | -- | --- | -- | --- |
| | ഗ്രാമ പഞ്ചായത്ത് | 0 | 18809000 | 18809000 | 200000 | 18609000 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 858 | 149,01,75,856 | 320 | 66,42,15,304 | 476 | 62 | 55.47 |

# 1-7 തൊഴിലുറപ്പ് പദ്ധതി

---ഇല്ല---

# 1-8 ക്ഷേമ പെൻഷനുകൾ

---ഇല്ല---

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-05-2019, 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് വരവ് ഒന്നും ഉണ്ടായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന സമയപരിധി പാലിച്ച് കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണങ്ങളുടെ കാര്യക്ഷമതയും പുരോഗതിയും ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജി.ഒ. (പി) 177/2006/ഫിൻ. തീയതി, 12-04-2016 അനുസരിച്ച് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന നിശ്ചിത ഫോറത്തിൽ ഒരു പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം ജില്ലാ പഞ്ചായത്ത് ഓരോ വർഷവും നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, ചെലവ് നടത്തിയതിന്റെ വിവരം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. പ്രോജക്ട് പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തീകരണ പത്രം (മാർഗ്ഗരേഖ ഖണ്ഡിക 14-8) തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പൂർത്തീകരണ പത്രം തയ്യാറാക്കുന്നില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് ക്രമീകരിച്ച വിവരം ചേർത്തിട്ടില്ല. ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ സൂക്ഷിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. ആഭ്യന്തര നിയന്ത്രണത്തിന്റെ മേല്പറഞ്ഞ വിധത്തിലുള്ള പോരായ്മകൾ പരിഹരിക്കപ്പെടുവാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-11-2018 മുതൽ 31-12-2018 വരെ | 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-01-2017 മുതൽ 02-03-2017 വരെ | 2017-18 | 09-04-2019 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) എ) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ "B-4(Grants and contribution for specific purposes)" പ്രകാരം പ്രത്യേകോദ്ദേശ്യത്തിന് ജില്ലാ പഞ്ചായത്ത് മാറ്റി വച്ച തുകകളുടെയും, പ്രത്യേകോദ്ദേശ്യത്തിനായി മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഗ്രാന്റ് തുകകളുടെയും 31/3/2018ൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകകളുടെ നീക്കിയിരിപ്പ് തുകകൾക്ക് തത്തുല്യമായി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ "B-17 (Cash and Bank Balances)" ൽ പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകളോ, ബാങ്ക് അക്കൗണ്ടിൽ തത്തുല്യമായ നീക്കിയിരിപ്പ് തുകകളോ കാണുന്നില്ല. തുകകൾ തനത് വരുമാനത്തിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ/ഗ്രാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ ( Grants & Contributions) | ബാലൻസ്ഷീറ്റ് B-17 ഷെഡ്യൂൾ |
|---|---|---|

| | | | (Cash and Bank Balances/ ഷെഡ്യൂൾ B-12 Investment) | |
|---|---|---|---|---|
| | ശീർഷകം | തുക | ശീർഷകം | തുക |
| 1. | 320100128-Centrally Sponsored Scheme-Rashtriya Madhyama Siksha Abhiyan | 4,27,36,142 | | |
| 2 | 320200301-Grants, Funds & Contribution for Specific purposes - Other than Development fund and state sponser | 3130012 | | |
| 5. | 320300199-Grants, Funds & Contribution for Specific purposes - Other than Government agencies | 3863227 | | |
| 6 | 320200323<br>Grant for Keralolsavam | 271275 | | 21275 |
| 7. | 320800101-Benefeciary Contribution | 4259968 | (തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അപ്രോപ്രിയേഷൻ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്) | |

ബി) മറിച്ച്, പ്രത്യേകോദ്ദേശ്യ പദ്ധതികൾക്ക് വേണ്ടി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ "B-17 (Cash and Bank Balances)"ൽ ബാങ്ക് നീക്കിയിരിപ്പ് ഉള്ള സംഗതികളിൽ "B-4, (Grants and contribution for specific purposes)" ഷെഡ്യൂളിൽ തത്തുല്യമായ പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ബാധ്യതയും കാണുന്നില്ല.

| ക്രമ നം. | ബാലൻസ്ഷീറ്റ് B-17 ഷെഡ്യൂൾ (Cash and Bank Balances) | | ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ ( Grants & Contributions) | |
|---|---|---|---|---|
| | ശീർഷകം | തുക | ശീർഷകം | തുക |
| 1. | 450210103-Canara bank-758 (SGSY) | 510671 | | |
| 2. | 450410101-Union Bank of India-9710 (Total Sanitation) | 15,91256 | | |
| 3. | 450610101-BOI (Jalasaramkshana samithi) | 2,59421 | ഇല്ല | |
| 4. | 450610102-BOI (Swabhiman) | 5591936 | | |
| 5. | 450610103-BOI (Swabhiman parpida samithi ) | 468449 | | |

2. വാർഷിക കണക്ക് പ്രകാരം സ്വാഭിമാൻ പദ്ധതിയിൽ 2 അക്കൗണ്ടുകളിലായി 60,60,385 രൂപ, SGSY അക്കൗണ്ടിൽ 5,10,671 രൂപ ജലസംരക്ഷണസമിതി അക്കൗണ്ടിൽ 2,49,843 രൂപ എന്നിങ്ങനെ നീക്കിയിരിപ്പുണ്ട്. വർഷങ്ങളായി ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 26.5.2011 ലെ സർക്കുലർ നം. 56725/LSGD പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് ബി 4 പട്ടിക പ്രകാരം ടി എസ് സി ഇനത്തിൽ 15,91,256 രൂപ, എസ് എസ് എ ഇനത്തിൽ 1,32,53,329 രൂപ , ആർ എം എസ് എ ഇനത്തിൽ 4,27,36,142 രൂപ,ജോയിന്റ് വെഞ്ചർ പ്രോജക്ട് (വില്ലേജ് പഞ്ചായത്ത്) ഇനത്തിൽ 1,86,09,000 രൂപ എന്നിങ്ങനെ വിവിധ ഇനങ്ങളിലായി 9,16,17,159 രൂപ, ഗുണഭോക്തൃ വിഹിതം 42,59,968 എന്നിങ്ങനെ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 1,50,000 രൂപ നീക്കിയിരിപ്പ് കാണുന്നു. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് , ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

5. കേരളോത്സവം വരവ് ചെലവ് നീക്കിയിരിപ്പ് കണക്കുകൾ പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. റീ കൺസീലിയേഷൻ നടത്തിയിട്ടില്ല.

6.നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ RP -47 ൽ ഉൾപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് B-18 ൽ നീക്കിയിരിപ്പിന്റെ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7. ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം ഹഡ്കോ ലോൺ ഇനത്തിൽ 4,08,410 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ ലോൺ രജിസ്റ്റർ, ലോൺ പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. ഫെസ്റ്റിവൽ അഡ്വാൻസ് - വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

9. ജില്ലാ പഞ്ചായത്ത് ഫാമുകളിൽ നിന്നുള്ള വരവുകൾ, മറ്റ് വിവിധ വരവുകൾ എന്നിവയുടെ ഡി സി ബി, RP -5 ( sale and hire charges -230029) ൽ വരുന്ന വരവു തുകകളുടെ ഡി സി ബി എന്നിവ തയ്യാറാക്കിയിട്ടില്ല.

10. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ വരവവുകൾ വാർഷിക കണക്കുമായി ( RP -7) പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | വാർഷിക കണക്കുപ്രകാരമുള്ള വരവ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് |
|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട് - ജനറൽ | 32,47,26,236 | 33,32,47,373 |
| ഡവലപ്പ്മെന്റ് ഫണ്ട് - എസ് സി പി | 15,73,70,972 | 16,55,48,926 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 7,98,61,785 | 9,84,04,808 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 7,66,84,108 | 6,07,43,836 |

11. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ 57,51,317 രൂപ ഉൾപ്പെടുന്നു. ആയതിന് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,രേഖപ്പെടുത്തലിന് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

12.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം 29,04,00,755 രൂപയാണ്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

13.ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കുകയോ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

14 വാർഷിക കണക്ക് I-17(a) പ്രകാരം 1,68,26,228 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതു പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

15വാർഷികകണക്ക് RP-10 പ്രകാരം ലാപ്സ്ഡ് ഡെപോസിറ്റ് ഇനത്തിൽ (ഇ.എം.ഡി) 50000രൂപയും ഡെപോസിറ്റ് ഫോർഫീറ്റഡ് ഇനത്തിൽ 18000 രൂപയും രേഖപെടുത്തിയിട്ടുണ്ട് എന്നാൽ ഡെപോസിറ്റ് രജിസ്റ്ററിൽ ഇതു സംബന്ധിച്ച രേഖപെടുത്തലുകൾ ഇല്ല.

16Capital Work in Progress എന്നയിനത്തിൽ B-11(a)യിൽ 15,91,32,961 രൂപ രേഖപെടുത്തിയിട്ടുണ്ട്. എന്നാൽ ഈ രേഖപെടുത്തലുകൾ പരിശോധിക്കുന്നതിന് വർക്ക് ബിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വിവിധ ഫാമുകളിലെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ ജില്ലാ പഞ്ചായത്തിന്റെ വിവിധ കൃഷി ഫാമുകളിലെ ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>പഴയന്നൂർ ഫാം</u>

1.ഫാം സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.

2.ഇൻവോയ്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

3.കൃഷി ഭവനുകൾക്ക് വിത്തുകൾ നൽകുന്നതിന് ആധാരമായ ഇൻവോയ്സുകളും, ഓരോ കൃഷി ഭവനും തിരിച്ചയക്കുന്ന ഇൻവോയ്സിന്റെ രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല.ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.പുതിയ വളങ്ങളുടെ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.ക്വട്ടേഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

6ഫാം പ്രൊഡ്യൂസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

7.നെഫ്റ്റ് മുഖേന വന്ന പണം കൃത്യമായി രസീത് ചെയ്യുന്നില്ല

8.ദൈനം ദിന ആവശ്യങ്ങൾക്ക് ജില്ലാപഞ്ചായത്ത് നൽകുന്ന തുക ചെലവഴിക്കുമ്പോൾ ആർക്കെല്ലാം എങ്ങനെ നൽകി (അക്കൗണ്ടിലേക്ക് ആണെങ്കിൽ ) എന്നത് സംബന്ധിച്ച് രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിക്കുന്നില്ല.

9.ഫാം ഒബ്സർവേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10.ഫാമിൽ രശീതി ചെയ്യുന്ന തുക വളരെ നാൾ കൈവശം വച്ചതിനു ശേഷമാണ് ഫാമിന്റെ അക്കൗണ്ടിൽ അടവാക്കുന്നത്.

<u>കോടശ്ശേരി ഫാം</u>

1.ഫാം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചെന്തെങ്ങ്(segragate) വിത്തുകളും, ഫാം പ്രൊഡ്യൂസ് രജിസ്റ്റർ പ്രകാരമുള്ള ചെന്തെങ്ങ്(segragate) വിത്തുകളും തമ്മിൽ വളരെ അന്തരം കാണുന്നു.ഫാം സ്റ്റാറ്റസ് റിപ്പോർട്ടിലും,ഫാം പ്രൊഡ്യൂസ് രജിസ്റ്ററിലും കാണുന്ന വിത്തുകളുടെ എണ്ണത്തിലുള്ള വ്യത്യാസം പരിശോധിയ്ക്കാൻ കഴിയുന്ന ഫാം ഒബ്സർവേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2.നെഫ്റ്റ് മുഖേന വന്ന പണം കൃത്യമായി രസീത് ചെയ്യുന്നില്ല.

3.കൃഷി ഭവനുകൾക്ക് വിത്തുകൾ നൽകുന്ന ഇൻവോയ്സുകളും,ഓരോ കൃഷി ഭവനും തിരിച്ചയക്കുന്ന ഇൻവോയ്സിന്റെ രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല.ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇരിങ്ങാലക്കുട നാളികേര വിത്തുൽപ്പാദന കേന്ദ്രം

1.മറ്റ് ബ്രാഞ്ചുകളിൽ നിന്നും പണം നെഫ്റ്റ് വഴി ഫാമിന്റെ അക്കൗണ്ടിലേയ്ക്ക് അയക്കുമ്പോൾ ബാങ്ക് inter branch fee എന്ന രീതിയിൽ 59/-രൂപ ഓരോ ട്രാൻസ്ഫറിനും ഈടാക്കുന്നു.കൃഷി ആവശ്യങ്ങൾക്കും,ഗവൺമെന്റിന്റെ പണമിടപാടായതിനാലും ഈ തുക ബാങ്ക് ഈടാക്കുന്നത് ശരിയായ നടപടിയല്ല. ബാങ്ക് തെറ്റായി ഈടാക്കിയിട്ടുള്ള മൊത്തം തുകയും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും ചട്ടപ്രകാരം എഴുതി സൂക്ഷിക്കേണ്ടതും, അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

# 2-2 ഫാമുകളിൽ ഇൻവോയ്സ് പ്രകാരം വരുന്ന തുക കൃത്യമായി അക്കൗണ്ട് ചെയ്യാൻ ക്രമീകരണമില്ല

ഫാമുകളിൽ നിന്നും ഇൻവോയ്സ് പ്രകാരം കൃഷിഭവനുകളിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും നൽകുന്ന സാധനങ്ങളുടെ തുക നെഫ്റ്റ് (NEFT) പ്രകാരമാണ് കൃഷിഭവനുകളും മറ്റു സ്ഥാപനങ്ങളും ഫാമുകളുടെ അക്കൗണ്ടുകളിൽ അടവാക്കുന്നത്. എന്നാൽ ഈ അക്കൗണ്ടുകളിൽ അടവാക്കുന്ന തുക ഏത് സ്ഥാപനത്തിൽ നിന്നാണ് അടവാക്കിയതെന്ന് ഫാം ജീവനക്കാർക്ക് അറിയാൻ വേണ്ടുന്ന ക്രമീകരണമില്ല. ആയതിനാൽ വരവ് രജിസ്റ്ററുകളിൽ അക്കൗണ്ട് ചെയ്യാൻ സാധിക്കാതെ വൈകുന്ന അവസ്ഥയാണുള്ളത്. നെഫ്റ്റ് വഴി തുക അടവാക്കുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ നിന്നും ഫാമുകളിലേക്ക് ഇൻവോയ്സ് പ്രകാരമുള്ള അറിയിപ്പ് നൽകുവാൻ നിർദ്ദേശിക്കേണ്ടതാണ്.

# 2-3 വിവിധ സ്ഥാപനങ്ങളിൽ നിന്നും ഫാമുകൾക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളുടെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നായി കുടിശ്ശിക ഇനത്തിൽ തുക ലഭിക്കാനുള്ളതായി കാണുന്നു. 01.04.2017 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ ചില ഫാമുകൾക്ക് ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

എ – മണ്ണുത്തി

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 35/17-18 | 20.05.17 | 1100 | കൃഷിഭവൻ എടത്തിരുത്തി |
| 2 | 36/17-18 | 20.05.17 | 1100 | കൃഷിഭവൻ എടവിലങ്ങ് |
| 3 | 196/17-18 | 27.10.17 | 400 | കൃഷിഭവൻ മണലൂർ |
| 4 | 200/17-18 | 06.11.17 | 30900 | കൃഷിഭവൻ മാടക്കത്തറ |
| 5 | 202/17-18 | 09.11.17 | 11500 | കൃഷിഭവൻ ഇരിങ്ങാലക്കുട |
| 6. | 203/17-18 | 09.11.17 | 17250 | കൃഷിഭവൻ മുരിയാട് |
| 7 | 204/17-18 | 09.11.17 | 11700 | കൃഷിഭവൻ കറുകുറ്റി |
| 8. | 205/17-18 | 18.11.17 | 3600 | SAO,SSF നടവരമ്പ് |
| 9. | 209/17-18 | 30.11.17 | 200 | PAO തൃശ്ശൂർ |
| 10. | 214/17-18 | 09.01.18 | 25620 | കൃഷിഭവൻ വല്ലച്ചിറ |
| 11. | 9/17-18 | 26.03.18 | 20000 | കൃഷിഭവൻ വെള്ളാങ്ങല്ലൂർ |
| 12. | 10/17-18 | 26.03.18 | 20000 | കൃഷിഭവൻ പുത്തൻചിറ |
| 13. | 11/17-18 | 26.03.18 | 20000 | കൃഷിഭവൻ വേളൂക്കര |
| 14. | 12/17-18 | 26.03.18 | 20000 | കൃഷിഭവൻ പൂമംഗലം |
| 15. | 13/17-18 | 26.03.18 | 20000 | കൃഷിഭവൻ പടിയൂർ |
| | | | | |

| | | | | |
|---|---|---|---|---|
| | ആകെ | | 203370 | |

**ബി - പാണഞ്ചേരി**

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1. | 54/SSF/17-18 | 26-5-2017 | 1350 | കൃഷിഭവൻ ,എടത്തിരുത്തി |
| 2. | 122/MHF/17-18 | 12-12-2017 | 7500 | കൃഷിഭവൻ,പുന്നയൂർ |
| 3. | 97/SSF/17-18 | 01.12.17 | 900 | കറുകുറ്റി |
| 4. | 80/MHF/17-18 | 10.11.17 | 3750 | തലശ്ശേരി,കണ്ണൂർ |
| 5. | 90/MHF/17-18 | 08.12.17 | 450 | പാമ്പാടി,കോട്ടയം |
| | ആകെ | | 13950 | |

**സി - നടവരമ്പ്**

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 3/17-18 | 24.06.17 | 2400 | SSF പാണഞ്ചേരി |
| 2 | 4/17-18 | 21.07.17 | 7200 | ADA,ചേർപ്പ് |
| 3 | 5/17-18 | 28.07.17 | 13200 | കൃഷിഭവൻ വെള്ളാങ്ങല്ലൂർ |
| 4 | 6/17-18 | 28.07.17 | 13200 | കൃഷിഭവൻ വേളൂക്കര |
| 5 | 7/17-18 | 28.07.17 | 13200 | കൃഷിഭവൻ പടിയൂർ |
| 6 | 8/17-18 | 28.07.17 | 13200 | കൃഷിഭവൻ പൂമംഗലം |
| 7 | 9/17-18 | 28.07.17 | 13200 | കൃഷിഭവൻ പുത്തൻചിറ |
| 8 | 10/17-18 | 28.07.17 | 2000 | ADA കൊടകര |
| 9 | 11/17-18 | 8.08.17 | 22000 | കൃഷിഭവൻ മാള |
| 10 | 12/17-18 | 15.09.17 | 22000 | കൃഷിഭവൻ ആളൂർ |
| 11 | 13/17-18 | 15.09.17 | 11000 | കൃഷിഭവൻ കൊടുങ്ങല്ലൂർ |
| 12 | 14/17-18 | 16.09.17 | 11000 | കൃഷിഭവൻ മേത്തല |
| 13 | 15/17-18 | 16.09.17 | 10000 | കൃഷിഭവൻ കുഴൂർ |
| 14 | 16/17-18 | 27.09.17 | 12000 | കൃഷിഭവൻ ഒല്ലൂർ |
| 15 | 17/17-18 | 27.09.17 | 27600 | കൃഷിഭവൻ നടത്തറ |
| 16 | 18/17-18 | 27.09.17 | 12000 | കൃഷിഭവൻ പുത്തൂർ |
| 17 | 19/17-18 | 27.09.17 | 2400 | കൃഷിഭവൻ ഒല്ലൂക്കര |
| 18 | 20/17-18 | 27.09.17 | 6000 | കൃഷിഭവൻ ചൂർക്കഞ്ചേരി |
| 19 | 21/17-18 | 27.09.17 | 6480 | കൃഷിഭവൻ മാടക്കത്തറ |
| 20 | 22/17-18 | 23.10.17 | 268500 | കൃഷിഭവൻ തണ്ണീർമുക്കം |
| 21 | 23/17-18 | 16.11.17 | 8800 | കൃഷിഭവൻ കൈപ്പമംഗലം |
| 22 | 24/17-18 | 20.11.17 | 62500 | കൃഷിഭവൻ പൊയ്യ |
| 23 | 25/17-18 | 13.12.17 | 7500 | കൃഷിഭവൻ ഏഴിക്കര |
| 24 | 26/17-18 | 06.12.17 | 99999 | കൃഷിഭവൻ കാറളം |
| 25. | 27/17-18 | 15.12.17 | 10000 | കൃഷിഭവൻ മാള |
| 26. | 28/17-18 | 15.12.17 | 10000 | കൃഷിഭവൻ ആളൂർ |
| 27. | 29/17-18 | 15.12.17 | 10000 | കൃഷിഭവൻ കുഴൂർ |
| 28. | 30/17-18 | 19.12.17 | 10000 | കൃഷിഭവൻ കൊടുങ്ങല്ലൂർ |
| 29. | 31/17-18 | 19.12.17 | 10000 | കൃഷിഭവൻ അന്നമനട |
| | | | | |

| | | | | |
|---|---|---|---|---|
| 30. | 32/17-18 | 19.12.17 | 10000 | കൃഷിഭവൻ പൊയ്യ |
| | ആകെ | | 727379 | |

**ഡി-പഴയന്നൂർ**

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 7. | 12/17-18 | 23.01.18 | 240000 (4000x6) | **കൃഷിഭവൻ** അയ്യന്തോൾ, കുർക്കഞ്ചേരി, ഒല്ലൂർ, ഒല്ലൂക്കര വിൽവട്ടം, തൃശ്ശൂർ(AFO) |
| | ആകെ | | 240000 | |

**ഇ - ചേലക്കര**

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1. | 117/17-18 | 01.11.17 | 3650 | SSF നടവരമ്പ് |
| 2. | 118/17-18 | 29.11.17 | 7080 | DAO TSR(SHM) |
| 3. | 119/17-18 | 30.11.17 | 20000 | കൃഷിഭവൻ കടങ്ങോട് |
| 4. | 120/17-18 | 09.11.17 | 600 | SAO നടവരമ്പ് |
| 5. | 121/17-18 | 05.01.18 | 140000 | കുടുംബശ്രീ മിഷൻ കോർഡിനേറ്റർ |
| | ആകെ | | 171330 | |

**എഫ് - ഇരിങ്ങാലക്കുട(കോക്കനട്ട് നഴ്സറി)**

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക | സ്ഥാപനം |
|---|---|---|---|
| 1. | 122/17-18 | 15050 | കൃഷിഭവൻ,മാടക്കത്തറ, തൃശ്ശൂർ |
| 2. | 186/17-18 | 3750 | കൃഷിഭവൻ.അരൂർ, ആലപ്പുഴ |
| 3. | 187/17-18 | 15000 | കൃഷിഭവൻ,വയലാർ,ആലപ്പുഴ |
| 4. | 218A/17-18 | 4375 | കൃഷിഭവൻ,എടവിലങ്ങ്, തൃശ്ശൂർ |
| 5. | 220/17-18 | 8750 | കൃഷിഭവൻ,കുത്തനൂർ,പാലക്കാട് |
| 6. | 221/17-18 | 4375 | കൃഷിഭവൻ,കോട്ടായി,പാലക്കാട് |
| 7. | 228/17-18 | 200000 | ആകെ 246600/-രൂപയിൽ 122500/-രൂപ രശീതി 20/892 തി 18/03/2019 പ്രകാരം അടവാക്കി.ബാക്കി 124100/-രൂപ അടവാക്കാനുണ്ട് |
| 8. | 229A/17-18 | 1100 | |
| 9. | 229B/17-18 | 500 | |
| 10 | 230/17-18 | 26250 | |
| 11 | 231/17-18 | 18750 | |
| | ആകെ | 297900 | |

**ജി - എടത്തിരുത്തി**

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1. | 03/17-18 | 14.11.17 | 9000 | കൃഷിഭവൻ ചാഴൂർ |
| 2. | 07/17-18 | - | 66000 | കൃഷിഭവൻ മുരിയാട് |
| 3. | 08/17-18 | - | 100000 | കൃഷിഭവൻ ശ്രീനാരായണപുരം |
| 4. | 10/17-18 | 17.01.18 | 10500 | കൃഷിഭവൻ പടിയൂർ |

| | | | | |
|---|---|---|---|---|
| 5. | 11/17-18 | 17.01.18 | 10500 | കൃഷിഭവൻ പൂമംഗലം |
| 6. | 12/17-18 | 17.01.18 | 5250 | കൃഷിഭവൻ പുത്തൻചിറ |
| 7. | 13/17-18 | 17.01.18 | 5250 | കൃഷിഭവൻ വേളൂക്കര |
| 8. | 14/17-18 | 17.01.18 | 5250 | കൃഷിഭവൻ വെള്ളാങ്കല്ലൂർ |
| 9. | 16/17-18 | 30.01.18 | 3000 | കൃഷിഭവൻ കാട്ടൂർ |
| 10. | 17/17-18 | 29.01.18 | 5250 | കൃഷിഭവൻ കുഴൂർ |
| 11. | 18/17-18 | 31.01.18 | 160000 | കൃഷിഭവൻ ചാഴൂർ |
| | ആകെ | | 380000 | |

<u>എച്ച് - കോടശ്ശേരി</u>

<u>സ്റ്റേറ്റ് സീഡ് ഫാം,കോടശ്ശേരി</u>

| ക്രമ നമ്പർ | ഇഷ്യൂ തീയതി | ഇൻവോയ്സ് നമ്പർ | സ്ഥാപനം | ഐറ്റം | തുക |
|---|---|---|---|---|---|
| 1 | 25/04/2017 | 01/17-18 | അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ,ചാലക്കുടി | മഞ്ഞൾ വിത്തുകൾ | 4200 |
| 2 | 26/06/2017 | 03/17-18 | അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ, മറ്റത്തൂർ | നെൽവിത്ത് 6560 kg | 196800 |
| 3. | 04.11.17 | 26/17-18 | അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ, മറ്റത്തൂർ | നെൽവിത്ത് 1660 kg | 49800 |
| 4. | 21.11.17 | 28/17-18 | അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ,പെരിങ്ങോട്ടുകുറിശ്ശി,പാലക്കാട് | DxT coconut 105 | 5250 |
| 5. | 21.11.17 | 34/17-18 | അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ, കുഴൽമന്ദം, പാലക്കാട് | നാളികേരവിത്ത് | 5250 |
| 6. | 01.02.2018 | 45/17-18 | സീനിയർ അഗ്രികൾച്ചർ ഓഫീസർ, SSF എടത്തിരുത്തി | പടവലം വിത്ത് 1 ½ കിലോ | 2250 |
| 7. | 21/03/2018 | 46/17-18 | അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ,ചാലക്കുടി | നാളികേരവിത്ത് | 7500 |
| | | | ആകെ | | 271050 |

(എ മുതൽ എച്ച് കൂടി – ഒട്ടാകെ = 20,33,929.00 രൂപ

# 2-4 പഴയന്നൂർ സീഡ് ഫാം: മുണ്ടകൻ നെൽകൃഷിയുടെ വിളവ് വരവു വെച്ചിട്ടില്ല

പഴയന്നൂർ സീഡ് ഫാമിലെ 2016ലെ മുണ്ടകൻ നെൽകൃഷിയുടെ വിളവ് ഫാം ഹാർവെസ്റ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിലാണ് 2016ലെ മുണ്ടകൻ നെൽകൃഷിയുടെ വിളവ് ഫാം പ്രൊഡ്യൂസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിൽപ്പന നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 51(01/06/2019)ക്ക് നൽകിയ മറുപടിയിൽ നെൽകൃഷി നശിച്ചു പോയെന്നാണ് അറിയിച്ചത്.എന്നാൽ 8 ഹെക്ടറിലുള്ള നെൽകൃഷി നശിച്ചു പോയത് സ്ഥിരീകരിക്കുന്ന രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.മുൻ വർഷങ്ങളിലെ വിളവെടുപ്പ് താഴെ ചേർക്കുന്നു.

| | |
|---|---|
| 2014 വിരിപ്പ് | 15965 kg |
| 2014 മുണ്ടകൻ | 27569 kg |
| 2015 വിരിപ്പ് | 14058 kg |
| 2015മുണ്ടകൻ | 17645 kg |
| 2016 വിരിപ്പ് | 31560 kg |
| 2016 മുണ്ടകൻ | - |

(കിലോയ്ക്ക് 30/-രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്.) ആയതിനാൽ നെൽകൃഷി നശിച്ചു പോയത് സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിള ഇൻഷ്വർ ചെയ്തിട്ടില്ല. വിള

ഇൻഷ്വർ ചെയ്തിരുന്നെങ്കിൽ നെൽകൃഷി ചെയ്യുന്നതിന് ചെലവു വന്ന തുക ഇൻഷ്വറൻസായി ലഭിക്കുമായിരുന്നു. ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-5 ഫാമുകളിലെ കായ്ഫലങ്ങൾ ലേലം നടത്താത്തതു സംബന്ധിച്ച്

ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചപ്പോൾ ചേലക്കരയിലുള്ള സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ 724 തെങ്ങ്, 168 മാവ്, 106 പ്ലാവ്, 27 കവുങ്ങ് എന്നിവയും തൃശ്ശൂർ നഗരത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചറിന്റെ കാര്യാലയാങ്കണത്തിൽ 260 തെങ്ങ്, 180 കവുങ്ങ് എന്നിവയും ഉള്ളതായി കാണുന്നു. എന്നാൽ 01.04.2017 മുതൽ 31.03.2018 വരെയുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ പരിശോധിച്ചപ്പോൾ ചേലക്കരയിലുള്ള ഫാമിലെ കായ് ഫലങ്ങളുടെ ലേലത്തെക്കുറിച്ച് യാതൊരു തീരുമാനങ്ങളും കാണാൻ സാധിച്ചില്ല.

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചറിന്റെ കാര്യാലയത്തിലെ കായ്ഫലങ്ങളുടെ ലേലം 01.04.2017 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ നടത്തിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണം (38/2017-18 (തീയതി 14.02.18)) നൽകിയിരുന്നു. ആയതിനു നൽകിയ മറുപടിയിൽ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചറിന്റെ കാര്യാലയത്തിൽ ഓഡിറ്റ് എൻക്വയറിയിൽ പ്രതിപാദിച്ചപോലെ ഒന്നും തന്നെയില്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ചേലക്കര സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ കായ് ഫലങ്ങൾ ലേലം ചെയ്യേണ്ടതും, ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ ആ വിവരം കൂടി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

# 2-6 നടവരമ്പ് ഫാമിലെ പാടശേഖരത്തിൽ നിന്നും ശേഖരിച്ച വൈക്കോൽ ലേലം നടത്തിയതിലെ അപാകത സംബന്ധിച്ച്

നടവരമ്പ് ഫാമിന്റെ പാടശേഖരത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷം ലഭിച്ച (മെഷീൻ ഉപയോഗിച്ച് കൊയ്തത്) വൈക്കോലിന്റെ ലേലം 28.11.2017-ാം തിയ്യതിയിൽ നടത്തിയതായും ലേലത്തിൽ ഉയർന്ന ക്വട്ടേഷൻ സമർപ്പിച്ച (₹ 44000) കെ.കെ. ബാലൻ, കുടക്കര വീട്, മതിലകം എന്നയാൾക്ക് ലേലം ഉറപ്പിച്ചതായും ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊട്ടുതാഴെ "CANCELLED" എന്നെഴുതിയും കാണുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ പ്രസ്തുത ലേലം സംബന്ധിച്ച് സീനിയർ അഗ്രിക്കൾച്ചർ ഓഫീസർക്ക് അനുവാദം നൽകിയതിന്റെയോ, പുനർലേലം നടത്തിയതിന്റെയോ യാതൊരു തീരുമാനങ്ങളും ഇല്ല. ലേല ഡയറിയിൽ എത്ര അളവ് വൈക്കോൽ ഉണ്ടെന്നോ, വാല്യുവേഷൻ എടുത്തതിന്റെയോ വിവരങ്ങളൊന്നും കാണാൻ സാധിച്ചില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 37 നൽകിയെങ്കിലും (തിയ്യതി 14.02.18) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലേലം ക്യാൻസൽ ചെയ്ത നടപടിയും, പിന്നീട് പുനർ ലേലം ചെയ്യാതിരുന്നതിനെപ്പറ്റിയും വ്യക്തമായ വിശദീകരണം ആവശ്യമായ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 2-7 ജില്ലാ മണ്ണു പരിശോധനാ കേന്ദ്രം, പീച്ചി അക്വേറിയം എന്നിവയിൽ നിന്നും ജില്ലാ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല

(i) ജില്ലാ മണ്ണു പരിശോധനാ കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും യാതൊരു വരുമാനവും ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് 14.02.18 തിയ്യതിയിൽ ഓഡിറ്റ് അന്വേഷണം (38) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഈ സ്ഥാപനം മണ്ണു പരിശോധനയ്ക്കായി ജനങ്ങളിൽ നിന്നും പണം സ്വീകരിക്കുന്നുണ്ടോയെന്നും ജില്ലാ പഞ്ചായത്തിന്റെ രശീതികളാണോ ഉപയോഗിക്കുന്നതെന്നും ലഭിക്കുന്ന പണം നിക്ഷേപിക്കുന്നതെവിടെയാണെന്നും വ്യക്തമാക്കേണ്ടതാണ്.

(ii) പീച്ചി അക്വേറിയത്തിൽ നിന്നും ജില്ലാ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല,

10.07.2017ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 2(1) പ്രകാരം പീച്ചി അക്വേറിയം നടത്തിപ്പ് കാലാവധി കഴിഞ്ഞാൽ പട്ടികജാതി-പട്ടികവർഗ്ഗ റിസർവോയർ ഫിഷറീസ് സഹകരണ സംഘത്തിന് തുടർന്നും ആറുമാസത്തേക്ക് കൂടി നൽകാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ പീച്ചി അക്വേറിയത്തിൽ നിന്നും യാതൊരു വരുമാനവും ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇതു സംബന്ധിച്ച് 14.02.2018 തിയ്യതിയിൽ ഓഡിറ്റ് അന്വേഷണം (38) നൽകിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. അക്വേറിയത്തിന്റെ നടത്തിപ്പ് കരാറടിസ്ഥാനത്തിൽ നിശ്ചിത തുകയ്ക്കാണോ, അല്ലാത്തപക്ഷം തുകയൊന്നും ഈടാക്കാതെയാണോ എന്നുള്ള കാര്യം വ്യക്തമാക്കേണ്ടതാണ്.

# 2-8 ലേലം സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 22,07,361/-രൂപ ലേലം ഇനത്തിൽ വരവുണ്ട്. സ്കൂളുകളിലും, ഫാമുകളിലും നടത്തിയിട്ടുള്ള ലേലങ്ങൾ ഇതിൽ ഉൾപ്പെടുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലുകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി 45/31.5.19)

# 2-9 കടപുഴകിയ തേക്കുമരം ലേലം ചെയ്തിട്ടില്ല

16.02.2018 ൽ പാണഞ്ചേരി സീഡ് ഫാമിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഒരു വലിയ തേക്ക് മരം വീണു കിടക്കുന്നതായി കാണാൻ സാധിച്ചു. മരം വീണിരിക്കുന്ന കാര്യം ബന്ധപ്പെട്ടവർ ജില്ലാ പഞ്ചായത്തിൽ അറിയിച്ചിട്ടില്ല. ലേലം ചെയ്യുന്നതിനുള്ള യാതൊരു നടപടി ക്രമങ്ങളും സ്വീകരിച്ചിട്ടില്ല. മരം വീണിട്ട് ഏകദേശം ഒരു വർഷമായിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ള ഈ മരം ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് വാല്യുവേഷൻ നടത്തി അടിയന്തിരമായി ലേലം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

# 2-10 ആസ്തി രജിസ്റ്റർ പ്രകാരമുള്ള മരങ്ങൾ സീഡ് ഫാമുകളിൽ കാണുന്നില്ല

പാണഞ്ചേരി സീഡ് ഫാമിൽ 16.02.2018-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള 19 തേക്ക് മരങ്ങൾ കാണാൻ സാധിച്ചില്ല. നിലവിൽ ഫാമിൽ ഒരു തേക്കുമരവുമില്ല എന്നാണ് ഓഡിറ്റ് ടീമിന് നൽകിയ മറുപടി. പാണഞ്ചേരി സീഡ് ഫാമിൽ മരങ്ങളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതുപോലെതന്നെ ഫലവൃക്ഷാദികളുടെ വിളവെടുപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 2-11 ഒല്ലൂർ ഹാച്ചറിയിലെ പ്രളയക്കെടുതി: നഷ്ടത്തുക ആവശ്യപ്പെടുന്നത് കരാറിനു വിരുദ്ധം

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് ഒല്ലൂരിൽ സ്ഥിതി ചെയ്യുന്ന ഹാച്ചറി. ജനുവരി 2018 മുതൽ തൃശ്ശൂർ ഡിസ്ട്രിക്ട്അനിമൽ ഹസ്ബന്ററി എംപ്ളോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കാണ് ഇത് വാടകയ്ക്ക് നൽകിയിരിക്കുന്നത്. 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ഹാച്ചറിയിലെ സെറ്റർ, ഹാച്ചർ, ജനറേറ്റർ എന്നിവയിൽ വെള്ളം കയറിയതുമൂലം സർവ്വീസ് ചെയ്യേണ്ടി വന്നതിന് ചെലവായ 1,30,000 രൂപ ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് സൊസൈറ്റി രേഖാമൂലം ആവശ്യപ്പെട്ടിരുന്നു.പ്രസ്തുത സ്ഥാപനത്തിലെ നാശനഷ്ടം സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറോട് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

18/12/2017 ൽ ജില്ലാപഞ്ചായത്തും സൊസൈറ്റിയും തമ്മിൽ വാടകക്കരാർ വച്ചിരിക്കുന്നത് 1/2018 മുതൽ 3 വർഷത്തേയ്ക്കാണ്. ടി വാടകക്കരാറിന്റെ 5-ാം ഖണ്ഡികയിൽ മെഷിനറികൾക്ക് സംഭവിക്കുന്ന കേടുപാടുകൾ സൊസൈറ്റി തന്നെ സ്വന്തം ചെലവിൽ റിപ്പയർ ചെയ്ത് തീർത്ത് പ്രവർത്തന സജ്ജമാക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10ാം ഖണ്ഡികയിൽ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ജില്ലാപഞ്ചായത്തിനു ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.ടി സാഹചര്യത്തിൽ സൊസൈറ്റിക്കു നഷ്ടത്തുക നൽകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതു പുനപരിശോധിക്കേണ്ടതാണ്.

## 2-12 ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിലെ അപാകതകൾ

സംസ്ഥാന സർക്കാർ 15.9.2015 ലെ സ.ഉ(കൈ) നം 39/2015/വി.സ.വ ഉത്തരവു പ്രകാരം ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് റൈറ്റ് ഓഫ് വേ അനുമതി ആവശ്യമാണ്.RoW(Right of Way) അനുമതിക്കുവേണ്ടി one time contribution ആയി കി.മി റ്ററിന് 75,000/- രൂപ നിരക്കിൽ Director,Kerala State IT Mission പേരിൽ അടവാക്കേണ്ടതാണ്.വിവര സാങ്കേതിക വകുപ്പാണ് ടെലഫോൺ കമ്പനികൾക്ക് ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിനുള്ള RoW അനുമതി നൽകുന്നത്. ജില്ലാ പഞ്ചായത്ത് റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് (94211/- രൂപ) ഈടാക്കി DPT A3/452/17 ഉത്തരവു പ്രകാരം വോഡഫോണിന് കാരമുക്ക് മുതൽ അഞ്ചങ്ങാടി വരെയുള്ള റോഡിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വോഡഫോൺ വിവര സാങ്കേതിക വകുപ്പ് നൽകിയ അനുമതി (RoW) ഹാജരാക്കിയിരുന്നില്ല. ജില്ലാ പഞ്ചായത്ത് RoW അനുമതി എന്ന രീതിയിലാണ് വോഡഫോണുമായി കരാർ ചമച്ചിട്ടുള്ളത്.ജില്ലാ പഞ്ചായത്തിന്, കൈവശമുള്ള റോഡുകളിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് RoW അനുമതി നൽകുന്നതിന് അധികാരമില്ല.എന്നാൽ RoW(Right of Way)യുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തേണ്ടത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. അല്ലാത്ത പക്ഷം അത്തരം അപേക്ഷകൾ നിരസിക്കേണ്ടതുമാണ്.ആയതിനാൽ വോഡഫോൺ ടെലഫോൺ കമ്പനിയ്ക്ക് കാരമുക്ക് മുതൽ അഞ്ചങ്ങാടി വരെയുള്ള റോഡിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് RoW(Right of Way)അനുമതിയുണ്ടോയെന്ന് പരിശോധിക്കേണ്ടതും,ഇല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.എല്ലാ ടെലഫോൺ/മൊബൈൽ കമ്പനികളുടെ അപേക്ഷകളിലും, അപേക്ഷയിൽ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന റോഡിൽ , വിവരസാങ്കേതിക വകുപ്പ് നൽകുന്ന RoW(Right of Way) അനുമതിയുണ്ടോയെന്ന കാര്യം കൃത്യമായി പരിശോധിക്കേണ്ടതാണ്.

## 2-13 ഒപ്ടിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ: നടപടികളിൽ കാലതാമസം

1. എ3/1159/18 തി.17/02/2018 പ്രകാരം റിലയൻസ് ജിയോ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷയിൽ ചെറിയപാലം ജംഗ്ഷൻ മുതൽ ശ്രീനാരായണ ഹാൾ(പനംകുളം) വരെയുള്ള 1.25 കി.മി ദൂരം ഒ.എഫ്.സി സ്ഥാപിക്കുന്നതിനാണ് അനുവാദം ആവശ്യപ്പെട്ടിട്ടുള്ളത്.21/2/2018-ാം തിയ്യതിയിലെ കത്ത് നം. എ3/1159/18 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി എക്സിക്യൂട്ടീവ് എഞ്ചിനിയറോട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.21/2/2018 ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച ഫയലിൽ നാളിതു വരെയും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് 16/05/2019-ാം തിയ്യതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4-ന് ലഭ്യമാക്കിയ മറുപടിയിൽ ഈ ഫയൽ ചേർപ്പ് ഗ്രാമ പഞ്ചായത്തിന് കൈമാറിയെന്നും നാളിതു വരെയായി മറുപടി ലഭിച്ചില്ലായെന്നും,ഗ്രാമ പഞ്ചായത്തിൽ അന്വേഷിച്ചതിൽ നിന്നും ഈ റോഡ് ജില്ലാ പഞ്ചായത്തിന്റെയാണോ, പി.ഡബ്ല്യു.ഡിയുടെയാണോയെന്ന സംശയം നിലനിൽക്കുന്നതിനാൽ എസ്റ്റിമേറ്റ് എടുത്തിട്ടില്ല എന്നുമാണ് പറയുന്നത്. പ്രസ്തുത വിവരം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് യാതൊരു വിവരവും ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് ചേർപ്പ് ഗ്രാമപഞ്ചായത്ത് ജില്ലാ പഞ്ചായത്തിലേക്ക് നൽകിയ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. നിലവിൽ ഈ റോഡിൽ ഒ.എഫ്.സി സ്ഥാപിച്ചിട്ടുണ്ടോയെന്നതിൽ ജില്ലപഞ്ചായത്തിന് വ്യക്തതയില്ല. അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള റോഡ് റോഡ് ജില്ലാ പഞ്ചായത്തിന്റെതാണോയെന്ന് പരിശോധിക്കേണ്ടതും, അനധികൃതമായി ഒ.എഫ്.സി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. എ3/2892/17 തി.16/03/2017 പ്രകാരം റിലയൻസ് ജിയോ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷയിൽ മാളയിലെ പോസ്റ്റോഫീസ് റോഡിനടുത്തുള്ള Rcom ടവർ മുതൽ പോസ്റ്റോഫീസ് ജംഗ്ഷൻ വരെയുള്ള 150മീറ്റർ ദൂരമാണ് ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടിട്ടുള്ളത്.05/04/2017-ാം തിയ്യതിയിലെ കത്ത് നം. എ3/2892/17 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി എക്സിക്യൂട്ടീവ് എഞ്ചിനിയറോട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.05/04/2017 ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച ഫയലിൽ നാളിതു വരെയും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് 16/05/2019-ാം തിയ്യതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4-ന്, ഈ ഫയൽ ചേർപ്പ് ഗ്രാമ പഞ്ചായത്തിന് കൈമാറിയെന്നും നാളിതു വരെയായി മറുപടി ലഭിച്ചില്ലായെന്നും,ഗ്രാമ പഞ്ചായത്തിൽ അന്വേഷിച്ചതിൽ നിന്നും ഈ പദ്ധതി റിലയൻസ് ഡ്രോപ്പ് ചെയ്തെന്നുമാണ് മറുപടി നൽകിയത്.

05/04/2017-ാം തിയ്യതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച ഫയലിൽ നാളിതു വരെയും നടപടികളൊന്നും എടുത്തിട്ടില്ല. ഈ പദ്ധതി റിലയൻസ് ഡ്രോപ്പ് ചെയ്ത് വിവരം ജില്ലാ പഞ്ചായത്തിനെ അറിയിച്ച യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ റോഡുകളിൽ അനധികൃതമായി ഒ.എഫ്.സി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-14 വാടക ഈടാക്കുന്നതിലെ അപാകതകൾ

1) ആസ്തികളിൽ നിന്നും സമയബന്ധിതമായി വാടക പിരിച്ചെടുക്കുന്നില്ല

വാടകയ്ക്ക് നൽകപ്പെടുന്ന ജില്ലാപഞ്ചായത്ത് ആസ്തികളിൽ നിന്നും സമയബന്ധിതമായി വാടക പിരിച്ചെടുക്കുന്നില്ല. വാടക സംബന്ധിച്ച് നിലിവലുള്ള നിയമാവലിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ഭരണ സമിതി അംഗീകരിച്ച ബൈലോയിൽ വാർഷിക വർദ്ധനവ് സംബന്ധിച്ച് കൃത്യമായ നിർദ്ദേശം ഇല്ല. കരാർ വച്ച സമയത്തെ അതേ തുക തന്നെയാണ് വാടകയായി സ്വീകരിക്കുന്നത്. മുറികൾ പരമാവധി 3 വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് പരസ്യ ലേലം മുഖേനയാണ് വാടകയ്ക്ക് നൽകേണ്ടത് എന്നാണ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ബൈലോയിലെ 11-ാം ഖണ്ഡികയിൽ നിർദ്ദേശം ഉള്ളത്. എന്നാൽ ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിലെ കടമുറികൾ കരാർ പ്രകാരം 10 വർഷത്തേക്കാണ് വാടകക്ക് നൽകിയിരിക്കുന്നത്. ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിലെ കടമുറികളുടെ കൈവശക്കാരായ ബാലചന്ദ്രൻ, ഹേമലത ബാലചന്ദ്രൻ എന്നിവർ വാടക കുടിശ്ശിക ഇനത്തിൽ യഥാക്രമം 234512/- രൂപയും 156064/- രൂപയും ഒടുക്കുവാനുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. വാടക കുടിശ്ശിക തുകയിൽ 1,00,000/- രൂപ വീതം 31.03.18-ന് രശീതി നമ്പർ 117060500110, 117060500111 പ്രകാരം അടവാക്കിയിട്ടുണ്ട്. ബാക്കി തുക അടവാക്കുന്നതിന് സാവകാശം ചോദിച്ചു കൊണ്ട് വാടകക്കാർ 31.03.2018-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ഇടക്കാല റിപ്പോർട്ടിനുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമാവലിക്കു വിരുദ്ധമായി ദീർഘകാലത്തേക്ക് കരാർ വെച്ച് വാടകക്കു നൽകുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായ ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതാണ്.

2) വാടക പിരിച്ചെടുക്കുന്നതിലെ വീഴ്ച – ജില്ലാ പഞ്ചായത്തിന്റെ നഷ്ടം കണക്കാക്കി ഈടാക്കണം

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഒല്ലൂർ ഹാച്ചറി കാട വളർത്തൽ സൊസൈറ്റിക്ക് 2003 മുതൽ വാടകയ്ക്ക് നൽകിയിരുന്നു. മൂന്നു വർഷത്തിലൊരിക്കൽ കരാർ പുതുക്കി ടി സ്ഥാപനം ഹാച്ചറി നടത്തിയിരുന്നു. എന്നാൽ 2012 നവംബർ 1-നു ശേഷം കരാർ പുതുക്കാതേയും 2011 ആഗസ്റ്റ് മുതലുള്ള വാടക അടവാക്കാതേയും ടി സ്ഥാപനം 2014 ഒക്ടോബർ വരെ പ്രവർത്തിച്ചതായി കാണുന്നു.

ഹാച്ചറിയിലെ യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ ഇവ അടിയന്തിരമായി പുന:സ്ഥാപിക്കാൻ ആവശ്യപ്പെട്ട് കാട വളർത്തൽ സൊസൈറ്റി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിരുന്നെങ്കിലും ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചില്ല. അതേ സമയം കുടിശ്ശിക വരുത്തിയ കാലയളവിലെ വാടക അടവാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സൊസൈറ്റി ഫയൽ ചെയ്ത WPC 20178 of 2015, തിയതി. 06.07.15 കേസിൽ തുടർ നടപടി സ്വീകരിക്കാതിരുന്നതിനാൽ കാട വളർത്തൽ സൊസൈറ്റി 2016-ൽ CC © 1570 of 2016 (s) ആയി കോടതിയലക്ഷ്യക്കേസ് ഫയൽ ചെയ്തു.

കുടിശ്ശിക ഒഴിവാക്കുന്ന കാര്യത്തിൽ സൊസൈറ്റിയുടെ അപേക്ഷ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കാൻ കോടതി ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിച്ച് കേസ് തീർപ്പാക്കി. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിന് ലഭിച്ച നിയമോപദേശ പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243 പ്രകാരം കുടിശ്ശിക കാലഹരണപ്പെട്ടതിനാൽ തിരിച്ചെടുക്കാൻ സാധിക്കുകയില്ലായെന്ന് കാണുന്നു.

സൊസൈറ്റിയിൽ നിന്നും 2011 ആഗസ്റ്റ് മുതൽ 2014 ഒക്ടോബർ വരെ ഈടാക്കേണ്ടിയിരുന്ന വാടക സമയബന്ധിതമായി പിരിച്ചെടുക്കാതിരുന്നതു മൂലം നിലവിൽ വാടക കുടിശ്ശിക കാലഹരപ്പെട്ട സാഹചര്യത്തിൽ ഇക്കാലയളവിലെ വാടകയിനത്തിൽ ജില്ലാ പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായതായി കാണുന്നു. വാടകക്കരാർ ഖണ്ഡിക 4 പ്രകാരം സൊസൈറ്റി അറ്റകുറ്റപ്പണികൾ സ്വന്തം ചെലവിൽ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിരിക്കെ അറ്റകുറ്റപ്പണി നടത്താത്തതു മൂലം വാടക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന സൊസൈറ്റിയുടെ വാദം അംഗീകരിക്കാവുന്നതല്ല. കേരള പഞ്ചായത്ത് രാജ് നിയമം 243(3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിനു കിട്ടേണ്ട തുക കാലഹരണപ്പെടാൻ ഇടയായാൽ ആയത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണെങ്കിൽ നഷ്ടത്തുക 12%

പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 63/17-18, 06.06.19-ന മറുപടി ലഭ്യമാക്കിയില്ല). ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 2-15 കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ പുതുക്കൽ: രജിസ്ട്രേഷൻ ഫീ ഈടാക്കിയില്ല.

ജി.ഒ.(എം.എസ്.)നം. 113/2013/പി.ഡബ്ല്യൂ.ഡി. തിയ്യതി 30.12.15 പ്രകാരം 31.03.17 വരെയുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് രജിസ്ട്രേഷൻ ഫീ ഈടാക്കേണ്ടയെന്നും 01.04.17 ന് ശേഷമുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് രജിസ്ട്രേഷൻ ഫീ ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ 01.04.17 മുതൽ 31.03.2020 വരെയുള്ള രജിസ്ട്രേഷൻ പുതുക്കി നൽകിയത് കരാറുകാരനിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാതെയാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 34 (തിയ്യതി 14.02.18) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. 01.04.17 മുതൽ 31.03.2020 വരെ രജിസ്ട്രേഷൻ പുതുക്കി നൽകിയ കോൺട്രാക്ടർമാരിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഇടക്കാല റിപ്പോർട്ടിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ ഫീസ് ഇതുവരെ അടക്കാത്തവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-16 സ്വാഭിമാൻ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ സ്വാഭിമാൻ പദ്ധതിയുടെ ഭാഗമായുള്ള വായ്പ തിരിച്ചടവ് ജില്ലാ പഞ്ചായത്തിന്റെ സ്വാഭിമാൻ അക്കൗണ്ടിലേക്ക് (A/c No. 855610110008125, BOI, Ayyanthole) വരവ് വയ്ക്കുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 49 തി.17.02.18) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. 31.03.2018 വരെയുള്ള വരവു ചെലവു കണക്കുകളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 2017-18 വർഷത്തെ പദ്ധതി രൂപീകരണം, നിർവ്വഹണം: പോരായ്മകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ

ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി (09.01.17-ലെ സ.ഉ.(എം.എസ്.)10/17 ത.സ്വ.ഭ.വ. ഉത്തരവ്) ആസൂത്രണ സമിതി, വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്ത് ഭരണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ആസൂത്രണ സമിതി 4 തവണ യോഗം ചേർന്നിട്ടുണ്ട്.

1) വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ നിയമാനുസൃത ലക്ഷ്യം കൈവരിച്ചിട്ടില്ല

ജില്ലാ പഞ്ചായത്തിന്റെ 14 വർക്കിങ്ങ് ഗ്രൂപ്പുകളും 22.02.17, 11.04.17 എന്നീ തിയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് 3 തവണ കൂടിയിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പിലെ കുറഞ്ഞ ഹാജർ 4-ഉം, കൂടിയത് 22-ഉം ആണ്. പ്രോജക്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിൽ രൂപപ്പെട്ട നിർദ്ദേശങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്തിമ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഓരോ സ്റ്റാന്റിങ്ങ് കമ്മിറ്റിയും വർക്കിങ്ങ് ഗ്രൂപ്പുകളെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, ഓരോ പ്രോജക്ടിന്റേയും യുക്തിഭദ്രത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിങ്ങ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പു വരുത്തുന്നതിനും, 29.03.17-ലെ സ.ഉ.(എം.എസ്.)72/17 ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

വികസന സെമിനാറിനു ശേഷം അന്തിമ പദ്ധതിക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി സ്റ്റാന്റിങ്ങ് കമ്മിറ്റി നിർദ്ദേശാനുസരണം വർക്കിങ്ങ് ഗ്രൂപ്പ് ചേർന്ന് കരട് പ്രോജക്ടുകളിൽ മേൽ 72/17 ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ പ്രോജക്ട് പരിശോധന നടത്തിയാണ് അന്തിമ പദ്ധതി രേഖ തയ്യാറാക്കേണ്ടതെങ്കിലും ഇത്തരം പ്രോജക്ട്തല

പരിശോധനകൾ വർക്കിങ്ങ് ഗ്രൂപ്പുകളിൽ നടത്തിയിട്ടില്ല. വികസന സെമിനാറിനു ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല. പ്രോജക്റ്റ് വിശദാംശങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നതിനും നാളിതുവരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി/തൽസ്ഥിതി/പോരായ്മകൾ എന്നിവയെ അപഗ്രഥിച്ച് പ്രോജക്ടുകളിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനുമായി സ്റ്റാറ്റസ് റിപ്പോർട്ടുകൾ വിഷയ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതി ആസൂത്രണത്തിനാവശ്യമായ സ്റ്റാറ്റസ് റിപ്പോർട്ടുകൾ സ്ഥാപനം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സ്റ്റാറ്റസ് റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പ്രോജക്ടുകളെ വിലയിരുത്താനോ പ്രോജക്ടുകളുടെ പ്രായോഗിക ക്ഷമത നിർണ്ണയിക്കുവാനോ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

3) ജില്ലാ സഭ

ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്കു തുല്യമായി ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്തംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് ജില്ലാസഭ. ആസൂത്രണ സമിതി മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും 12.05.17-ന് ജില്ലാസഭ യോഗം ചേർന്ന് 547 പദ്ധതികളുടെ ലിസ്റ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ ഭേദഗതി നിർദ്ദേശങ്ങൾ/ ബദൽ ശുപാർശകൾ എന്നിവ അംഗീകരിക്കുന്നതിനോ, നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനോ 12.05.17-നു ശേഷം ജില്ലാസഭ യോഗം ചേർന്നിട്ടില്ല.

4) സ്റ്റാന്റിങ്ങ് കമ്മിറ്റികൾ

29.03.17-ലെ ജി.ഒ. (എം.എസ്.)72/17 ത.സ്വ.ഭ.വ. ഉത്തരവ് അനുബന്ധം 3 പ്രകാരം പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ചുമതലകൾ എന്തെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ യഥാസമയം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങളും, ഇടപെടലുകളും നടത്തേണ്ടത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയാണ്. അതേസമയം മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികൾ അവരവരുടെ വിഷയ മേഖലയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുന്നതിനും, പ്രോജക്ടുകൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ പ്രോജക്ട് രൂപീകരണത്തിൽ മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല.

16.05.17-ലെ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 1(1) തീരുമാന പ്രകാരം 17-18-ലെ വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളിൽ നിന്നുള്ള കരട് പദ്ധതി രേഖ അംഗീകരിച്ച് ഭരണ സമിതിക്ക് ശുപാർശ ചെയ്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്നും പദ്ധതി രൂപീകരണ ശുപാർശകൾ/ നിർദ്ദേശങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ രേഖപ്പെടുത്തലുകൾ ഇല്ലായെന്നു കണ്ടു.

“17-18-ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സ്റ്റാന്റിങ്ങ് കമ്മിറ്റിയിലും ചർച്ചകളോ, നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ലാ”യെന്ന ജില്ലാ പഞ്ചായത്തംഗത്തിന്റെ ആക്ഷേപത്തിന് ഡിവിഷൻ മെമ്പർമാരുടെ നിർദ്ദേശങ്ങൾ കൂടി ലഭിച്ചതിനുശേഷം വാർഷിക പദ്ധതി അന്തിമമാക്കുന്നതാണെന്ന് 31.05.17-ലെ ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ മറുപടി നൽകിയതായി മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നു. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 17-18-ലെ വാർഷിക പദ്ധതി അംഗീകരിച്ച് ഡി.പി.സി.ക്ക് സമർപ്പിക്കേണ്ട അവസാന തിയതിയായ 31.05.17-ന് ചേർന്ന ഭരണസമിതി യോഗത്തിലാണ് മേൽപ്രകാരം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും പദ്ധതി രൂപീകരണത്തിൽ മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികളോ, വർക്കിങ്ങ് ഗ്രൂപ്പുകളോ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ലായെന്നത് വ്യക്തമാണ്. പദ്ധതി ആസൂത്രണത്തിലുള്ള ഇത്തരം പോരായ്മകൾ വളരെ ഗൗരവത്തോടെ വീക്ഷിക്കപ്പെടേണ്ടതുണ്ട്.

5) വികസന സെമിനാർ

19.05.17-ന് ടാഗോർ സെന്റിനറി ഹാൾ അരണാട്ടുകരയിൽ വച്ചു നടന്ന ജില്ലാപഞ്ചായത്തിന്റെ വികസന സെമിനാറിൽ 283 പേർ പങ്കെടുത്തു. ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖയിൻമേൽ വിവിധ വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രോജക്റ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി വർക്കിങ്ങ് ഗ്രൂപ്പ് പൊതുയോഗം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6) അന്തിമ പദ്ധതിരേഖ

ജില്ലാപഞ്ചായത്ത് അംഗീകരിച്ച അന്തിമ പദ്ധതിരേഖയിൽ ആകെ 825 പ്രോജക്റ്റുകൾ ഉൾപ്പെടുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | വകയിരുത്തിയ തുക |
|---|---|---|
| 15-16 മുതൽ സ്പിൽഓവർ | 309 | 38,28,26,703 |
| പുതിയ പദ്ധതികൾ | | |
| ജനറൽ | 336 | 105,10,88,385 |
| എസ്.സി.പി. | 105 | 20,40,33,503 |
| ടി.എസ്.പി. | 6 | 79,91,500 |
| ബഹുവർഷ പദ്ധതികൾ | 40 | 35,62,41,000 |
| സംയുക്ത പ്രോജക്റ്റുകൾ | 29 | 52,96,23,500 |
| | ---------- | -------------------- |
| **ആകെ** | **825** | **253,18,04,591** |

7) ജില്ലാ ആസൂത്രണ സമിതി അംഗീകാരം

ജില്ലാ പഞ്ചായത്ത് ഭരണസമിതി 31.05.17-ൽ 12-ാം നമ്പറായി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതി അന്നുതന്നെ ജില്ലാ ആസൂത്രണ സമിതി (DPC)ക്ക് അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും അനുയോജ്യതാ സാക്ഷ്യപത്രം, തനതു ഫണ്ട് സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ അംഗീകാരം ലഭിച്ചില്ല. തുടർന്ന് 13.06.17-ന് ചേർന്ന DPC 66/17/RO1/DPM നമ്പറായി പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകി. 2011-12 മുതൽ 2014-15 വരെ കാലയളവിൽ ആരംഭിച്ചതും സ്പിൽ ഓവറായി തുടർന്നിരുന്നതുമായ 75 പദ്ധതികളെ 07.06.17-ലെ സംസ്ഥാന വികസന ആസൂത്രണ സമിതി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2-2 തീരുമാനപ്രകാരം ഉൾപ്പെടുത്തി വാലിഡേഷൻ ക്രമീകരണം നടത്തി ഭേദഗതി വരുത്തിയ പ്രോജക്റ്റുകൾക്ക് 19.10.17-ന് DPC അംഗീകാരം നൽകി. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്റ്റ്, ഭേദഗതികൾ എന്നിവ അംഗീകരിക്കുന്നതിനായി 5 തവണ DPC-ക്ക് പ്രോജക്റ്റുകൾ സമർപ്പിച്ചിട്ടുണ്ട്. 17-18 വർഷത്തിൽ സ്പിൽഓവറായി 394 പദ്ധതികൾക്കും, പുതിയ 409 പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

8) പദ്ധതി നിർവ്വഹണം, കാര്യക്ഷമത

DPC അംഗീകാരം ലഭിച്ച പദ്ധതികളിൽ വിശദമായ പ്രോജക്റ്റ് വിശദാംശങ്ങൾ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥർക്കു വെറ്റിങ്ങ് പൂർത്തീകരിച്ച് അംഗീകാരം ലഭ്യമാക്കി ഭരണസമിതിയുടെ ധനകാര്യ അനുമതി ലഭിക്കുന്ന മുറക്ക് പദ്ധതി നിർവ്വഹണം നടത്തണമെന്നാണ് 72/17 ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇതുപ്രകാരം പ്രോജക്റ്റുകൾ അംഗീകാരത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നുവെങ്കിലും യഥാസമയം വെറ്റിങ്ങ് പൂർത്തിയാക്കി തിരികെ ലഭിച്ചിട്ടില്ല. ആയതിനാൽ DPC അംഗീകാരം ലഭിച്ചുവെങ്കിലും പദ്ധതി നിർവ്വഹണം യഥാസമയം ആരംഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്.

9) അംഗീകാരം ലഭിച്ച പദ്ധതികൾ

| ആകെ പദ്ധതികൾ | | കാലയളവ് | | | | |
|---|---|---|---|---|---|---|
| | | 30.09.17 നം. | 31.10.17 | 30.11.17 | 31.12.17 | 31.03.18 |
| സ്പിൽ ഓവർ | 389 | 389 | 389 | 389 | 389 | 394 |
| പുതിയത് | 443 | 160 | 283 | 337 | 363 | 409 |

ആദ്യ മൂന്ന് പാദവാർഷികത്തിലും 30% നിരക്കിൽ ചെലവ് ഉറപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ചെലവു ശതമാനം താഴെ കാണും പ്രകാരമാണ്.

| | വകയിരുത്തിയത് | 30/09/17 വരെ | | 31/12/17-ന് | % | 31.3.19 | % |
|---|---|---|---|---|---|---|---|
| പ്ലാൻ | 54,25,09,860 | 6,86,14,856 | 14.91% | 11,72,46,236 | | 32,37,26,236 | 59.6% |
| എസ്.സി.പി. | 31,10,06,000 | 2,70,03,581 | 12.24% | 3,05,53,046 | | 15,73,70,972 | 50.6% |
| ടി.എസ്.പി. | 80,48,772 | 6,55,703 | 14.41% | 6,55,703 | | 35,82,946 | 44.51% |
| എം.ജി. | 13,33,81,240 | 72,28,258 | 7.17% | 1,34,81,881 | 13.37 | 7,66,84,108 | 57.49% |

| | | | | | | | |
|---|---|---|---|---|---|---|---|
| (നോൺ റോഡ്) | | | | | | | |
| എം.ജി. (റോഡ്) | 25,55,44,938 | 2,59,96,709 | 11.07% | 3,01,51,147 | 12.84 | 7,98,61,785 | 31.25% |
| തനത് ഫണ്ട് | 4,39,51,549 | 15,64,392 | 3.86% | 1,71,80,895 | 39.00 | 2,20,47,132 | 50.16% |
| SSS,GP,BP, others | 19,57,33,497 | 0 | 0% | 1,42,900 | 0.62% | 9,42,125 | |
| Total | 1,49,01,75,856 | 13,10,63,499 | 10.11% | 20,94,11,808 | 16.16% | 66,42,15,304 | 44.57 |

സാമ്പത്തിക വർഷത്തെ മൂന്ന് പാദവർഷങ്ങൾക്കു ശേഷവും 16.16% മാത്രമേ ആകെ ചെലവഴിച്ചിട്ടുള്ളൂവെന്നത് പദ്ധതി പ്രവർത്തനം സമയനിഷ്ഠമല്ല എന്ന് വ്യക്തമാക്കുന്നു.

നിർവ്വഹണാനുമതി ലഭിച്ച പ്രോജക്ടുകളുടെ നടപ്പാക്കൽ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസക്തമായ വർക്കിങ്ങ് ഗ്രൂപ്പിന്റെ സഹായത്താൽ യാഥാർത്ഥ്യബോധത്തോടെയുള്ള നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടതും ഓരോ വർക്കിങ്ങ് ഗ്രൂപ്പിന്റെയും നിർവ്വഹണ കലണ്ടർ ക്രോഡീകരിച്ച് സ്ഥാപനതലത്തിൽ ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടതുമാണ്. ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ യഥാസമയം നടക്കുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതും, ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും 72/17 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

എന്നാൽ ജില്ലാപഞ്ചായത്തിന്റെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി നടപ്പാക്കുന്നതിന് നിശ്ചയിച്ച് 31.05.17 തിയതി വച്ച് DPC അംഗീകാരം നൽകിയ 832 പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി നിയമാനുസൃതം പരിശോധിച്ചത് സംബന്ധിച്ച രേഖകൾ ജില്ലാപഞ്ചായത്തിൽ ലഭ്യമല്ല. DPC അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി വെറ്റിങ്ങ് പൂർത്തീകരിക്കുകയോ നിർവ്വഹണം ആരംഭിക്കുകയോ ചെയ്യുന്നുണ്ടോയെന്നുള്ള സമയബന്ധിതമായ മോണിറ്ററിങ്ങ് നടന്നിട്ടില്ല. 17-18 വർഷത്തിൽ ഡി.പി.സി. അംഗീകരിച്ച 443 പുതിയ പ്രോജക്ടുകളിൽ 31.12.17 വരെ 363 പ്രോജക്ടുകൾക്ക് മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശോധന പൂർത്തിയാക്കി അംഗീകാരം നൽകിയിട്ടുള്ളൂ എന്നതിൽ നിന്നും ഇക്കാര്യത്തിലുള്ള ജില്ലാ പഞ്ചായത്തിന്റെ മോണിറ്ററിങ്ങിന്റെ അഭാവം വ്യക്തമാണ്. ഈ വിഷയത്തിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ 31.03.18 വരെയുള്ള പദ്ധതി ചെലവ് വിവരം കാണിക്കുന്ന പത്രിക</u>

| | സ്പിൽ ഓവർ | | | | പുതിയത് | | | |
|---|---|---|---|---|---|---|---|---|
| | എണ്ണം | വകയിരുത്തിയത് | ചെലവ് | % | എണ്ണം | വകയിരുത്തിയത് | ചെലവ് | % |
| സെക്രട്ടറി | 2 | 1179300 | 564930 | 47 | 36 | 289363103 | 185487946 | 64.1 |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | - | | | | 2 | 88982394 | 8194777 | 9.2 |
| സീ.അഗ്രി. ഓഫീസർ, SSF, പഴയന്നൂർ | 1 | 50000 | 50000 | 100 | | | | |
| അ.എക്സി.എഞ്ചി. (അഗ്രികൾച്ചർ) | 26 | 22661850 | 7807835 | 34.45 | 22 | 20165000 | 895549 | 144.41% |
| സീ.വെറ്ററിനറി സർജൻ, പിഗ് ബ്രീഡിങ്ങ് യൂണിറ്റ്, കുന്ദംകുളം | | | | | 2 | 3750000 | 1665578 | 44.41% |
| ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | | | | | 1 | 1206000 | 0 | 0 |
| ഡി.ഡി., മൃഗ സംരക്ഷണം | 1 | 20264000 | 0 | 0 | 6 | 6306862 | 4748136 | 75.28 |
| ഡി.ഡി., | | | | | 1 | 19310000 | 19310000 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഡയറീസ് | | | | | | | | |
| മാനേജർ, DIC | 1 | 4796240 | 3150159 | 65.67 | 1 | 1350000 | 600000 | 44.44 |
| പ്രോജക്ട് ഓഫീസർ, ഖാദി& വില്ലേജ് ഇൻഡസ്ട്രീസ് | | | | | 1 | 5690000 | 434263 | 7.63 |
| അസി. ഡെവ. കമ്മീഷണർ | | | | | 7 | 62300000 | 0 | 0 |
| ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | | | | | 1 | 700000 | 477000 | 68.14 |
| ജില്ലാ വനിതാ വികസന ഓഫീസർ | | | | | 3 | 13220000 | 8853644 | 66.97 |
| മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 1 | 12000000 | 900000 | 75 | | | | |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | | | | | 3 | 2070000 | 2045028 | 98.79 |
| പി.എ.യു. ദാരിദ്ര്യ ലഘൂകരണ വിഭാഗം | | | | | 7 | 133927834 | 127776584 | 95.4 |
| ഇ.ഇ., ത.സ്വ.ഭ.വ. | 360 | 413169907 | 219013654 | 53 | | | | |
| എ.ഇ.ഇ., ത.സ്വ.ഭ.വ. | | | | | 292 | 371316786 | 11409215 | 3.07 |
| ഡി.ഡി. എജ്യൂക്കേഷൻ | 3 | 1248240 | 269270 | 21.5 | 10 | 35234340 | 22886277 | 64.95 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | | | | | 1 | 400000 | 0 | 0 |
| ഡി.എം.ഒ. അലോപ്പതി | | | | | 2 | 2700000 | 581051 | 21.52 |
| CMO (Ho) Dist. hos | | | | | 8 | 7500000 | | |
| CMO (ISM) Dist. hos | | | | | 4 | 7500000 | 4648357 | 61.98 |
| CMO (Health) Dist hos | | | | | 6 | 3320000 | 0 | |

## 3-2 അഴീക്കോട്-മുനമ്പം ജങ്കാർ സർവീസ് - ജില്ലാ പഞ്ചായത്തിന്റെ ബാധ്യത പെരുകുന്നു-പൊതുജനങ്ങൾക്ക് സേവനം ലഭ്യമാകുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി [നമ്പർ (461/18, ജങ്കാർ റിപ്പയറിങ്ങും അനുബന്ധ പ്രവർത്തനങ്ങളും]യുടെ

അടങ്കൽ 2 കോടി രൂപയും (തനത് ഫണ്ട്) 31/03/2018 വരെ ചെലവ് 1,52,77,314/- രൂപയുമാണ്.

അഴീക്കോട്-മുനമ്പം കടവിൽ സർവീസ് നടത്തിവരുന്ന എം.ബി. മുസ്‌രിസ് ജങ്കാർ, സുനാമി ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി സെഞ്ചുറി ഷിപ്പ് യാർഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും നിർമ്മിച്ച് കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ മുഖേന 19/10/2008-നാണ് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ളത്. 27/04/2008-ന് കമ്മീഷൻ ചെയ്ത പ്രസ്തുത ജങ്കാറിന് 26/04/2009 വരെ മാത്രമായിരുന്നു സർവീസ് വാറണ്ടി ഉണ്ടായിരുന്നത്.

28/10/16-ന് പോർട്ട് ഡിപ്പാർട്ട്മെന്റ് നൽകിയ സർവേ സർട്ടിഫിക്കറ്റ് പ്രകാരം, ജങ്കാറിന്റെ ഫിറ്റ്നസ് കാലാവധി 30/01/17 വരെയായിരുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ, 19-ാം നമ്പർ വ്യവസ്ഥയായി 30/07/17-ന് മുൻപ് ഡ്രൈ ഡോക്ക് റിപ്പയർ, ഇൻസ്പെക്ഷൻ എന്നിവ നടത്തേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്.

28/10/16-ന്, പോർട്ട് ഡിപ്പാർട്ട്മെന്റ് സർവെയർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ജങ്കാറിന്റെ പരിശോധനാ റിപ്പോർട്ടിൽ പറയുന്ന പ്രധാന ന്യൂനതകൾ 'ഡെക്ക് പ്ലെയ്റ്റ്, അപ്പർ ഡെക്ക് പ്ലെയ്റ്റ് എന്നിവ നാശത്തിന്റെ വക്കിലാണ്, വലതുവശത്തെ എഞ്ചിൻ റിപ്പയർ സമയം കഴിഞ്ഞിരിക്കുന്നു, ആങ്കർ റോളർ നാശമായിരിക്കുന്നു'എന്നിവയാണ്. ഈ പ്രധാന ന്യൂനതകൾ പരിഹരിച്ചാൽ ഫിറ്റ്നസ് കാലാവധി 30/01/17-ൽ നിന്നും 30/07/17 വരെ പുതുക്കി തരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2017 നവംബർ മാസം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ ജങ്കാറിന് നിലവിൽ 31-10-2018 വരെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്.
പണികൾ പൂർത്തിയാക്കി ജങ്കാർ 11/2017 മുതൽ സർവ്വീസ് പുനരാരംഭിച്ചു. 15-05-2018 മുതൽ മൂന്ന് വർഷത്തേക്ക് ജങ്കാർ നടത്താൻ ശ്രീ. ഇ.ജെ. റോബിൻസൻ, എളന്തുരുത്തി വീട്, ഞാറക്കൽ എന്നയാൾ 35,36,000/- രൂപക്ക് ലേലം എടുക്കുകയും കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 18-06-2018 ന് രാവിലെ ജങ്കാർ കെട്ടിയിരുന്ന ബൊള്ളാട് തൂൺ ഒടിഞ്ഞ് ഉപയോഗ ശൂന്യമാവുകയും ജങ്കാർ നിലവിൽ സർവ്വീസ് നിർത്തിവെച്ചിരിക്കുകയുമാണ്. ജങ്കാർ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 69/10-6-19). ഭീമമായ തുക ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തി ചുരുങ്ങിയ കാലയളവിലേക്ക് ഫിറ്റ്നസ് ലഭിച്ചു എങ്കിലും പൊതുജനങ്ങൾക്ക് ജങ്കാറിന്റെ സേവനം നിലവിൽ ലഭ്യമല്ല. നിലവിൽ ഫിറ്റ്നസ് കാലാവധി കഴിഞ്ഞതിനാൽ ഇനിയും ഭീമമായ തുക ചെലവഴിച്ച് മാത്രമേ ജങ്കാർ റിപ്പയർ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടാനാവൂ. ഇത് ജില്ലാ പഞ്ചായത്തിന് വൻ ബാധ്യത സൃഷ്ടിക്കുന്ന ഒരു ആസ്തിയായി മാറിയിരിക്കുകയാണ്. സവിശേഷമായ സാങ്കേതിക ക്ഷമതയും പശ്ചാത്തല സൗകര്യവും ആവശ്യമുള്ള ജങ്കാർ സർവീസ്, ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിന്റെ പ്രായോഗികതയും അഭിലഷണീയതയും, പഞ്ചായത്ത് രാജ് നിയമപ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലകളുടെ വെളിച്ചത്തിൽ പുനരാലോചിക്കേണ്ടതാണ്.

# 3-3 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ - നിർവ്വഹണം; മോണിറ്ററിങ്ങ് കാര്യക്ഷമമല്ല

ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കുന്നതിന് നിശ്ചയിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| | പ്രോജക്ട് എണ്ണം | അംഗീകാരം ലഭിച്ചത് | വകയിരുത്തിയത് | 31.12.17-ലെ ചെലവ് | % |
|---|---|---|---|---|---|
| സ്പിൽ ഓവർ | 3 | 3 | 12,48,240 | 2,69,270 | 21.5 |
| പുതിയത് | 10 | 9 | 3,52,34,340 | 2,28,86,277 | 64.95 |

13.06.17-ന് ഡി.പി.സി. അംഗീകാരം ലഭിച്ച 13 പദ്ധതികളിൽ വെറ്റിങ്ങ് ഓഫീസർ നിരസിച്ച രണ്ട് പ്രോജക്ടുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് സംസ്ഥാനാസൂത്രണ സമിതിയുടെ അംഗീകാരം 26/09/17-ന് ലഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പദ്ധതിയായ "കലാ കായിക സാംസ്കാരിക സമുച്ചയം"എന്ന പദ്ധതിക്ക് സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതായി ഓഡിറ്റ് എൻക്വയറി നമ്പർ 1-നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>സമഗ്ര വിദ്യാഭ്യാസ പദ്ധതി: മോണിറ്ററിംഗ് കാര്യക്ഷമമല്ല.</u>

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ (പ്രോജക്ട് നം. 427/18) സമഗ്രവിദ്യാഭ്യാസ പദ്ധതി പ്രകാരം വകയിരുത്തിയ 30 ലക്ഷം രൂപയിൽ 21,01,545/- രൂപ 17-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ജില്ലയിലെ 55 ഹൈസ്കൂളുകൾ, 6 വൊക്കേഷണൽ ഹയർ സെക്കൻഡറികൾ, 22 ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവയിലെ വിദ്യാർത്ഥികൾക്ക് 2016-17 വർഷത്തിൽ അധിക സമയ പഠനത്തിനായി ചെലവഴിച്ച തുകയാണ് മേൽ പ്രോജക്ട് പ്രകാരം നൽകിയത്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 11.1.18ലെ എച്ച്.3/18077/ ഉത്തരവ് പ്രകാരം അധിക സമയ പഠനം നടത്തിയ വിദ്യാർത്ഥികൾക്ക് പ്രതിശീർഷം പ്രതിദിനം 8 രൂപാ നിരക്കിൽ തുക നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്രതിമാസം 30 ദിവസം കണക്കാക്കി 8 രൂപാ നിരക്കിൽ തുക നൽകുകയാണുണ്ടായത്. എന്നാൽ സ്കൂളുകൾ സമർപ്പിച്ച അറ്റൻഡൻസിൽ പൊതു ഒഴിവു ദിവസങ്ങളിൽ പഠനം നടന്നതായി കാണുന്നില്ല.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി അധിക സമയ പഠനം നൽകുകയും പദ്ധതിയുടെ ഭാഗമായി ലഘു ഭക്ഷണം നൽകുന്നതിനുമായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ തുക കൈപറ്റിയ മുഴുവൻ വിദ്യാലയങ്ങളും വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടേയും എണ്ണത്തിന് ആനുപാതികമായി പ്രതിദിനം 8 രൂപ കണക്കാക്കി പ്രതിമാസം 30 രൂപാ നിരക്കിൽ തുക കൈപ്പറ്റുകയാണുണ്ടായത്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തിയതിന്റെ വിവരങ്ങളോ, പദ്ധതി നടപ്പാക്കിയതു വഴി ഉണ്ടായ നേട്ടമോ വിലയിരുത്തി കാണുന്നില്ല. വിവിധ സ്കൂളുകൾ സമർപ്പിച്ച ചെലവുരേഖകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നുവെന്നല്ലാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ, അർഹരായ വിദ്യാർത്ഥികൾക്കായിട്ടു തന്നെയാണോ വിദ്യാലയങ്ങൾ കൈപ്പറ്റിയ തുകകൾ സംബന്ധിച്ച പരിശോധനാ കുറിപ്പുകൾ, വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി തുക അനുവദിക്കുന്നതിനുള്ള നിരക്ക് സംബന്ധിച്ച സർക്കാർ അംഗീകാരം എന്നിവ ഫയലിൽ ഇല്ല. മേൽ സൂചിപ്പിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും സ്കൂളുകൾ അധികമായി കൈപ്പറ്റിയ തുക കണക്കാക്കി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-4 "ഹൈടെക് പിഗ് ബ്രീഡിങ്ങ് യൂണിറ്റ്" നിർമ്മാണം - പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ, പിഗ് ബ്രീഡിംഗ് യൂണിറ്റ്

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുന്ദംകുളത്ത് പ്രവർത്തിക്കുന്ന പിഗ് ബ്രീഡിങ്ങ് യൂണിറ്റിനെ ഹൈടെക് ബ്രീഡിങ്ങ് യൂണിറ്റ് ആയി മാറ്റുന്നതിന് പ്രോജക്ട് നമ്പർ 442/18 പ്രകാരം 42,50,200/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തുന്ന കോസ്റ്റ് ഫോർഡിന് 2018 മാർച്ച് വരെ 34 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി സ്ഥലം പരിശോധിച്ചതിൽ ഇതുവരെ പണി പൂർത്തീകരിക്കുകയോ ബ്രീഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മോണിറ്ററിങ്ങ് ഉണ്ടാകേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതുമാണ്.

# 3-5 പന്നി വളർത്തൽ കേന്ദ്രം - വരുമാനത്തേക്കാൾ കൂടുതൽ ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ, പിഗ് ബ്രീഡിംഗ് യൂണിറ്റ്

കുന്ദംകുളം പന്നി വളർത്തൽ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾ എന്ന 452/18-ാം നമ്പർ പ്രൊജക്ടിൽ 15 ലക്ഷം രൂപ ഈ ഓഡിറ്റ് വർഷത്തിൽ വകയിരുത്തുകയും 8,15,578/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പന്നി കുഞ്ഞുങ്ങൾ, മുയൽ കുഞ്ഞുങ്ങൾ എന്നിവയെ ഉൽപാദിപ്പിച്ച് വിതരണ ചെയ്യുക എന്നതിനു വേണ്ടി വിഭാവനം ചെയ്തിരുന്ന ഈ പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം 290 പന്നി കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തിരിക്കുന്നത്. ഇതിലൂടെ വരുമാനമായി 7,41,413/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ പന്നി തീറ്റ, മുയൽ തീറ്റ വാങ്ങിക്കൽ, കയറ്റിറക്കു കൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്, വൈറ്റമിൻസ്, കറന്റ് ചാർജ് എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷത്തിൽ 8,15,578/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. ഈ പദ്ധതിക്കു വേണ്ടി വിനിയോഗിക്കപ്പെട്ട സ്ഥിരം തൊഴിലാളികളുടെ വേതനം ഇതിനു പുറമെയാണ്. നഷ്ടം സംഭവിക്കാത്ത രീതിയിൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 വിജ്ഞാൻ സാഗർ പദ്ധതി വിഹിതം നൽകൽ - രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ (പദ്ധതി 326/18), “വിജ്ഞാൻ സാഗർ പദ്ധതിയ്ക്ക് വിഹിതം നൽകൽ”എന്നതിൽ, 2017-18 വർഷം താഴെ പറയുന്ന ബില്ലുകൾ പ്രകാരം, 1,30,00,000/- രൂപ, വിജ്ഞാൻ സാഗർ പദ്ധതിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ബിൽ നം.-88/16.8.2017, 1,00,00,000/

ബിൽ നം-255/1.12.2017, 30,00,000/

മേൽ തുകയുടെ വിനിയോഗം സംബന്ധിച്ച്, വിജ്ഞാൻ സാഗർ സ്പെഷ്യൽ ഓഫീസർ, കളക്ടർ എന്നിവർ ഒപ്പിട്ട് നൽകിയ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ഉണ്ട്. വിനിയോഗ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ദൈനംദിനവരവ് ചെലവുകൾ രേഖപ്പെടുത്തുന്ന ഒരു ക്യാഷ് ബുക്ക് നിലവിൽ ഇല്ല.

2.സ്ഥാപനത്തിൽ ഉപയോഗിക്കുന്ന രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ നിലവിലില്ല.

3.രസീത് പ്രകാരമുള്ള വരവുകൾ കളക് ഷൻ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല.

4. പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുള്ള ഫർണീച്ചറുകൾ, കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.പദ്ധതിയുടെ ഭാഗമായി,വിജ്ഞാൻ സാഗർ സൊസൈറ്റിയിൽ നടത്തിയ പൊതുമരാമത്ത് പ്രവർത്തികളുടെ ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

6.വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ഭാഗമായ, ഐ.എസ്.ആർ.ഒ., പവലിയിനിലേക്കായി, വി.എസ്.എസ്.സി. നൽകിയ ഏതാണ്ട് 50 ലക്ഷം രൂപാ വില വരുന്ന സാധനങ്ങൾ ജില്ലാ പഞ്ചായത്തോ, വിജ്ഞാൻ സാഗർ സ്പെഷ്യൽ ഓഫീസറോ, സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല.

7. സർക്കാർ ഉത്തരവ് നം.(എംഎസ്) 80/2017/തസ്വഭവ, തിയതി.3.4.17 പ്രകാരം, പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഹോണറേറിയമോ നൽകാൻ പാടില്ല. എന്നാൽ വിജ്ഞാൻസാഗർ പദ്ധതിയിൽ സ്പെഷ്യൽ ഓഫീസർ, സെക്യൂരിറ്റി ജീവനക്കാർ, ക്ലർക്ക്, എന്നിവരുടെ ശമ്പളം, യാത്രാചെലവ് എന്നിവ പദ്ധതി പണം ഉപയോഗിച്ച് നൽകുന്നതായി കാണുന്നു.

8.വിജ്ഞാൻസാഗർ സൊസൈറ്റിയുടെ വാർഷികകണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ നിയമാവലിയിലെ , 21-ാം വ്യവസ്ഥ പ്രകാരം, വിജ്ഞാൻസാഗർ സൊസൈറ്റിയുടെ കണക്കുകൾ ലോക്കൽ ഫണ്ട് വിഭാഗമോ, ഭരണസമിതി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഓഡിറ്ററോ പരിശോധിച്ച്, സർട്ടിഫൈ ചെയ്ത് ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വരവ് ചെലവ് കണക്കുകൾ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, ആസ്തികളുടെ സംരക്ഷണം, സാമ്പത്തിക ബാധ്യത. ജീവനക്കാരുടെ നിയമനം, പ്രവർത്തനം സംബന്ധിച്ച ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടം എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിയമാവലിയിൽ ഇല്ല. യഥാർത്ഥത്തിൽ, വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ നിയമാവലി പ്രകാരം രൂപീകരിച്ച സമിതി പ്രവർത്തനക്ഷമമല്ലാതായ സാഹചര്യത്തിൽ താൽക്കാലികമായി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഒരു സ്റ്റീയറിങ്ങ് കമ്മിറ്റി രൂപീകരിക്കുകയാണ് ഉണ്ടായത്. യഥാർത്ഥത്തിൽ വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 (1) പ്രകാരം വിജ്ഞാൻ സാഗർ പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അതേസമയം 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 3(6) പ്രകാരം സർക്കാരിന്റെയോ, സർക്കാരിനാൽ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ ഭേദഗതിക്കോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതിൽ നിന്നും വിജ്ഞാൻ സാഗർ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ നിയമാവലിക്കോ, താൽക്കാലികമായി ഉണ്ടാക്കിയ സ്റ്റിയറിങ്ങ് കമ്മിറ്റിക്കോ യാതൊരു നിയമസാധുതയും ഇല്ലായെന്നത് വ്യക്തമാണ് എന്നത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ഷീ പാഡ് പദ്ധതി - ആവശ്യകതയും പ്രായോഗികതയും കൃത്യമായി നിർണ്ണയിക്കാതെ നടപ്പാക്കിയ പദ്ധതി

പ്രൊജക്റ്റ് നം. - 421/18

പദ്ധതിയുടെ പേര് - "ഷീ പാഡ്" – തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

നിർവ്വഹണം – വനിതാ വികസന ഓഫീസർ

അടങ്കൽ – 59,20,000

ചെലവ് – 58,53,649

ട്രഷറി ബിൽ നമ്പർ – 2/8-2-18, 4/27-2-18

ജില്ലാ വനിതാ വികസന ഓഫീസർ നടപ്പിലാക്കിയ ഷീ പാഡ് പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ 89 സ്കൂളുകളിലായി 96 നാപ്കിൻ വെൻഡിംഗ് മെഷീനുകളും 96 ഇൻസിനറേറ്ററുകളും, 480 നാപ്കിൻ ബോക്സുകളും HLL Life Care എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. (ബിൽ നം.355, 393 തീയതി 30.01.18, 24.02.18 തുക 58,53,644/-) ഉപകരണങ്ങൾ നഷ്ടപ്പെട്ട സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പ്രകാരം 2018 ഏപ്രിൽ മാസത്തിൽ 79 സ്കൂളുകളിൽ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. ടി റിപ്പോർട്ട് പ്രകാരം 10 സ്കൂളുകളിൽ കെട്ടിടം പണി നടക്കുന്നതിനാൽ ഉപകരണങ്ങൾ സ്ഥാപിക്കാതെ വെച്ചിരിക്കുന്നതായി കാണുന്നു. ടി സ്ഥാപനങ്ങളിൽ കെട്ടിടം പണി പൂർത്തിയാക്കി ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്ന വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം പണി പൂർത്തിയായിട്ടില്ലെന്നും, ടി കാര്യത്തിന് D.D എജ്യൂക്കേഷൻ മുഖേന റിപ്പോർട്ട് അവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ ടി സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.

നാപ്കിൻ വെൻഡിംഗ് അനുബന്ധ ഉപകരണങ്ങൾക്ക് AMC ചാർജ് 7400/- രൂപ, ഇൻസ്റ്റലേഷൻ /ഡെലിവറി ചാർജ് ഇനത്തിൽ 8592/- രൂപ എന്നിവ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക മുൻകൂറായി നൽകിയ ശേഷവും കഴിഞ്ഞ ഒരു വർഷത്തിലേറേയായി ഉപകരണങ്ങൾ പ്രയോജനപ്പെടുത്താതെയിരിക്കുന്നത് മൂലം AMC കാലാവധി കാലഹരണപ്പെടുന്നതിനാൽ ആയതിന്റെ ആനുകൂല്യം ഭാവിയിൽ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നതാണ്. ഉപകരണം സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഉപകരണത്തോടൊപ്പം നിറച്ചുവച്ചിട്ടുള്ള പാഡുകൾ കഴിഞ്ഞ ഒരു വർഷത്തിൽ ഉപയോഗിച്ചുതീർന്നിട്ടില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പ്രൊഡക്ഷൻ യൂണിറ്റുകൾ തുടങ്ങുന്നതിനായി പദ്ധതിയിനത്തിൽ 2 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള മൂന്ന് യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന സാനിറ്ററി പാഡുകൾ എപ്രകാരം സമയബന്ധിതമായി വിതരണം ചെയ്യപ്പെടുകയും വിനിയോഗിക്കപ്പെടുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ പ്രതിസന്ധി ഉണ്ടാകുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഉപകരണങ്ങൾ സ്ഥാപിക്കാനായി സ്കൂളുകൾ തെരഞ്ഞെടുക്കുമ്പോൾ ആയതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാണോയെന്നുള്ള വസ്തുത പരിഗണിക്കപ്പെട്ടിട്ടില്ല. കെട്ടിടം പണിമൂലമുള്ള അസൗകര്യം ഉണ്ടെങ്കിൽ ആയത് തീർന്നതിന് ശേഷമോ അല്ലെങ്കിൽ സൗകര്യമുള്ള മറ്റ് സ്ഥാപനങ്ങളോ തെരഞ്ഞടുക്കാമായിരുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും ജാഗ്രത കുറവുണ്ടായെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. മതിയായ പശ്ചാത്തല വിവരം സഹിതം ആവശ്യകതയും പ്രായോഗികതയും കാര്യമായി നിർണ്ണയിക്കാതെ പദ്ധതി നടപ്പിലാക്കുന്നതു മൂലം വന്നിട്ടുള്ള ഇത്തരം പിഴവുകളിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-8 മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി - നടത്തിപ്പിലെ അപാകതകൾ

പദ്ധതി നമ്പർ - 405/18

മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി

അടങ്കൽ തുക - 4,00,000/-

ചെലവ് - 2,54,890/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

എസ്.സി. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം, അൻസാർ ഇംഗ്ലീഷ് സ്കൂളിൽ ഹോസ്റ്റലിൽ താമസിച്ച് അദ്ധ്യയനം നടത്തുന്ന 4 വിദ്യാർത്ഥികളുടെ പഠന ചെലവിലേക്ക് മേൽപ്പറഞ്ഞ തുക 2,54,890/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 13-ാം പഞ്ചവത്സര പദ്ധതി ആദ്യ വർഷം 2017-18-ന് ബാധകമായ മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തിയതി.29.3.17 സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) നം. 80/17 ത.സ്വ.ഭ.വ. 03.04.17 എന്നിവയിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രൊജക്ട് ആവിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ കഴിഞ്ഞ കുറെ വർഷങ്ങളായി മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കി വരുന്നു. പ്രൊജക്ട് നിർവ്വഹണത്തിന് ആധാരമായ സർക്കാർ ഉത്തരവുകൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകുന്നില്ല.
2. ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ ഹോസ്റ്റലിൽ താമസിച്ച പഠിക്കുന്ന എസ്.സി. വിഭാഗക്കാരായിരിക്കണം എന്ന് പ്രൊജക്റ്റിന്റെ അർഹതാ മാനദണ്ഡത്തിൽ പറയുന്നു. ആയത് തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.
3. അൻസാർ ഇംഗ്ലീഷ് സ്കൂൾ മാനേജർ ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റൽ പഠന ചെലവുകളുടെ ക്യാഷ് ബില്ലുകൾ ലഭ്യമാക്കിയത് ഫയലിനോടൊപ്പമുണ്ട്. എന്നാൽ ട്രഷറി ബിൽ പ്രകാരം അൻസാർ ഇംഗ്ലീഷ് സ്കൂളിന് കൈമാറിയ തുക ഏതൊക്കെ ഇനങ്ങൾക്ക് എപ്രകാരം കണക്കാക്കി എന്നു വ്യക്തമാക്കുന്ന രേഖ ഫയലിനോടൊപ്പമില്ല. ആയതിനാൽ കൈമാറിയ തുക നിർണ്ണയിച്ചതിന് സാധൂകരണമില്ല. പട്ടിക ജാതി വികസന വകുപ്പിന്റെ ഏതെങ്കിലും ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് തുക കണക്കാക്കിയതെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
4. തുക നൽകുന്നതു സംബന്ധിച്ച് ഗുണഭോക്താക്കളായ വിദ്യാർത്ഥികളുമായോ/ സ്ഥാപനവുമായോ ഏതെങ്കിലും തരത്തിൽ കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതടക്കമുള്ള അനുബന്ധ രേഖകൾ പരിശോധയ്ക്ക് ലഭിച്ചില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ 35/ 14.02.18). അപാകതകൾ പരിഹരിക്കും വരെ ചെലവു തുക 2,54,890/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 3-9 വ്യവസായ വികസനഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്ലാസ്റ്റിക് മാലിന്യസംസ്കരണപ്ലാന്റ്- പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം
പദ്ധതി ചെലവ് – 31,50,159/-

2017-18 വർഷത്തിൽ സ്പിൽ ഓവർ ആയി തുടരുന്ന പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട മാലിന്യ സംസ്കരണ പ്ലാന്റ് കൈപ്പറമ്പ് പഞ്ചായത്തിലെ വേളക്കോട് വ്യവസായ എസ്റ്റേറ്റിൽ ആണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പ്ലാന്റിന്റെ പ്രവർത്തനത്തിന് KSEB മുണ്ടൂർ സെക്ഷന്റെ എസ്റ്റിമേറ്റ് പ്രകാരം 300850/ രൂപ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നൽകുകയും ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബോർവെൽ കുഴിക്കുന്നതിനായി ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് അവരുടെ എസ്റ്റിമേറ്റ് പ്രകാരം 3,80,000/ രൂപാ നൽകിയിട്ടുണ്ട്.(ബിൽ നം.1/17-18,dt.21.8.17, ₹680850) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, 3,80,000/രൂപയിൽ, 3,35,328/രൂപാ ഉപയോഗിച്ചതായി യൂട്ടിലൈസേഷൻ നൽകിയിട്ടുണ്ട്. ബാക്കി 44,672/ രൂപാ ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4/8/17ലെ തീരുമാനം 2(4) അനുസരിച്ച് മാലിന്യ സംസ്കരണ പദ്ധതികളുടെ മെഷിനറികൾ ടെണ്ടർ നടപടികൾ ഒഴിവാക്കി സർക്കാർ അംഗീകൃത കമ്പനിയായ ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ ശുപാർശ ചെയ്തതനുസരിച്ച് വാങ്ങിയിട്ടുണ്ട്. ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ് 15.9.2017ലെ23/2017-18 ഇൻവോയ്സ് പ്രകാരം മെഷിനറി സപ്ലൈ ചെയ്തു. ഇൻസ്റ്റലേഷൻ ചാർജ്-24600/,സൂപ്പർവിഷൻ ചാർജ്-41000/ എന്നിവയടക്കം മെഷിനറിയുടെ മൊത്തം വില 9,82,943/ രൂപയാണ്. മൊത്തം തുകയുടെ 80%, 7,86,354/ രൂപാ കമ്പനിക്ക് നൽകിയിട്ടുണ്ട്.(ബിൽ നം.2/17-18, dt.26.9.17)

ബിൽഡിംഗ് വർക്കിനായി, 24,45,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഇ-ടെണ്ടർ മുഖേന, ശ്രീ. റോണി അഗസ്റ്റിൻ, 22,22,222/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ .റോണി അഗസ്റ്റിനുമായുള്ള കരാർ, ഇദ്ദേഹത്തിന് സൈറ്റ് ഹാന്റ് ഓവർ ചെയ്തതിന്റെ രേഖകൾ, എം.ബുക്ക് എന്നിവ ഫയലിൽ ഇല്ല. ബിൽഡിംഗ് പണി, ട്രസ് വർക്ക് എന്നിവ പൂർത്തിയാക്കി ശ്രീ.റോണി അഗസ്റ്റിന്, 16,82,955/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. (ബിൽ നം.4/17-18,dt.13.12.17)

2017 നവംബർ 10ന് മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നിർവഹിച്ചതായി ഫയലിൽ കാണുന്നു. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1.പദ്ധതി മാർഗരേഖ, ജി.ഒ. (എംഎസ്)72/2017തസ്വഭവ, തിയതി.29.3.2017 പ്രകാരം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ പറ്റാത്ത ഒരു പദ്ധതിയാണിത്.

2.കെട്ടിടം പണി, വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കാതെയാണ് യന്ത്രസാമഗ്രികൾ വാങ്ങിയിരിക്കുന്നത്.

3.യന്ത്രസാമഗ്രികൾ സുരക്ഷിതമായി സ്ഥാപിച്ചിട്ടില്ല.

4.ക്ലീൻ കേരളാ കമ്പനിയുമായുള്ള കരാർ പ്രകാരം മെഷിനറിയ്ക്ക് ഒരു വർഷത്തെ വാറണ്ടിയാണ് ഉള്ളത്. എന്നാൽ മെഷിനറി വാങ്ങിയിട്ട് ഏകദേശം രണ്ട് വർഷമായിട്ടും മെഷിനറി പ്രവർത്തിപ്പിച്ചിട്ടില്ല.

കെട്ടിടം പണി പൂർത്തിയാക്കാതെ യന്ത്രസാമഗ്രികൾ വാങ്ങിയ നടപടി പദ്ധതി ക്രമപ്രകാരമല്ല. അപാകതകൾ മുൻനിർത്തി ചെലവു തുക തടസ്സത്തിൽ വെക്കുന്നു.
(എൻക്വയറി നമ്പർ – 59/04.06.19)

# 3-10 പൂരം എക്സിബിഷൻ പവലിയൻ നിർമ്മാണം - കരാറുകാരന് കരാർ തുകയെക്കാളും അധിക തുക നൽകി

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണോദ്യോഗസ്ഥനായ തൃശ്ശൂർ പൂരം എക്സിബിഷൻ 2017-18 (നം.424/18) എന്ന പ്രൊജക്ടിന്റെ അടങ്കൽ 13,50,000/- രൂപയും, ചെലവ് 6,00,000/- രൂപയും ആണ്. ചെലവ് തുകയിൽ പൂരം എക്സിബിഷൻ കമ്മിറ്റിക്ക് നൽകിയ തുക, കരാറുകാരന് നൽകിയ തുക എന്നിവയാണ് ഉൾപ്പെടുന്നത്.

പൂരം എക്സിബിഷന്റെ പവലിയൻ നിർമ്മാണത്തിന്, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത, ശ്രീ.അബി മാത്യു, വടക്കൻ ഹൗസ്, അഞ്ചേരി എന്നയാളുമായി 17/03/17-ന്, 1,93,500/- രൂപയ്ക്ക് കരാർ വെച്ചിട്ടുണ്ട്.

കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ | തിയതി | തുക |
|---|---|---|
| 475508 | 11/04/17 | 49,000/- |
| 475509 | 11/04/17 | 49,000/- |
| 475510 | 11/04/17 | 49,000/- |
| 475511 | 11/04/17 | 49,000/- |
| 475512 | 11/04/17 | 49,000/- |
| | | -------------- 2,45,000/- ======== |

29/06/17-ന് ഡി.ഡി. നമ്പർ 558901 പ്രകാരം 21627/- രൂപയും അടക്കം ആകെ 2,66,627/- രൂപ പവലിയൻ നിർമ്മാണത്തിനായി ശ്രീ.അബി മാത്യുവിന് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, 10/07/18, വ്യവസായ കേന്ദ്രം മാനേജർ നൽകിയ മറുപടി അനുസരിച്ച് ഓരോ ഇനങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകളോ, അധിക നിരക്ക് അംഗീകരിച്ച കമ്മിറ്റി തീരുമാനമോ, റിവൈസ്ഡ് പ്രൊജക്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിൽ ചെലവഴിച്ച 2,66,627/- രൂപ തടസ്സപ്പെടുത്തുന്നു.

കൂടാതെ കരാറുകാരന് തുക നൽകിയപ്പോൾ, നിയമാനുസൃതമായ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും, ആദായനികുതി നിയമം വകുപ്പ് 194 (സി) പ്രകാരം 1% ആദായനികുതി ഈടാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം. 31/17-18, തിയതി.12/02/18) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

# 3-11 കുടുംബശ്രീ വനിതകൾക്ക് സ്ഥിരം സംഭരണ കേന്ദ്രം - കരാർ കാലാവധി കഴിഞ്ഞിട്ടും 5 ഡിവിഷനുകളിൽ പണി തുടങ്ങിയിട്ടില്ല

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 793/17 (5/18)-ൽ കുടുംബശ്രീ വനിതകൾക്ക് സ്ഥിരം സംഭരണ കേന്ദ്രം നിർമ്മിക്കുന്നതിന്, 15 യൂണിറ്റുകൾക്ക് 1.5 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

എന്നാൽ കോസ്റ്റ് ഫോർഡുമായി സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണത്തിന്, 29/03/17-ൽ കരാർ വച്ചിരിക്കുന്നത്, 11 യൂണിറ്റുകൾക്ക് 1.5 കോടി രൂപക്കാണ്.

കരാർ വച്ച ഉടനെ, മൊത്തം ചെലവിന്റെ 20%, 30,00,000/- രൂപ, 2016-17 വർഷത്തിൽ നൽകിയിട്ടുണ്ട്. അടുത്ത 20% തുകയായ 30 ലക്ഷം രൂപ മുൻതുകയുടെ UCയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരവും നൽകിയിട്ടുണ്ട്.

ബിൽ നമ്പർ - 1/ 11-10-17 - 20,00,000/-

ബിൽ നമ്പർ - 2/ 11-10-17 - 10,00,000/-

പദ്ധതിയുടെ 40% തുക കോസ്റ്റ് ഫോർഡിന് നൽകിയിട്ടും, അഞ്ച് ഡിവിഷനുകളിൽ, കൊരട്ടി, തിരുവില്വാമല, ചേലക്കര, വള്ളത്തോൾ നഗർ എന്നിവിടങ്ങളിൽ, നാളിതുവരെ സൈറ്റ് കൈമാറ്റം ചെയ്യപ്പെടാത്തത് കാരണം പണി തുടങ്ങിയതായി കാണുന്നില്ല.

കോസ്റ്റ് ഫോർഡുമായുള്ള കരാറിലെ വ്യവസ്ഥ (6) പ്രകാരം, കരാർ വച്ച് ഒരാഴ്ചയ്ക്കകം, നിർവ്വഹണോദ്യോഗസ്ഥൻ സൈറ്റ് കോസ്റ്റ് ഫോർഡിന് കൈമാറ്റം ചെയ്യേണ്ടതാണ്. എന്നാൽ 4 ഡിവിഷനുകളിൽ നാളിതുവരെ സൈറ്റ് കൈമാറ്റം ചെയ്യാത്തതിന് കാരണം ഓഡിറ്റിന് വ്യക്തമാക്കേണ്ടതാണ്.

കരാർ നിർദ്ദേശം 11 പ്രകാരം, കോസ്റ്റ് ഫോർഡ് കരാർ വച്ച് 6 മാസത്തിനകം പദ്ധതി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കരാർ കാലാവധി കഴിഞ്ഞിട്ടും 1 യൂണിറ്റ് മാത്രമാണ് പൂർണ്ണമായി പൂർത്തിയാക്കിയിരിക്കുന്നത്. സൈറ്റ് കൈമാറിയ സ്ഥലങ്ങളിൽ പണികൾ എത്രയും പേഗം പൂർത്തീകരിക്കേണ്ടതും, കൈമാറാത്ത സൈറ്റുകളിൽ ആയതിന്റെ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതുമാണ്.

# 3-12 പദ്ധതി രൂപീകരണ നടപടിച്ചട്ടങ്ങൾ മറികടന്ന് മുൻകൂർ: പദ്ധതി നടപ്പിലാക്കാനാവാതെ ഉപേക്ഷിച്ചു

പ്രൊജക്ട് നമ്പർ – S0908/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ മെഡിക്കൽ ഓഫീസർ
(ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ)
അടങ്കൽ – 1 കോടി രൂപ (വികസന ഫണ്ട്)

“വനിതാ ആരോഗ്യ പരിപാലനം ആയുർവേദത്തിലൂടെ- സുബല”എന്ന പദ്ധതി പ്രകാരം രാമവർമ്മ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ വനിതകൾക്കും കുട്ടികൾക്കുമായി പ്രത്യേക ക്ലിനിക്കും വാർഡും ഉൾപ്പെട്ട കെട്ടിടം പണിയാനായി 1 കോടി രൂപ വകയിരുത്തിയിരുന്നു. 19/10/2017-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും 02/11/17-ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 24-ാം നമ്പർ തീരുമാനപ്രകാരം നിർമ്മാണച്ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനു നൽകാവുന്നതാണെന്ന നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 01/12/17-നു നിർമ്മിതി കേന്ദ്രം 1 കോടി രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും 23.12.2017-നു കരാർ നം. 108/2017-18 പ്രകാരം ജില്ലാ പഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തു. ബിൽ നമ്പർ 1/2017-18, 28.12.17 പ്രകാരം 20 ലക്ഷം രൂപ പിൻവലിച്ച് 12/01/2018-ന് നിർമ്മിതി കേന്ദ്രക്ക് അഡ്വാൻസ് തുക നൽകുകയും ചെയ്തു. എന്നാൽ നിർമ്മാണ പ്രവൃത്തികൾ

ആരംഭിക്കുന്നതിനായി എർത്ത് വർക്ക് നടത്തിയപ്പോൾ കുളം മണ്ണിട്ട് നികത്തിയ സ്ഥലമാണെന്നും നിർമ്മാണം നടത്താൻ സാധിക്കുകയില്ലെന്നും സ്ട്രക്ചറൽ എഞ്ചിനീയർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതുണ്ടെന്നും നിർമ്മിതി കേന്ദ്ര ജില്ലാ പഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ പുതുതായി നിർദ്ദേശിക്കപ്പെട്ട ആശുപത്രിയുടെ അടുക്കള, സ്റ്റോർ എന്നിവ പൊളിച്ചു നീക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള 1 കോടി രൂപ ചെലവഴിക്കാൻ 18-19 സാമ്പത്തിക വർഷത്തിൽ സാധിക്കുകയില്ല എന്ന് നിർമ്മിതി കേന്ദ്രം അറിയിക്കുകയും 06/03/19-ന അഡ്വാൻസ് തുക തിരികെ അടവാക്കുകയും ചെയ്തു.

പി.ഡബ്ള്യൂ.ഡി. മാന്വൽ ഖ: 1601.1-2 പ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന മുൻപായി സ്ഥല പരിശോധന നടത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സുബല പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി 20 ലക്ഷം രൂപ മുൻകൂർ വാങ്ങുകയും പ്രവൃത്തി നടത്താൻ കഴിയാതെ പദ്ധതി ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു. നിർമ്മിതി കേന്ദ്രത്തിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണത്തിന (എൻക്വയറി നമ്പർ 47/17-18, തീയതി.31-05-2019) മറുപടി നൽകിയിട്ടുണ്ട്. സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി മുൻകൂർ തുക നൽകുകയും പ്രവൃത്തി നടത്താൻ കഴിയാതെ വന്നതും ഗുരുതരമായ പിഴവാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 3-13 ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടില്ല

പദ്ധതി നം. 931/2017-18

പദ്ധതി അടങ്കൽ 100000

പദ്ധതി ചെലവ് 90860

ബിൽ നം. 14/2017-18 തിയ്യതി.14-3-2018 തുക 90860

നിർവ്വഹണ ഉദ്യോഗസ്ഥൻ. സൂപ്രണ്ട്,ഹോമിയോ ജില്ല ആശുപത്രി. തൃശ്ശൂർ.

ജില്ല ഹോമിയോ ആശുപത്രിയിൽ ലാബ് വേസ്റ്റ് കത്തിക്കുന്നതിന് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 4R ടെക്നോളജീസ്, അയ്യൻകുന്ന്, മുണ്ടൂർ, അഞ്ഞൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിനാണ് വർക്ക് ഓർഡർ നല്കിയിരുന്നത്. കിഴക്കുംപാട്ടുകരയിലുള്ള ആശുപത്രിയിലും പൂത്തോൾ ആശുപത്രിയിലും ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനാണ് അനുമതി നല്കിയിരുന്നത്. ഓഡിറ്റ് നടത്തിയ സ്ഥലപരിശോധന വേളയിൽ പൂത്തോൾ ആശുപത്രിയിൽ സ്ഥാപിച്ച ഇൻസിനറേറ്റർ ഇളക്കി മാറ്റിയ നിലയിലാണ് കണ്ടത്. മരാമത്ത് പണികൾ നടക്കുന്നതിനാലാണ് ഇത് ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. മരാമത്ത് പണികൾ തീരുന്ന മുറയ്ക്ക് ഇൻസിനറേറ്റർ വീണ്ടും സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 അപൂർണ്ണമായ ക്വട്ടേഷനുകൾ സ്വീകരിച്ച് കരാർ നൽകുന്നു

ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദ ആശുപത്രി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നമ്പർ S0351/18 "ജില്ലാ ആയുർവേദ ആശുപത്രിയിലെ കണ്ടിജൻസി ചെലവുകൾ" എന്ന (10,00,000/- രൂപ അടങ്കൽ തുകയും 9,99,403/- രൂപ ചെലവു വന്നിട്ടുള്ള) പ്രൊജക്ട് പ്രകാരം പിൻവലിച്ച് ചെലവ് ചെയ്തിട്ടുള്ള തുകയുടെ വിശദ വിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയതി | ഇനം | തുക |
|---|---|---|---|
| 1 | 89/17-18 തി.28.9.17 | ടെലഫോൺ ചാർജ് - 25,822<br>ഇലക്ട്രിസിറ്റി ചാർജ് -6,41,187<br>ഡീസൽ - 34,219<br>അലക്ക് - 57,130 | 7,58,358 |

| | | | |
|---|---|---|---|
| | | ----------<br>-<br>ആകെ - 7,58,358 | |
| 2 | 150/ 17-18<br>തി.25.01.18 | ടെലഫോൺ ചാർജ് - 8,472<br>ഇലക്ട്രിസിറ്റി ചാർജ് - 2,02,551<br>ഡീസൽ - 2,542<br>അലക്ക് – 27,480<br>----------<br>-<br>ആകെ - 2,41,045 | 2,41,045 |

ആശുപത്രിയിലെ കിടപ്പ് രോഗികളുടെ അഴക്ക് വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കി തരുന്നതിനുള്ള 84,610/- രൂപയുടെ കരാർ നേടിയിരിക്കുന്ന പൂജ ഡ്രൈ ക്ലീനേഴ്സ് & ഓട്ടോമാറ്റിക്ക് ലോണ്ടറി പാട്ടുരായ്ക്കൽ എന്ന സ്ഥാപനത്തിന്റെ പേരോ തിയ്യതിയോ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. മറിച്ച് നിരക്ക് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത്തരത്തിൽ അപൂർണ്ണമായ ക്വട്ടേഷനുകൾ സ്വീകരിച്ച് കരാർ നൽകുന്നത് ശരിയായ രീതിയല്ല. മേലിൽ ടി വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 കലാകായിക സാംസ്കാരിക സമുച്ചയം പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്

നാടകോത്സവം, ഫിലിം ഫെസ്റ്റിവെൽ, സാംസ്കാരിക പരിപാടികൾ എന്നിവ നടത്തുന്നതിന് വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായമായി തുക നൽകുന്നതിന് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയാണ് കലാ കായിക സാംസ്കാരിക സമുച്ചയം പദ്ധതി. ഇതു പ്രകാരം സ്പിൽ ഓവർ ഉൾപ്പെടെ സാമ്പത്തിക വർഷത്തിൽ 17,50,000/- രൂപ ചെലവഴിച്ചു. സ്പിൽ ഓവർ പ്രോജക്ട് നം. 600/17 പ്രകാരം 2,05,000/- രൂപയും പ്രോജക്ട് നം. 959/18 പ്രകാരം 15,45,000/- രൂപയും ഉൾപ്പെടെയാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. 6.3.17ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30ാം നമ്പർ തീരുമാനം, 10.3.17ലെ ഭരണ സമിതിയുടെ 7(2) തീരുമാനം എന്നിവ പ്രകാരം 27 സാംസ്കാരിക സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. വിവിധ സാംസ്കാരിക സംഘടനകൾ വിവിധ സ്ഥലങ്ങളിൽ നടത്തിയ പരിപാടികൾക്ക് ഉണ്ടായ നഷ്ടം ലഘൂകരിക്കുന്നതിനായി ജില്ലാ പഞ്ചായത്തിനോട് ധന സഹായം അഭ്യർത്ഥിച്ചതു പരിഗണിച്ച് 20,000 രൂപ മുതൽ 2,00,000 രൂപ വരെ ധന സഹായം അനുവദിക്കുന്നതിനാണ് മേൽ പ്രകാരം തീരുമാനമെടുത്തതായി കാണുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173(1), 5ാം പട്ടിക XV പ്രകാരം കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും എന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ജില്ലാ പഞ്ചായത്തുകൾക്ക് "സ്റ്റേഡിയങ്ങൾ നിർമ്മിക്കുക" എന്നതാണ് നിയമപ്രകാരമുള്ള ചുമതലയായി രേഖപെടുത്തി കാണുന്നത്. അതേ സമയം പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(എം.എസ്.) നം. 72/2017ത.സ്വ.ഭ.വ. ഖണ്ഡിക.12.16പ്രകാരം സബ്സിഡി മാർഗ്ഗരേഖകൾ അനുസരിച്ചോ സാംസ്കാരിക വകുപ്പിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടോ പ്രോത്സാഹന സഹായം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 13 ാം പദ്ധതി നടത്തിപ്പിനായി സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 80/17ത.സ്വ.ഭ.വ. തിയതി. 3.4.17 പ്രകാരം സാംസ്കാരിക പരിപാടികൾക്ക് ധനസഹായം നൽകുന്നതിന് അനുമതി ഇല്ല. അതേ സമയം സാംസ്കാരിക വകുപ്പിലെ ധനസഹായം സംബന്ധിച്ച ഉത്തരവുകൾ നിർദ്ദേശങ്ങൾ എന്നിവ ലഭ്യമാക്കുകയോ ധന സഹായത്തിനുള്ള സംഘടനകളുടെ അർഹതാ മാനദണ്ഡങ്ങൾ, സെലക്ഷൻ, യോഗ്യത എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാതെ ജനറൽ വിഭാഗം പദ്ധതി വിഹിതം സാംസ്കാരിക സമുച്ചയം പദ്ധതിക്കു വേണ്ടി ചെലവഴിക്കാൻ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിക്ക് വെറ്റിംഗ് ഓഫീസർ, അപ്പലേറ്റ് കമ്മിറ്റി എന്നിവർ അനുമതി നൽകാത്ത സാഹചര്യത്തിൽ (പദ്ധതി അംഗീകാരം സംബന്ധിച്ച 72/17 മാർഗ്ഗരേഖ ഖണ്ഡിക 10.2.(3) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഒരു പ്രോജക്ടിനും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി അനുമതി ശുപാർശ നൽകാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ) 29.11.17തിയതിയിലെ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങി പദ്ധതി നടപ്പാക്കുകയാണുണ്ടായത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച

മോണിറ്ററിഗ് നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ പ്രവർത്തനം തൃപ്തികരമായി കാണുന്നില്ല.

വിവിധ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും ധനസഹായം സ്വീകരിച്ച് കൊണ്ട് നടത്തുന്ന സാംസ്കാരിക പരിപാടികൾക്ക് ഉണ്ടായി എന്ന് അവകാശപ്പെടുന്ന നഷ്ടം നികത്തേണ്ട ചുമതല ജില്ലാ പഞ്ചായത്തിന് ഇല്ല. കലയും സംസ്കാരവും പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രാദേശിക ഗവൺമെന്റുകൾ ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുമ്പോഴും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക നിലയം, വായനശാലകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, ഇത്തരം പ്രവർത്തനങ്ങളിൽ ജനകീയ സമിതികളുടേയും, സന്നദ്ധ സംഘടനകളുടേയും നേതൃത്വത്തിൽ പ്രാദേശിക വിഭവങ്ങൾ സമാഹരിച്ചുവേണം സംഘടിപ്പിക്കേണ്ടത് എന്നും കൂടി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നൽകിയ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ മറികടന്നും പഞ്ചായത്ത് രാജ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായിട്ടല്ലാതെയും പദ്ധതി പണം ഇത്തരത്തിൽ ചെലവഴിക്കുന്നത് അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പൊതുവായ/മേഖലാടിസ്ഥനത്തിലുള്ള ചുമതലകൾ നിറവേറ്റുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനു പകരമായി ഇത്തരം ധനസഹായ വിതരണ പ്രോജക്ടുകൾ നടപ്പാക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.

# 3-16 സ്വാഭിമാൻ പദ്ധതി: അവശേഷിക്കുന്ന ഫണ്ട് വിനിയോഗിക്കാൻ തുടർനടപടി സ്വീകരിക്കണം- ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

തൃശ്ശൂർ ജില്ലയെ സമ്പൂർണ്ണ പാർപ്പിട ജില്ലയാക്കി മാറ്റുന്നതിനായി ഹഡ്കോയുടെ സഹകരണത്തോടെ 1999-2000 വർഷത്തിൽ ആരംഭിച്ച സ്വാഭിമാൻ പദ്ധതിയിലെ നിലവിലുള്ള രണ്ട് അക്കൗണ്ടുകളിലായി 6060385 രൂപ നീക്കിയിരിപ്പുള്ളതായി ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കിൽ കാണുന്നു. പദ്ധതി നിർവ്വഹണത്തിലെ പിഴവുകൾ മൂലം പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കുകയുണ്ടായി. എന്നാൽ വർഷങ്ങളായി വിനിയോഗിക്കാതെ വിവിധ അക്കൗണ്ടുകളിലായി സൂക്ഷിച്ചിട്ടുള്ള തുകകൾ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാനാവശ്യപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(പി)419/15 ഫിൻ തി.19.09.15 ഉത്തരവിലെ നിർദ്ദേശം ജില്ലാ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഭവന നിർമ്മാണ പദ്ധതിയ്ക്കായി പഞ്ചായത്തുകൾ വകയിരുത്തിയ തുകയിൽ നീക്കിയിരിപ്പുള്ള തുകകൾ ലൈഫ് പദ്ധതിയ്ക്കായി വക മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്തുകൾക്ക് ഇത്തരത്തിൽ വക മാറ്റാനുള്ള അനുമതിയില്ലാത്തതിനാൽ ഈ തുക നിലവിൽ പ്രയോജനപ്പെടുത്താനാവാത്ത സ്ഥിതി വിശേഷമാണുള്ളത്. ഈ തുക സ്വാഭിമാൻ പദ്ധതിയ്ക്കായി തുടർന്ന് വിനിയോഗിക്കാൻ നിലവിൽ സാധ്യമല്ല. വർഷങ്ങളായി ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ഭരണസമിതി വ്യക്തമായ തീരുമാനമെടുത്തിട്ടില്ല.. ആയതിനാൽ ഈ തുക ലൈഫ് പദ്ധതിയ്ക്കായി വിനിയോഗിക്കാമോ എന്നത് സംബന്ധിച്ച് സർക്കാറിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും തുക നിയമാനുസൃതം വിനിയോഗിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-17 എ ബി സി പ്രോഗ്രാം (അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) - അവലോകനം

അലഞ്ഞുതിരിയുന്നതും വീടുകളിൽ വളർത്തുന്നതുമായ മുഴവൻ നായ്ക്കളുടെയും പ്രജനന നിയന്ത്രണത്തിനും പേവിഷ പ്രതിരോധ കുത്തിവെയ്പ്പിനുമായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ ബി സി പ്രോഗ്രാം) ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്ത പ്രോജക്ടായി ഏറ്റെടുത്തിട്ടുള്ള ഈ പദ്ധതിയിൽ ജില്ലയിലെ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും വിഹിതം ജില്ലാ പഞ്ചായത്തിന് കൈമാറണം

<u>നിർവ്വഹണ രീതി</u>

പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറാണ്. പദ്ധതി നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയാണ് ചെലവ്

നടത്തുന്നത്. 12 എ ബി സി കേന്ദ്രങ്ങൾ സജ്ജീകരിച്ചുകൊണ്ട് വാഹന സൗകര്യം, നായ്ക്കളെ സംരക്ഷിക്കുന്നതിനുള്ള കൂട്, മരുന്ന്, ഭക്ഷണം, മാലിന്യ സംസ്കരണം, ഓപ്പറേഷൻ തിയ്യറ്ററുകൾ, ഡോക്ടർമാർ, നഴ്സിംഗ് അസിസ്റ്റന്റ്, കെയർ ടേക്കർ, ഡോഗ് ക്യാച്ചർ എന്നിവരുടെ സേവനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

<u>സാമ്പത്തിക വിശകലനം</u>

സ്ഥിരം ചെലവ്

ജില്ല പഞ്ചായത്ത് വിഹിതം - 700000

ഗ്രാമപഞ്ചായത്ത് വിഹിതം- 3870000

മുനിസിപ്പാലിറ്റി - 630000

----------------

– 5200000

നടത്തിപ്പ് ചെലവ് ( ഒരു നായയ്ക്ക് ശരാശരി 2050 രൂപ)

86 ഗ്രാമപഞ്ചായത്തുകൾ (86*100*2050) - 17630000

7 നഗരസഭകൾ ( 7*200*2050) - 2870000

**ആകെ ചെലവ് - 2,57,00,000**

<u>ധനാഗമന വിവരം</u>

ഗ്രാമപഞ്ചായത്തുകൾ ( 83) -7341000

നഗരസഭകൾ ( 6) - 5,75,000

ആകെ -79,16,000

<u>നിലവിലുള്ള സംവിധാനവും നടത്തിപ്പും ചെലവും</u>

2016-17 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി 12 കേന്ദ്രങ്ങളിലായാണ് നടപ്പിലാക്കാനുദ്ദേശിച്ചിരുന്നത് എങ്കിലും 16-17,17-18 വർങ്ങളിൽ 7 കേന്ദ്രങ്ങളിലായാണ് നടപ്പിലാക്കിയിരിക്കുന്നത്.മേൽ വർഷങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണ വകുപ്പ്) മുഖേന നടപ്പിലാക്കിയ പദ്ധതി 18-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ( സ.ഉ. നം 1450/2017/ത സ്വ ഭ വ തി. 5.5.17) ഭരണസമിതി തീരുമാന പ്രകാരം ( 26.10.18 ലെ തീരുമാനം 15) ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ യെ ഏൽപ്പിച്ചു. കുടുംബശ്രീ 5 മൈക്രോ യൂണിറ്റുകൾ മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി ഡി ഡി (എ. എച്ച്) ന്റെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് 7536000 രൂപ കൈമാറിയിട്ടുണ്ട്. 16-17 ൽ 700000രൂപ പ്ലാൻ ഫണ്ടുപയോഗിച്ച് ഒരു അൾട്രാ സൗണ്ട് സ്കാനർ വാങ്ങിയിട്ടുണ്ട്. മേൽ പ്രകാരം ടി എസ് ബി അക്കൗണ്ടിലേക്ക് കൈമാറിയ തുകയിൽ 16-17,17-18 വർങ്ങളിലായാണ് ചെലവ് നടന്നിരിക്കുന്നത്. 2016-17 വർഷത്തിൽ 1702000 രൂപയും 2017-18 വർഷത്തിൽ 3473305 രൂപയെ ഉൾപ്പെടെ 5175305 രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ വർഷങ്ങളിൽ വെള്ളാങ്കല്ലൂർ, ചാലക്കുടി, മാള, മതിലകം, അന്തിക്കാട്, ചാവക്കാട്, മുണ്ടത്തിക്കോട് എന്നിങ്ങനെ അടിസ്ഥാന സൗകര്യമുള്ള 7 വെറ്ററിനറി ഹോസ്പിറ്റലുകളിൽ സജ്ജീകരിച്ച 7 കേന്ദ്രങ്ങളിലായി ഡോക്ടർമാർ, നഴ്സിംഗ് അസിസ്റ്റന്റ്, കെയർ ടേക്കർ, ഡോഗ് ക്യാച്ചർ എന്നിവരുടെ സേവനത്തിൽ 68 ഗ്രാമപഞ്ചായത്തുകൾ 6 നഗരസഭകൾ എന്നിവിടങ്ങളിലായി 2122 എണ്ണത്തിന്റെ വന്ധ്യംകരണം നടത്തി. 2017-18 വർഷത്തിൽ 2,02,64,000 അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയില്ല.

2018-19 വർഷത്തിൽ പദ്ധതി നടത്തിപ്പ് കുടുംബശ്രീ യെ ഏൽപ്പിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഡി ഡി (എ. എച്ച്) ന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 236095 രൂപ 17.12.18 ൽ കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. തൻവർഷം 5 കേന്ദ്രങ്ങളിലായി 1497നായ്ക്കളുടെ വന്ധ്യംകരണം നടത്തുകയും ഒന്നിന് 2100 രൂപ നിരക്കിൽ 1099 എണ്ണത്തിനുള്ള തുകയായ 2307900 രൂപ ചെലവഴിക്കുകയുമുണ്ടായി. 52795 രൂപ

നീക്കിയിരിപ്പുണ്ട്.

**പദ്ധതി നടത്തിപ്പിലെ പോരായ്മകൾ, പരിഹാരം**

2016-17 വർഷത്തിൽ ഏകവർഷ പദ്ധതിയായി ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യം 10000 ഓളം വരുന്ന നായ്ക്കളെ പ്രജനന നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുക എന്നതായിരുന്നു. പദ്ധതി ആരംഭിച്ച് മൂന്ന് വർഷം പിന്നിട്ടിട്ടും പദ്ധതിയുടെ ലക്ഷ്യം 50 % പോലും കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നത് പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ പോരായ്മയാണ്.

പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലും ഉറപ്പുവരുത്തുവാൻ നിർവ്വഹണാധികാരികൾക്ക് സാധിച്ചില്ല എന്നത് പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. 12 കേന്ദ്രങ്ങളിലായി നടത്താനുദ്ദേശിച്ച പദ്ധതി അടിസ്ഥാന സൗകര്യങ്ങൾ കണക്കിലെടുത്ത് 7 കേന്ദ്രങ്ങളിലായാണ് നടപ്പിലാക്കിയത്.

ഡോഗ് ക്യാച്ചർമാരുടെ അപര്യാപ്തത മൂലം രണ്ടോ മൂന്നോ കേന്ദ്രങ്ങൾ മാത്രമാണ് ഒരേ സമയം പ്രവർത്തിപ്പിക്കുവാൻ സാധിച്ചിരുന്നത്. എ ബി സി കേന്ദ്രങ്ങളിൽ മൃഗങ്ങളെ പരിപാലിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടതും പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു.

മാലിന്യ സംസ്കരണത്തിനായി പ്രത്യേക സജ്ജീകരണങ്ങളൊന്നും തന്നെ ഉറപ്പുവരുത്തിയിരുന്നില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഇൻസിനറേറ്റർ സ്ഥാപിച്ചും ഇമേജുമായി സഹകരിച്ചും മാലിന്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതാണെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇത്തരത്തിലുള്ള ഒരു രീതിയും പദ്ധതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. അതാത് കേന്ദ്രങ്ങളിൽതന്നെകുഴിച്ചുമൂടുന്ന രീതിയാണ് അവലംബിച്ചിരുന്നത്.

പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായി പറയുന്നു. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ വിലയിരുത്തലുകളോ ഒന്നും തന്നെ നടന്നതായി കാണുന്നില്ല.

# 3-18 സംയുക്ത പദ്ധതി-ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥൻ, പദ്ധതി നം.378/18, "അംഗൻവാടികൾക്ക് പോഷകാഹാരം: പഞ്ചായത്ത് വിഹിതം നൽകൽ" എന്നതിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന് നൽകിയ 2,50,000/ രൂപാ (ബിൽ നം.116/13.9.2017) വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ കിടക്കുന്നു.

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3/10/2018ലെ A2/3388/18 നമ്പർ കത്തിൽ, ഈ തുക 2017-18 വർഷത്തിൽ ചെലവഴിച്ചിട്ടില്ലായെന്നും, 2018-19 വർഷത്തിൽ അംഗൻവാടി പോഷകാഹാരപദ്ധതിയ്ക്കായി വിനിയോഗിക്കാമെന്നും പറയുന്നുണ്ട്.

എന്നാൽ സംയുക്ത പദ്ധതികളുടെ മാർഗരേഖ, ജി.ഒ.(പി)നം.7/2017/Fin, dt.23.1.17-ലെ നിർദേശം പ്രകാരം ഉപയോഗിക്കാത്ത തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് ഫെബ്രുവരി 28 ന് മുൻപ് തിരിച്ചടക്കേണ്ടതാണ്. മാർച്ച് 31-ന് ചെലവഴിക്കാതെ ബാക്കിയുള്ള തുക പ്രൊജക്ട് നിർവ്വഹിക്കുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സർക്കാരിലേക്ക് തിരിച്ചടക്കണം എന്നും ഉത്തരവിലെ ഖണ്ഡിക VIൽ പറയുന്നു. ആയതിനാൽ മേൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെടേണ്ടതാണ്.

# 3-19 വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

I. സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.376/18, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ എന്നതിൽ താഴെ പറയുന്ന പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | തുക | ബിൽ നമ്പർ/തിയതി |
|---|---|---|
| കാട്ടുകുറ്റി | 6,00,000/- | 104, dt.30.8.17,969 dt.26.2.18 |
| മേലൂർ | 20,00,000/- | 205 dt.28.10.17,969 dt.26.2.18 |
| അവിണിശ്ശേരി | 10,00,000/- | 151 dt.4.10.17,969 dt.26.2.18 |
| പരിയാരം | 20,00,000/- | 124 dt.18.9.17,969 dt.26.2.18 |

| | | |
|---|---|---|
| അന്തിക്കാട് | 5,00,000/- | 190 dt.21.10.17 |
| ശ്രീനാരായണപുരം | 5,00,000/- | 151 dt.4.10.17 |
| മുരിയാട് | 5,00,000/- | 124,dt.18.9.17 |
| എറിയാട് | 5,00,000/- | 151 dt.4.10.17 |
| വെങ്കിടങ്ങ് | 5,00,000/- | 204 dt.28.10.17 |
| പുത്തൂർ | 5,00,000/- | 190 dt.21.10.17 |
| എടവിലങ്ങ് | 5,00,000/- | 190 dt.21.10.17 |
| വള്ളത്തോൾനഗർ | 5,00,000/- | 204 dt.28.10.17 |
| കടപ്പുറം | 5,00,000/- | 104 dt.30.8.17 |
| ചാഴൂർ | 5,00,000/- | 104 dt.30.8.17 |
| ആകെ | 1,06,00,000/- | |

II സെക്രട്ടറി നടപ്പിലാക്കിയ മറ്റ് സംയുക്ത പ്രോജക്ടുകളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/ പദ്ധതിയുടെ പേര് | ബിൽ നമ്പർ / തിയതി/ തുക | തുക കൈമാറിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | 805/18<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 593/18/ 30.10.17<br>25000/- | കാട്ടൂർ ഗ്രാ.പ |
| 2 | 952/18<br>വെങ്കിടങ്ങ് ഗ്രാ. പ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ<br>ഗ്രാ. പഞ്ചായത്തിന് വിഹിതം നൽകൽ | 935/18/23.2.18<br>1900000/- | വെങ്കിടങ്ങ് ഗ്രാ.പ |
| 3 | 948/18<br>ലൈഫ് മിഷൻ 17-18 ജി.പ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള അധിക വിഹിതം | 933/18/23.2.18<br>510000/- | ശ്രീനാരായണപുരം ഗ്രാ.പ |
| 4 | 965/18<br>ലൈഫ് മിഷൻ ഭവന പൂർത്തീകരണത്തിനുള്ള അധിക വിഹിതം (പൊതു വിഭാഗം ) ഗ്രാ.പ കൾക്ക് വിഹിതം | 1105/18/28.3.18<br>300000/- | അടാട്ട് ഗ്രാ.പ |
| 5 | 638/18<br>ജി.പ 17-18 വെങ്കിടങ്ങ് ഗ്രാ.പ പി എച്ച് സിയുടെ അടിസ്ഥാന സൗകര്യ വികസനം | 643/18/9.11.17<br>1000000/- | വെങ്കിടങ്ങ് ഗ്രാ.പ |
| 6 | 950/18 | 1) | മേലൂർ ഗ്രാ.പ |

| | | | | |
|---|---|---|---|---|
| | | പട്ടികജാതി വിഭാഗം കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ ജി.പ. വിഹിതം നൽകൽ | 667/18/30.12.17<br>500000/-<br>2) 1077/18/21.3.18<br>500000/- | |
| | | ആകെ | 4735000/- | |

III. ജില്ലാ പഞ്ചായത്ത് എസ് എസ് എസ് എ വിഹിതം നൽകൽ (എസ് സി പി) എന്ന പദ്ധതി പ്രകാരം ( പദ്ധതി നം 767/18) ജില്ല പ്രോജക്ട് ഓഫീസർ എസ് എസ് എ യ്ക്ക് ബിൽ നം 279/18 തി. 14.8.17 പ്രകാരം 6598503 രൂപ കൈമാറിയിട്ടുണ്ട് കൈമാറിയ തുകയ്ക്കുള്ള ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവു തുക (10600000+4735000+6598503) 2,19,33,503/- തടസ്സപ്പെടുത്തുന്നു.

# 3-20 ജില്ലാ പഞ്ചായത്ത് ഹാച്ചറി നവീകരണം - സർവീസ് ചാർജ്ജ് അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം

പ്രോജക്ട് നം - 415/18

അടങ്കൽ - 2850000

ചെലവ് – 27,67,321/-

ബിൽ നം - 2/17-18 തി. 15.9.17 തുക 570000

ബിൽ നം - 4/17-18 തി. 16.10.17 തുക 570000

ബിൽ നം - 5/17-18 തി. 30.10.17 തുക 570000

ബിൽ നം - 8/17-18 തി. 22.1.18 തുക 570000

ബിൽ നം - 11/17-18 തി. 12.3.18 തുക 285000

ബിൽ നം - 17/17-18 തി. 28.3.18 തുക 202321

കോസ്റ്റ് ഫോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 8.9.17 ന് കോസ്റ്റ് ഫോർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം പദ്ധതി പൂർത്തികരിക്കേണ്ട കാലാവധി 7 മാസമാണ് . അതുപ്രകാരം 26.3.18 ന് സ്ഥാപനം പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം സർവീസ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നത് 8 % ആണ്. കരാറിൽ ഇത് സംബന്ധിച്ച ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവുകളാണ് പ്രതിപാദിച്ചിരിക്കുന്നതും .

അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവർത്തികളിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നത് സംബന്ധിച്ച് 18.5.07 ലെ സ.ഉ.(എം.എസ്.)133/07 എൽ എസ് ജി ഡി ഉത്തരവ് പ്രകാരം പരമാവധി നൽകാവുന്നത് 2.5 % മാത്രമാണ്. ഇക്കാര്യത്തിൽ ധനവകുപ്പ് 1.1.13 ലെ 110931 Ind .& PW-B2 ധനം കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. കരാറിലേർപ്പെടുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ ഉത്തരവുകളും നിർദ്ദേശങ്ങളുമാണ് കരാറിലുൾപ്പെടുത്തിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനാണെന്നിരിക്കെ മേൽ വിഷയവുമായ് ബന്ധപ്പെട്ട ത.സ്വ ഭ വകുപ്പിന്റെ ഉത്തരവിലെയും തുടർന്ന് ഈ വിഷയത്തിൽ വന്ന സ്പഷ്ടീകരണത്തിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതുമൂലം 122784 രൂപ (പ്രവൃത്തിമൂല്യം 2232430) അധികം നൽകുവാനിടയായതു മൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ തുക കോസ്റ്റ് ഫോർഡിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

# 3-21 വാഹനങ്ങളുടെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം

# പുതുക്കിയിട്ടില്ല

സ.ഉ. (എം.എസ്.) നം.970/07/ത.സ്വ.ഭ.വ. തിയതി.30.06.2007 പ്രകാരം ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമത പരിശോധന ആറുമാസത്തിലൊരിക്കൽ നടത്തേണ്ടതും സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന താഴെ പറയുന്ന വാഹനങ്ങളുടെ ഇന്ധനക്ഷമതാ സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിച്ചതായി കാണുന്നു.

| ക്രമ നമ്പർ | വാഹനം | രജിസ്റ്റർ നമ്പർ | സാക്ഷ്യപത്രത്തിന്റെ കാലാവധി |
|---|---|---|---|
| 1 | ടവേര | KL-08-AX 7480 | 27-09-17 |
| 2 | സ്വിഫ്റ്റ് ഡിസയർ | KL-08 AX 5758 | 10-01-18 |

വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന കൃത്യമായി നടത്തി സാക്ഷ്യപത്രം ലോഗ് പുസ്തകത്തിൽ പതിപ്പിച്ച് വെക്കേണ്ടതാണ്.

കൂടാതെ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ആയത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# 3-22 അഡ്വാൻസ് തുക ക്രമീകരിക്കാത്തത് -തുടർനടപടി സ്വീകരിക്കണം

ജില്ലാ പഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം മുൻ വർഷം നൽകിയതുൾപ്പെടെ ആകെ 2819183/- രൂപ മുൻകൂർ നൽകിയതിൽ ക്രമീകരിച്ച 931676/- രൂപ കഴിച്ച് ബാക്കി 1887507/- രൂപ ഇനിയും ക്രമീകരിക്കാനുള്ളതായി കാണുന്നു. അഡ്വാൻസ് നൽകിയ തിയതി, ക്രമീകരിച്ച തിയതി, വൗച്ചർ നം, ബാക്കി തുക അടവാക്കിയതിന്റെ വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ജി.ഒ.(പി)419/11 തി.04.10.11 ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം (കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 99) അഡ്വാൻസ് തുകകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം 6 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മുൻവർഷം നൽകിയതുൾപ്പെടെയുള്ള അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ രേഖപ്പെടുത്തലുകൾ രജിസ്റ്ററിലില്ല. വാർഷിക കണക്ക് പ്രകാരം ( 17-18 AFS B-18) 601507 രൂപ മാത്രമാണ് ക്രമീകരിക്കാൻ ബാക്കിയുള്ളത്. യഥാർത്ഥത്തിൽ 681507 രൂപയാണ് ക്രമീകരിക്കാൻ ബാക്കിയുള്ളതായി ജില്ലാ പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്. ഇത് അംഗീകരിച്ചാൽ തന്നെ 1206000 രൂപ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ബന്ധപ്പെട്ട ഫയലുകൽ പരിശോധിച്ച് അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ക്രമീകരിക്കാത്ത അഡ്വാൻസുകളിന്മേൽ അഡ്വാൻസ് തുക 18 % പിഴ പലിശസഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-23 കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല; തുടർ നിരീക്ഷണമില്ല

2017-18 സാമ്പത്തിക വർഷം വിവിധ തീയതികളിലായി നടന്ന ജനറൽ കമ്മറ്റി യോഗ തീരുമാനങ്ങൾ നാളിതുവരെ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീരുമാനം/ തീയതി | വിഷയം | റിമാർക്ക്സ് |
|---|---|---|---|
| 1 | 9/ 03-05-2017 | പട്ടികജാതി, സ്വാഭിമാൻ എന്നീ ഭവന നിർമ്മാണ പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ആധാരം തിരിച്ച | തുടർ നടപടികളുടെ ഭാഗമായി തദ്ദേശ |

| | | | |
|---|---|---|---|
| | | നൽകുന്നതിനായി സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള തീരുമാനം | സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 20-06-17-ന് കത്ത് അയച്ചിട്ടു-ണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. |
| 2 | 1(2)/ 28-06-2017 | കുറ്റിക്കുരുമുളക് തൈകൾ ഉൽപ്പാദിപ്പിച്ച് കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാകാത്തതിനാൽ കൃഷി ഡയറക്ടർ ചേലക്കര ഫാം സൂപ്രണ്ടിന്റെ പേരിൽ അനുവദിച്ചിരുന്ന 5 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിരുന്നത് തിരിച്ച് ലഭ്യമാക്കണമെന്നുള്ള ചേലക്കര ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ടിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽ തുക തിരിച്ചു നൽകുന്നതു സംബന്ധിച്ച് സർക്കാരിന്റെ അനുവാദം ആവശ്യപ്പെടുന്നതിനുള്ള നടപടികൾക്കായുള്ള തീരുമാനം. | തുടർ നടപടികളുടെ ഭാഗമായി 27-01-2018-ന് ചേലക്കര ഫാം സൂപ്രണ്ടിന് കത്ത് അയച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. |
| 3 | 1(4)/ 28-06-2017 | പാണഞ്ചേരി സീഡ് ഫാം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സീനിയർ കൃഷി ഓഫീസറുടെ 50,000/- രൂപയുടെ അഡ്വാൻസ് ക്ലെയിം റിക്വിസിഷൻ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് മുൻ അഡ്വാൻസ് ക്രമീകരിക്കേണ്ടത് സംബന്ധിച്ച തീരുമാനം | തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |
| 4 | 23/ 17-08-2017 | 2017 ഓണാഘോഷത്തിന്റെ ഭാഗമായി മണലൂർ-കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോൽസവത്തിന്റെ ചെലവുകൾക്ക് സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറക്ക് 10 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും, പ്രോജക്ട് അംഗീകാരം ലഭിച്ച ശേഷം വികസന ഫണ്ടിൽ നിന്നും തുക തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുമുള്ള തീരുമാനം. | തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 5 | 2(2)/ 04-11-2017 | ഗുണഭോക്തൃ വിഹിതം തിരിച്ചു നൽകുന്നതിന് 1.5 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി രൂപീകരിക്കുന്നതിനും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനും തദ്ദേശ ഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം | തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 6 | 07-03-2018, 5(4) | 2012-13 സുഗന്ധ വിള വികസന പദ്ധതി പ്രകാരം ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലേക്ക് ലഭിച്ചിരുന്ന 5 ലക്ഷം രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് അന്ന് തന്നെ അടവാക്കിയിരുന്നു. കുരുമുളക് തൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരുന്നത്. 2013 മാർച്ച് 27 ന് ലഭ്യമായ തുക മാർച്ച് 31 ന് ചെലവഴിക്കണമെന്ന് നിബന്ധനയുണ്ടായിരുന്നത് പാലിക്കാൻ കഴിയാതെ വന്നതിനാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ തന്നെ 5 ലക്ഷം രൂപ ഡെപ്പോസിറ്റായി തുടരുകയാണുണ്ടായത്. പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ചേലക്കര സൂപ്രണ്ടിന്റെ അപേക്ഷ പ്രകാരമുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ യോഗം അംഗീകരിച്ചു. | തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |
| 7 | 07-03-2018, 6(2) | ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ജങ്കാർ സർവ്വീസിന്റെ പ്രതിമാസ പരിശോധനയും മറ്റും നടത്തിയിരുന്നത് റിട്ട. ചാർട്ടേർഡ് മറൈൻ എഞ്ചിനീയറായ ശ്രീ. കൃഷ്ണൻ എന്നവരാണ്. ടിയാനുമായി ജില്ലാ പഞ്ചായത്തിൽ ഉണ്ടായിരുന്ന കരാർ 12-03-2018 ന് അവസാനിക്കുകയാണ്. തുടർന്ന് ജങ്കാർ സംബന്ധിച്ച പരിശോധനയും സാങ്കേതിക ഉപദേശവും ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 21-11-2017 ലെ 1(2)തീരുമാന പ്രകാരം തുറമുഖ വകുപ്പിനെ സമീപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ജങ്കാർ സംബന്ധിച്ച പരിശോധനകളും സാങ്കേതിക ഉപദേശഹവും ലഭ്യമാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | തുടർ നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |

മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ ബന്ധപ്പെട്ട ഫയൽ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-24 കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികളും അവശ്യ ഉപകരണങ്ങളുടെ വാങ്ങലും - ചെലവു രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ - 439/18

അടങ്കൽ - 5,00,000/-

ചെലവ് - ₹3,27,113/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

2017-18 വർഷത്തെ ചെലവ് പത്രിക (01-04-2017 മുതൽ 31-12-2017 വരെയുള്ളത്) പ്രകാരം മേൽ പദ്ധതിക്കായി 3,27,113/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 1,84,527/- രൂപയുടെ ചെലവ് രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ടി തുക വൗച്ചർ നമ്പർ 633 തീയതി.03-11-17 (ചെക്ക് നമ്പർ 51700500) പ്രകാരം തനത് ഫണ്ടിൽ നിന്നും കൈമാറിയിട്ടുള്ളതാണ്. ടി പദ്ധതിക്കായി ചെലവഴിച്ച ബാക്കി തുകയായ 1,42,586/- രൂപ കൈമാറിയതിന്റെ വിവരങ്ങൾ ബിൽ രജിസ്റ്ററിൽ ഇല്ല. 1,42,586/- രൂപ ചെലവഴിച്ചതിന്റെ വൗച്ചറുകളോ അനുബന്ധ ബില്ലുകളോ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 1,42,586/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 19/17-18 തീയതി. 12-02-2018)

# 3-25 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം പാണഞ്ചേരി കണ്ണാറ യൂണിറ്റിൽ മരംവീണ് തകർന്ന മേൽക്കൂര റിപ്പയറിങ്ങ് - അപാകതകൾ

പ്രോജക്റ്റ് നമ്പർ - 297/18

അടങ്കൽ - ₹ 2,45,000/-

ട്രഷറി ബിൽ നമ്പർ - 1/17-18 തീയതി. 17.01.18 ₹ 1,41,275/-

കരാറുകാരൻ - അജയകുമാർ.വി.വി.

എം.ബി.നമ്പർ - 281

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മുന്നോടിയായി മേൽക്കൂരയിൽ ഉണ്ടായിരുന്ന പട്ടിക, കഴുക്കോൽ എന്നിവ മാറ്റിയതിന്റെ കൃത്യമായ വിവരങ്ങൾ ഫയലിലും, എം. ബുക്കിലും രേഖപ്പെടുത്തിക്കാണുന്നില്ല. മേൽ പ്രവൃത്തി നടത്തുമ്പോൾ മേൽക്കൂരയിൽ ഉണ്ടായിരുന്ന പട്ടിക, കഴുക്കോൽ എന്നിവ മാറ്റിയിട്ടുള്ളതാണെന്നും, ഇവ ഉപയോഗിക്കാനാവാത്ത വിധം കേടുവന്നതായതിനാൽ ഫയർവുഡ് ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും, 30 കിലോഗ്രാമോളം വരുന്ന ഫയർവുഡ് സ്റ്റോക്കിലെടുത്ത് രശീതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സീനിയർ കൃഷി ഓഫീസർക്ക് അയച്ച കത്തിന്റെ പകർപ്പ് മാത്രമെ ഫയലിൽ ലഭ്യമായിട്ടുള്ളൂ. ഫയർവുഡിന്റെ തൂക്കം രേഖപ്പെടുത്തിയിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. അഴിച്ചുമാറ്റിയ മര ഉരുപ്പടികളുടെ യഥാർത്ഥ തൂക്കം രേഖപ്പെടുത്തിയ പട്ടികയോ, ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. കേടുവന്ന മര ഉരുപ്പടികളുടെ യഥാർത്ഥ തൂക്കം തിട്ടപ്പെടുത്തി ആയവ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/17-18 തീയതി. 09-02-2018)

## 3-26 കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ദൈനംദിന ചെലവുകൾ - വൗച്ചറുകൾ ലഭ്യമാക്കിയില്ല

2017-18 വർഷത്തെ ചെലവ് പത്രിക പ്രകാരം പ്രോജക്റ്റ് നമ്പർ 433/18- ദൈനംദിന ചെലവുകൾ എന്ന പദ്ധതിക്കായി 2,99,691/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 2,99,691/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 30/17-18 തീയതി. 12.02.2018)

## 3-27 വിവിധ പാടശേഖരങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ - അപാകതകൾ.

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നടപ്പാക്കിയ വിവിധ പാടശേഖരങ്ങളിൽ മോട്ടോർ സ്ഥാപിക്കുക എന്ന പദ്ധതിയിൽ, മോട്ടോർ ഷെഡ്ഡ് ഇല്ലാത്ത പാടശേഖരങ്ങൾക്കായി പമ്പ് സെറ്റുകൾ വാങ്ങി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | വിതരണം ചെയ്ത പമ്പ് സെറ്റുകളുടെ എണ്ണം | നിരക്ക് | സപ്ളൈ ചെയ്ത സ്ഥാപനം | തുക, ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1 | 304/18 | അന്നകര പഞ്ചായത്തിലെ പുഞ്ചകോൾ പടവിന് 50 HP എൻഡ് സെക്ഷൻ മിക്സഡ് ഫ്ളോ പമ്പ് സെറ്റ് വിതരണം. | 1 | 3,30,000 | m/s ത്രിവിക്രം ഫ്ളോടെക്, തേഡ് ക്രോസ്, കോയമ്പത്തൂർ. | 3,00,000/- 25/17-18 31-03-18 |
| 2 | 309/18 | കടങ്ങോട് ഗ്രാമ പഞ്ചായത്തിലെ അറക്കുളം ചെമ്പ്രക്കുളം പാടശേഖരത്തിൽ 10 HP ഇലക്ട്രിക് മോണോ ബ്ളോക്ക് മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ. | 2 | 2,20,000 | " | 2,20,000/- 19/17-18, 31-03-18 |

മേൽ പറഞ്ഞ പാടശേഖരങ്ങളിൽ മോട്ടോർ ഷെഡ്ഡ് (പമ്പ് ഹൗസ്) ഇല്ലാത്തതിനാൽ പമ്പ് സെറ്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ പമ്പ് സെറ്റുകൾ പാടശേഖര സമിതികൾക്ക് കൈമാറിയതായും ഫയലിൽ നിന്ന് വ്യക്തമാകുന്നു.

മോട്ടോർ സമയബന്ധിതമായി സ്ഥാപിക്കുവാൻ സാധിക്കാത്ത അവസ്ഥയിൽ മോട്ടോറും അനുബന്ധ സാമഗ്രികളും എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരവും, ആയവ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 65/17-18 തീയതി,07-06-2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ ജില്ലാ പഞ്ചായത്ത് ഈ ഇനത്തിൽ ചെലവഴിച്ച 5,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-28 പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി - അപാകതകൾ.

പ്രോജക്ട് നമ്പർ - SO866/18.

അടങ്കൽ - 25,00,000/-

ചെലവ് - 15,39,356/-

ബിൽ നമ്പർ - 179/17-18, തീയതി - 28-02-2018.

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സി. എഞ്ചിനീയർ.

കരാറുകാരൻ - എൻ. ഹക്കീം.

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2013-14 വർഷത്തിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്ക് 25,00,000/- രൂപ വകയിരുത്തുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ടെണ്ടർ നടപടിയിലൂടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ഓഡിറ്റ് വർഷം പൂർത്തിയാക്കിയ ടി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത് ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ത.സ്വ.ഭ.വ. എക്സി. എഞ്ചിനീയറെ 15-01-2018 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ യോഗ തീരുമാനം നമ്പർ 13 പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പദ്ധതി ഗ്രാമ പഞ്ചായത്തിന് കൈമാറിയതിന്റെയോ, പ്രവൃത്തി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത് ജലവിതരണം ആരംഭിച്ചതിന്റേയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

10-06-2014 ന് കരാറിൽ ഏർപ്പെട്ട് 15 മാസത്തിനകം പൂർത്തീകരിക്കേണ്ട ടി പ്രവൃത്തി പൂർത്തീകരിച്ചത് 25-05-2017 നാണ്. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണം നടത്തിയതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 54/17-18 തീയതി, 01-06-2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതിക്കായി ജില്ലാ പഞ്ചായത്തിനുണ്ടായ 15,39,356/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-29 പൊതുമരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം - ഓഡിറ്റ് നിരീക്ഷണങ്ങൾ

2017-18 വർഷത്തെ (കൃഷി അനുബന്ധ പ്രവൃത്തികൾ ഒഴികെയുള്ള) പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്. സ്പിൽഓവർ പ്രൊജക്ടുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറും പുതിയ പ്രവൃത്തികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് നിർവ്വഹിച്ചിരിക്കുന്നത്. തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് ₹ | നടപ്പാക്കിയത് / ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 353 | 247 | 70 |
| തുക | 413169907 | 219013654 | 53 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 70%പ്രൊജക്ടുകളിൽ മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 53% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം ഓരോ

വർഷവും പൂർത്തിയാക്കപ്പെടാത്ത പ്രൊജക്റ്റുകൾ സ്പിൽഓവർ ആയി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിവരികയാണ് ചെയ്തുവരുന്നത്. തന്മൂലം സ്പിൽഓവർ പ്രൊജക്റ്റുകളുടെ എണ്ണം വളരെയധികം വർദ്ധിക്കുന്നു.

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽഓവർ പ്രൊജക്റ്റുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് ആരംഭിച്ച വർഷം | സ്പിൽഓവർ പ്രൊജക്റ്റുകളുടെ എണ്ണം | തൻവർഷം ചെലവ് നടത്തിയ പ്രൊജക്റ്റുകളുടെ എണ്ണം |
|---|---|---|
| 2012-13 | 4 | 1 |
| 2013-14 | 46 | 27 |
| 2014-15 | 1 | 1 |
| 2015-16 | 17 | 12 |
| 2016-17 | 263 | 192 |
| വർഷം രേഖപ്പെടുത്താത്ത പ്രൊജക്റ്റുകൾ | 22 | 14 |
| ആകെ | 353 | 247 |

മേൽ പറഞ്ഞ പ്രകാരം 2012-13 മുതലുള്ള പ്രൊജക്റ്റുകൾ പൂർത്തിയാകാതെ അവശേഷിക്കുന്നു. സ്പിൽഓവർ ആയി അംഗീകാരം ലഭിച്ച 22 പ്രൊജക്റ്റുകൾ ഏത് വർഷത്തിൽ ആരംഭിച്ചതാണെന്ന് സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇവയിൽ 14 പ്രൊജക്റ്റുകൾക്ക് തൻവർഷം ചെലവ് നടത്തിയിട്ടുണ്ട്. സ്പിൽഓവർ പ്രൊജക്റ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനിടയാക്കുന്നതിന്റെ കാരണങ്ങൾ ഗൗരവമായി പരിശോധിക്കപ്പെടേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സ.ഉ.(എം.എസ്.)3631/2017/ധന ; തിയതി 25.4.2017,തദ്ദേശഭരണവകുപ്പിന്റെ 11.5.2017ലെ സർക്കുലർ നമ്പർ ഡി.എ. 1/279/2017/തസ്വഭവ എന്നിവയനുസരിച്ച് 2015 ന മുമ്പ് ആരംഭിച്ച പ്രൊജക്റ്റുകൾ 2017-18 വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്താൻ സാധിക്കില്ലായിരുന്നു. പിന്നീട് സ.ഉ.(സാധാ)2303/2017/തസ്വഭവ; തിയതി 6.7.2017 പ്രകാരം 2015-16 ന് മുമ്പുള്ള കരാർ വെച്ച് നിർവ്വഹണം/ നിർമ്മാണം തുടങ്ങിയ സ്പിൽഓവർ പ്രൊജക്റ്റുകൾ 2017 ലെ തനത് വിഹിതമോ പദ്ധതി വിഹിതമോ ഉപയോഗിച്ച് അന്തിമപദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയിരുന്നു. പ്രസ്തുത സമയത്ത് ജില്ലാ പഞ്ചായത്തിന്റെ 126 മരാമത്ത് പ്രൊജക്റ്റുകൾ 2015-16 നും മുമ്പുള്ളതായിരുന്നു. പുതിയ ഉത്തരവിനെ തുടർന്ന് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 17.7.2017 ലെ തീരുമാനം നം.8 പ്രകാരം 55 പ്രൊജക്റ്റുകൾ ഉപേക്ഷിക്കുകയും 71 പ്രൊജക്റ്റുകൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തുകയും ചെയ്തു.

വളരെയധികം മനുഷ്യവിഭവശേഷിയും സമയവും പൊതുപ്പണവും ചെലവഴിച്ചാണ് ഓരോ പ്രൊജക്റ്റും ആസൂത്രണം ചെയ്യുന്നത്. മരാമത്ത് പ്രൊജക്റ്റുകൾക്കാണെങ്കിൽ സാങ്കേതികവിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭിക്കുകയും വേണം. ആസൂത്രണത്തിന്റെ വിവിധഘട്ടങ്ങൾ കഴിഞ്ഞ് സാങ്കേതികാനുമതിയും ജില്ലാ ആസൂത്രണസമിതിയുടേയും വെറ്റിംഗ് ഓഫീസറുടേയും അനുമതികളും ലഭ്യമാകുകയും ധനസ്രോതസ്സ് ഉറപ്പ് വരുത്തുകയും ചെയ്തതിന് ശേഷമാണ് പ്രൊജക്റ്റുകൾ നിർവ്വഹിക്കുന്നതിൽ ഇത്രയും കാലതാമസം സംഭവിക്കുന്നതും പിന്നീട് ഉപേക്ഷിക്കേണ്ട അവസ്ഥയിൽ എത്തിച്ചേരുന്നതും.

പദ്ധതി ആസൂത്രണ/നിർവ്വഹണ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ വേണ്ടത്ര ഗൗരവത്തിൽ ഉൾക്കൊള്ളാതെ പദ്ധതികൾ ആവിഷ്കരിക്കുന്നത് കാര്യക്ഷമതക്കുറവിന് കാരണമാകുന്നതായി വിലയിരുത്തുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ; തിയതി: 29.3.2017 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 9(2),9(3) അനുസരിച്ച് നിർവ്വഹണാനുമതി ലഭിച്ച പ്രൊജക്റ്റുകളുടെ നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഒരു നിർവ്വഹണപരിപാടി തയ്യാറാക്കേണ്ടതും എല്ലാ പ്രൊജക്റ്റുകളുടേയും നിർവ്വഹണപരിപാടികൾ ക്രോഡീകരിച്ച് ഒരു നിർവ്വഹണപദ്ധതി തദ്ദേശഭരണതലത്തിൽ തയ്യാറാക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും പ്രൊജക്റ്റ് നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിനും

നിർവ്വഹണകലണ്ടർ അനുസരിച്ചുള്ള നിർവ്വഹണപദ്ധതി അവലംബമാക്കേണ്ടതാണ്. എന്നാൽ നിർവ്വഹണകലണ്ടർ, നിർവ്വഹണപദ്ധതി എന്നിവ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2017-18 വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 14.8 ൽ നിർദ്ദേശിച്ച രീതിയിൽ പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തീകരണറിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജി.ഒ.(പി)177/2006/ഫിൻ; തിയതി: 12.4.06 ലെ ഖണ്ഡിക 26.6അനുസരിച്ച് ഓരോ നിർവ്വഹണഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള ഒരു പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പ്രൊജക്ടുകളുടെ നിർവ്വഹണം നിരീക്ഷിക്കാൻ ഉതകുന്ന പ്രസ്തുത രജിസ്റ്ററും സൂക്ഷിക്കപ്പെടുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ ചുമതലയുള്ള പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ മരാമത്ത്പ്രവൃത്തികൾ സംബന്ധിച്ച വിവിധകാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ടെങ്കിലും നിർവ്വഹണപുരോഗതി കാര്യമായി വിലയിരുത്തുന്നില്ല.

ജില്ലാ പഞ്ചായത്തിന്റെ അധീനയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ മുഴുവൻ ഉൾപ്പെടും വിധം ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പ്രൊജക്ട് നിർവ്വഹിക്കുമ്പോൾ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി,കെട്ടിടം എന്നിവയിലാണോ നിർവ്വഹണം നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ഉറപ്പ് വരുത്താതെ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നത് നിമിത്തം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കങ്ങളും സംഭവിക്കുന്നുണ്ട്. കൃത്യമായ ആസ്തി രജിസ്റ്ററിന്റെ അഭാവവും പ്രൊജക്ടുകളുടെ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്.
ജില്ലാ പഞ്ചായത്തിന്റെ വികസനലക്ഷ്യങ്ങൾ സമയബന്ധിതമായി നേടിയെടുക്കുന്നതിനായി പ്രൊജക്ട് നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. അതിനായി മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ അധികാരികൾ ഗൗരവത്തോടെ ഉൾക്കൊള്ളേണ്ടതും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-30 പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ പ്രാഥമികവും പ്രധാനവുമായ ഘട്ടമാണ് വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരണം. അതാത് മേഖലകളിൽ രൂപീകരിക്കുന്ന വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടം മുതൽ പൂർത്തീകരണം വരെയും സുപ്രധാനമായ ചുമതലകളാണുള്ളത്. 2017-18-ലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് യോഗനടപടിക്രമങ്ങൾ പരിശോധിച്ചതിൽ നിരീക്ഷിച്ച പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ നിർദ്ദേശങ്ങൾ (ജി.ഒ.(എം.എസ്.) നം.72/17/ത.സ്വ.ഭ.വ. തിയ്യതി.29.03.17) പ്രകാരം 10 മുതൽ 15 വരെ അംഗങ്ങൾ ഉൾക്കൊള്ളുന്നതാവണം വർക്കിങ്ങ് ഗ്രൂപ്പ്. ജില്ലാ പഞ്ചായത്തിലെ മരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് നാളിതുവരെ 22.02.17-നും 11.04.17-നും ചേർന്ന രണ്ടു യോഗങ്ങളിൽ ആകെ 8-9 പേർ മാത്രമാണ് പങ്കെടുത്തിരിക്കുന്നത്.

2. (ജി.ഒ.(എം.എസ്.) നം.72/17 ത.സ്വ.ഭ.വ. തിരുവനന്തപുരം. തിയ്യതി.29.3.17) ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണം. ആ വിധത്തിൽ ഗുണപരമായ ചർച്ചകൾ വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ നടന്നിട്ടില്ല.

3. 11.04.17-ലെ 6-ാം നമ്പർ ശുപാർശ പ്രകാരം ജില്ലാ പഞ്ചായത്ത് റോഡുകളുടെ മാപ്പ് ഉണ്ടാക്കാനുള്ള നിർദ്ദേശം ഉയർന്നുവന്നു. റോഡുകൾ ടാർ ചെയ്യുന്നതിൽ 10% പ്ലാസ്റ്റിക് ഉപയോഗപ്പെടുത്താമെന്ന ആശയവും ചർച്ച ചെയ്തു കാണുന്നു. 29.03.17-ലെ മാർഗ്ഗരേഖ നിർദ്ദേശം 12.10.1, 12.10.10 എന്നിവയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവയ്ക്കായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

4. പ്രൊജക്ട് നടപ്പാക്കിയതിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതിയായി മാറണം എന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ വിധമുള്ള അപാകതകൾ വരും വർഷങ്ങളിൽ പരിഹരിയ്ക്കപ്പെടേണ്ടതിലേക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 54/ 19.02.18)

# 3-31 പൊതുമരാമത്ത്: പുതിയ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യക്ഷമമായ പുരോഗതിയില്ല

1. പൊതുമരാമത്ത് മേഖലയിൽ തൻവർഷം രൂപീകരിച്ച പുതിയ പ്രൊജക്ടുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് നിർവ്വഹിച്ചിരിക്കുന്നത്. ഇപ്രകാരം 2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച പുതിയ പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 292 | 13 | 4.45% |
| തുക | 371316786 | 11409215 | 3.07% |

<u>2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കുന്ന പുതിയ മരാമത്ത് പദ്ധതികൾ - നിർവ്വഹണം മന്ദഗതിയിൽ; ചെലവ് 0.01% മാത്രം</u>

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18-ൽ ആവിഷ്ക്കരിച്ച പദ്ധതികളുടെ നടപ്പാക്കൽ മേൽ പ്രകാരം വളരെ മന്ദഗതിയിലാണ്. 292 പുതിയ പദ്ധതികളാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തേണ്ടതായിട്ടുള്ളത്. ആയതിന്റെ ചെലവു വിശദാംശം ചുവടെ ചേർക്കുന്നു.

ആകെ അടങ്കൽ തുക - 37,13,16,786/- രൂപ

ചെലവ് - 1,14,09,215/- രൂപ

2017-18-ലെ പദ്ധതികളിൽ ഭൂരിഭാഗത്തിന്റെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ചെലവു ശതമാനം കേവലം 3.07% മാത്രമാണ്. ഭൂരിഭാഗം പദ്ധതികളിലും ടെണ്ടർ ക്ഷണിച്ച് കരാറിലേർപ്പെട്ടിട്ടുണ്ട്. 31.05.2017-ന് ഭരണാനുമതി ലഭ്യമായെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിരിക്കുന്നത് മാസങ്ങൾക്കു ശേഷമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | ഭരണാനുമതി | സാങ്കേതികാനുമതി |
|---|---|---|---|
| 1 | 319/18<br>കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് - തിരുത്തി കുടിവെള്ള പദ്ധതി | 31.05.17 | LSGD/TS/17-18/71246 dt.15.09.17 |
| 2 | 515/18<br>വേലൂർ ഗ്രാമപഞ്ചായത്ത്- പൈനിപ്പാടം റോഡ് റീടാറിങ്ങ്, സംരക്ഷണ ഭിത്തി കെട്ടൽ | 31.05.17 | LSGD/TS/17-18/75778<br>dt. 01.10.17 |
| 3 | 361/18<br>കരുമത്ര കോളനി സമഗ്ര വികസനം - തെക്കുംകര ഗ്രാമപഞ്ചായത്ത് | 31.05.17 | LSGD/TS/17-18/95796<br>dt.28.12.17 |
| 4 | 782/18<br>പൂമംഗലം ഗ്രാമപഞ്ചായത്ത്- കറിഞ്ഞാലിപാടം ചെറിയപാലം | 31.05.17 | LSGD/TS/17-18/77459<br>dt.14.10.17 |

| | | | |
|---|---|---|---|
| | നിർമ്മാണം | | |
| 5 | 622/18<br>അന്തിക്കാട് ഗ്രാമപഞ്ചായത്ത്<br>തിണ്ടാറ്റ് കുടിവെള്ള പദ്ധതി | 31.05.17 | LSGD/TS/17-18/76428<br>dt.07.10.17 |

മേൽപ്പറഞ്ഞ പദ്ധതികൾ ടെണ്ടർ ചെയ്തിരിക്കുന്നത് 2017 നവംബർ-ഡിസംബർ മാസങ്ങളിലായാണ്. എഗ്രിമെന്റ് ജനുവരി - ഫെബ്രുവരിയിലും. ചുരുക്കത്തിൽ നിർവ്വഹണം ആരംഭിക്കുന്നത് അടുത്ത സാമ്പത്തിക വർഷത്തിൽ ആയിരിക്കുമെന്ന് പറയാം. പദ്ധതികൾ ആവിഷ്ക്കരിച്ച് ആസൂത്രണം - നിർവ്വഹണ ഘട്ടങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരം കാലതാമസം ഉണ്ടായതിന്റെ കാരണം തിരിച്ചറിഞ്ഞ് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 53/ 19.02.18)

# 3-32 ജില്ല പഞ്ചായത്ത് പീച്ചിയിൽ നിർമ്മിച്ച അക്വേറിയത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം

നിർവ്വഹണ ഉദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രൊജക്ട് നമ്പർ/പേര് : 1055/13,680/15,102/16,49/17,824/18

പീച്ചിയിലെ ശുദ്ധജല അക്വേറിയം പൂർത്തീകരണം

വകയിരുത്തിയ തുക : 23,00,000 (വികസനഫണ്ട്(എസ്.സി.പി.))

നിർവ്വഹണ ഏജൻസി : ജില്ല നിർമ്മിതി കേന്ദ്രം,തൃശ്ശൂർ

കരാർ : 555/2012-13 dt.22.3.13

ചെലവഴിച്ച തുക : ₹2015111 (2016-17 വരെ)

₹131372(ട്രഷറി ബിൽ നം.154/28.2.18)

ആകെ 2146483

അളവുപുസ്തകം : 333/12,228/14-15,8/16-17

2012-13 ൽ ആരംഭിച്ച ഈ പ്രവൃത്തിക്ക് 2017-18 ലാണ് അന്തിമബിൽ നൽകിയിരിക്കുന്നത്. 23 ലക്ഷം ചെലവിൽ പീച്ചിയിലെ ശുദ്ധജലഅക്വേറിയം പൂർത്തീകരണമാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രവുമായി 22.3.13 ൽ ഒപ്പുവെച്ച കരാർ പ്രകാരം 12 മാസമായിരുന്നു പൂർത്തീകരണകാലാവധിയെങ്കിലും 2017-18 ലാണ് പ്രൊജക്ട് പൂർത്തിയായിരിക്കുന്നത് . പ്രൊജക്ടിനായി 2146483 രൂപ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

അക്വേറിയം കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ, അക്വേറിയം സജ്ജമാക്കൽ എന്നിവക്കുള്ള ഇനങ്ങളാണ് പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൊജക്ടിന്റെ പൂർത്തീകരണറിപ്പോർട്ട് പ്രകാരം 15.3.2017 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും അക്വേറിയവും അനുബന്ധ സാമഗ്രികളും കൈമാറുകയും ചെയ്തു. ഇത് സംബന്ധിച്ച 10.3.17 ലെ letter of acceptance ൽ ജില്ല നിർമ്മിതികേന്ദ്രം പ്രൊജക്ട് മാനേജർ ഒപ്പുവച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റിയതായി ജില്ലാ പഞ്ചായത്തിന് വേണ്ടി ആരും ഒപ്പ് വച്ചിട്ടില്ല.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 7.3.2017 ലെ ഡി/444/2010 ാം നമ്പർ കത്തിൽ 1996-97 വർഷത്തിൽ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെ സ്ഥലത്ത് ശുദ്ധജല അക്വേറിയത്തിന്റെ കെട്ടിട നിർമ്മാണം നിർമ്മിതി കേന്ദ്രം,തൃശ്ശൂർ മുഖേന നടത്തിയതാണെന്നും അതിനു ശേഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 23 ലക്ഷം രൂപ ചെലവഴിച്ച് ജില്ലാ പഞ്ചായത്ത് ഇതിന്റെ പുനരുദ്ധാരണം നടത്തുകയുണ്ടായെന്നും പറയുന്നു. എന്നാൽ ഇത് ഫിഷറീസ് വകുപ്പിന്റെ സ്ഥലമായതിനാൽ പുനരുദ്ധാരണ പ്രവർത്തനം പൂർത്തിയായ മുറക്ക് പീച്ചി അക്വേറിയം ഫിഷറീസ് വകുപ്പിന് തിരികെ നൽകുവാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല പീച്ചി പട്ടികജാതി പട്ടികവർഗ്ഗ മത്സ്യതൊഴിലാളി സഹകരണസംഘത്തിന് നടത്തിപ്പ് ചുമതല പാട്ടവ്യവസ്ഥയിൽ നൽകുവാൻ ഫിഷറീസ് ഡയറക്ടറുടെ അനുവാദം

ആവശ്യമാണെന്നും കത്തിൽ പറയുന്നു. കെട്ടിടത്തിന്റെ വസ്തുനികുതി പാണഞ്ചേരി പഞ്ചായത്തിൽ അടച്ചതിന്റെ രശീതിയും കത്തിനോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.

ജില്ല പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ 18.3.17 ന് ചേർന്ന യോഗം അക്വേറിയത്തിന്റെ നടത്തിപ്പ് പ്രവർത്തനങ്ങൾക്കായി ജില്ല പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷയായ മേൽനോട്ട സമിതി രൂപീകരിക്കുകയും പീച്ചി പട്ടികജാതി പട്ടികവർഗ്ഗ മത്സ്യതൊഴിലാളി സഹകരണസംഘത്തിന് ആദ്യ മൂന്ന് മാസ കാലയളവിലേക്ക് വാടക ഈടാക്കാതെ അക്വേറിയത്തിന്റെ നടത്തിപ്പ് ചുമതല നൽകുകയും ചെയ്തു. അക്വേറിയം നടത്തിപ്പ് സംബന്ധിച്ച ദൈനം ദിന വരവ്ചെലവ് കണക്കുകൾ പീച്ചി ഫിഷറീസ് സബ്ഇൻസ്പെക്ടർ മുമ്പാകെ നൽകേണ്ടതാണെന്നും തീരുമാനിച്ചു.

സംഘത്തിന് പിന്നീട് പലവട്ടം കാലാവധി നീട്ടിനൽകിയെങ്കിലും സംഘവുമായി നാളിതുവരെയായിട്ടും കരാറിൽ ഏർപ്പെട്ടിട്ടില്ല. ജില്ലാ പഞ്ചായത്ത് വികസനകാര്യസ്ഥിരം സമിതിയുടെ 6.4.18 ലെ യോഗം അക്വേറിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുള്ളതിനാൽ ആയത് തീർപ്പാക്കിയതിനുശേഷമേ അക്വേറിയം തുടർച്ചയായി സംഘത്തിനെ ഏൽപ്പിക്കുന്നതും മറ്റും തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂയെന്ന് സംഘത്തിനെ അറിയിച്ചിട്ടുണ്ട്.

ജില്ല പഞ്ചായത്തിന്റെ 13.7.18 ൽ നടന്ന യോഗം കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സ്വഭാവം, ഉടമസ്ഥത, കൈവശം, സർവ്വെനമ്പർ എന്നിവ തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അക്വേറിയം അറ്റകുറ്റപണിക്ക് പ്രൊജക്ട് തയ്യാറാക്കുന്ന സമയത്ത് പ്രസ്തുത കെട്ടിടം ജില്ലാ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉള്ളതായിരുന്നുവോ എന്നത് വ്യക്തമല്ല. പ്രൊജക്ട് ഫോറത്തിലെ ക്രമനമ്പർ 36 ൽ ആസ്തിരജിസ്റ്ററിലുള്ള ആസ്തിയുടെ യുണീക് id നമ്പറും ചേർത്തിട്ടില്ല. ഫിഷറീസ് വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള കരാറിലും ഏർപ്പെട്ടതായി രേഖയില്ല.

അക്വേറിയത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ജില്ലാ പഞ്ചായത്ത് ത്വരിതപ്പെടുത്തേണ്ടതാണ്. ജില്ല പഞ്ചായത്തിന്റെ ആസ്തിയല്ലെന്ന് തെളിയുന്ന പക്ഷം ഭൂമിയുടെ ഉടമസ്ഥത ഉറപ്പുവരുത്താതെ നിർമ്മാണപ്രവൃത്തി ഏറ്റെടുത്ത് വൻതുക ചെലവഴിക്കാൻ ഇടയായവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-33 മുളങ്ങ് കടുംകൃഷി - സ്റ്റോക്ക് ബിൽഡിംഗും ചുറ്റുമതിൽ നിർമ്മാണവും - പറപ്പൂക്കര ഗ്രമപഞ്ചായത്ത് - അപാകതകൾ

പദ്ധതി നം. : 155/18
അടങ്കൽ തുക : 10,00,000 രൂപ
ട്രഷറി ബിൽ നം. 272/17-18/31.3.18; ചെലവു തുക : 8,03,168/- രൂപ
മേൽ പദ്ധതി പ്രകാരം മുളങ്ങ് കടുംകൃഷി സംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് (തൊട്ടിപ്പാൾ വില്ലേജ് സർവ്വേ നം. 468/1, 468/3) സംഭരണകേന്ദ്രം എന്ന പേരിൽ ഓഫീസ് മുറിഅടക്കമുള്ള സ്റ്റോർ കെട്ടിടം പണിക്ക് ഫൈനൽ ബിൽ നല്കിയിട്ടുണ്ട്
Agmt. No. 104/EE/LSGD/16-17 dt 13.5.17
കോൺട്രാക്ടർ പോൾസൺ കെ. ആർ
M.B No. 1030/1617, 1041/1617

പഞ്ചായത്ത് രാജ് ആക്ട് 173 -ാം വകുപ്പ് 1-ാം ഉപവകുപ്പ് 5-ാം പട്ടികയിൽ ജില്ലാ പഞ്ചായത്ത് നിർവഹിക്കേണ്ടതായ പൊതു ചുമതലകൾ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ,എന്നിവ വിശദമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കർഷകസംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം പണിതു നല്കുന്നത് ചുമതലയായി പറഞ്ഞിട്ടില്ല. പൊതുമരാമത്തു വിഭാഗത്തിന്റെ ചുമതലയിൽ പെടുന്നത് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നതാണ്.

ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള രേഖകൾ പ്രകാരം മുളങ്ങ്കടുംകൃഷി സംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് ജില്ലാ പഞ്ചായത്ത് കെട്ടിടം പണിതിരിക്കുന്നത്. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുള്ള 13.01.2016 ലെ എ2-245/2016 നം.കത്ത്, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കുള്ള 9.12.2016 നം കത്ത് എന്നിവ പ്രകാരം മുളങ്ങ് കടുംകൃഷി കേന്ദ്രത്തിന്റെ സ്ഥലത്താണ് പുതിയ കെട്ടിടം പണിതിരിക്കുന്നത്. ടി സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നല്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2017-18 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കൽ- മാർഗ്ഗനിർദ്ദേശങ്ങൾ (72/17/തസ്വഭവ/29.3.2017 ) ഖ 12.12.5 പ്രകാരവും ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളിൽ ഇത്തരം

നിർമ്മാണം ഉൾപ്പെടുന്നില്ല.

പദ്ധതി പ്രകാരമുള്ള ചെലവു തുക 8,03,168/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# 3-34 മുരിയാട് ഗ്രാമപഞ്ചായത്ത് - ഹരിതശ്രീ കോൾ കർഷകസംഘം, മുള്ളങ്കായൽ പമ്പ് സെറ്റ് സ്ഥാപിക്കൽ, മോട്ടോർ ഷെഡ് മെയിന്റനൻസ് - വാർഡ് 17 (ഇരിങ്ങാലക്കുട ബ്ലോക്ക് ) - അപാകതകൾ

പ്രൊജക്ട് നം:136/18

നിർവ്വഹണ ഉദ്യോഗസ്ഥൻ: എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ:വികസനഫണ്ട്

ഫയൽ നമ്പർ : ഡി 4421(1)/17

സാധാരണവിഹിതം : ₹1053641 (ചെലവ് ₹8,92,498)

ഗുണഭോക്തൃ വിഹിതം : ₹117100 (ചെലവ് ഇല്ല)

ആകെ അടങ്കൽ തുക : 1170741/-

ആകെ ചെലവ് : 892498/-

ട്രഷറി ബിൽ നം : 205/21.3.18: 61216/-

206/21.3.18: 2448/-

211/21.3.18: 748500/-

212/21.3.18: 29940/-

236/26.3.18: 50394/-

ആകെ:8,92,498/-

അളവ് പുസ്തകം: 1040/16-17, 36/2017-18, 40/2017-18

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.മേൽ പ്രൊജക്ടു പ്രകാരമുള്ള പ്രവൃത്തി വിഭജിച്ച് 3 ടെണ്ടറുകൾ മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്.അവ താഴെ പറയുന്നു.

(i).കോൺക്രീറ്റ് റാമ്പ് നിർമ്മാണവും മോട്ടോർ ഷെഡ് മെയിന്റനൻസും.

(ii).മോട്ടോർ പമ്പ് സെറ്റ് വാങ്ങലും സ്ഥാപനവും

(iii). ഇലക്ട്രിഫിക്കേഷൻ.

മേൽപറഞ്ഞവയിൽ ആദ്യപ്രവൃത്തിക്ക് ടെണ്ടറും റീടെണ്ടറും നടത്തിയിട്ടും ആരും തന്നെ എടുക്കാഞ്ഞതിനാൽ കെ. എ ഗോപികുമാർ എന്ന കോൺട്രാക്ടർക്ക് ക്വട്ടേഷൻ നൽകുകയാണ് ഉണ്ടായത്.(Agmt.no86/EE/LSGD/17-18 Dt.4.7.2017).ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതിയാണ് 2,3 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മോട്ടോർ പമ്പ് സെറ്റ് വാങ്ങലും സ്ഥാപനവും ടെണ്ടർ മുഖേന എൻ.ഹക്കീം കോൺട്രാക്ടർക്ക് നൽകി.(Agmt.no.98/EE/LSGD/22.7.17) ഇ.ആർ ആനന്ദനാണ് ഇലക്ട്രിഫിക്കേഷൻ ടെണ്ടർ ലഭിച്ചത്.(Agmt.no.150/EE/19.2.2018).

പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ഫയൽപരിശോധനയിൽ വ്യക്തമായി.കോൺക്രീറ്റ് റാമ്പ് നിർമ്മാണവും മോട്ടോർ ഷെഡ് മെയിന്റനൻസും നടന്നെങ്കിലും 30 Hpയുടെ Vertical Axial Flow Pump (VAFP) Set സ്ഥാപിക്കാൻ കഴിയുന്ന രീതിയിലല്ല സിവിൽ വർക്കുകൾ നടത്തിയത്.വാങ്ങൽ നടത്തിയ മോട്ടോർ പമ്പ്സെറ്റും അനുബന്ധഉപകരണങ്ങളും സപ്ലൈ ചെയ്യുന്ന പ്രവൃത്തി മാത്രമാണ് നടന്നത്.ഇറക്ഷൻ ജോലികൾ നടന്നില്ല.ത്രിതല ഇലക്ട്രിക്കൽ സമിതി മെമ്പർ ശ്രീ. യു.ആർ ഗോപിനാഥൻ ജില്ലാപഞ്ചായത്തിനു നൽകിയ 6.3.2018 ലെ കത്തിൽ പമ്പ് സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പവർ കണക്ഷനുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും നടന്നിട്ടില്ല.

കോൺട്രാക്ടർ ഇ. ആർ ആനന്ദൻ 12.3.2018 ന് ത്രിതല സമിതി മെമ്പറ് ശ്രീ. യു.ആർ.ഗോപിനാഥന് നല്കിയ കത്തിൽ ടി പ്രവൃത്തിക്കായി പാനൽ ബോർഡ് ഉണ്ടാക്കി പ്രവൃത്തിസ്ഥലത്ത് (മുരിയാട്) കൊണ്ടുചെന്നപ്പോൾ പമ്പ് ഹൗസിന്റെ പണികൾ പൂർത്തീകരിക്കാത്തതിനാൽ ആയത് സ്ഥാപിക്കാൻ കഴിഞ്ഞില്ല എന്ന രേഖപ്പെടുത്തികാണുന്നു. എസ്റ്റിമേറ്റ് പ്രകാരം 37 ഇനങ്ങളുള്ള ടി പ്രവൃത്തിയിൽ 12 മുതൽ 37 വരെ ഇനങ്ങൾ നിർവ്വഹണം നടത്തിയിട്ടില്ല.

ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഫയൽ പ്രകാരമുള്ള അപാകതകൾ ശരിയാണെന്ന ബോധ്യപ്പെട്ടു.മോട്ടോർ ഷെഡ് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.റാമ്പ് നിർമ്മിച്ചിട്ടുണ്ട്.എന്നാൽ 30HP VAFP Set സ്ഥാപിക്കത്തക്ക രീതിയിലുള്ള സിവിൽ വർക്കുകൾ നടത്തിയിട്ടില്ല. ഇലക്ട്രിഫിക്കേഷനാവശ്യമായ യാതൊരു പ്രവൃത്തിയും നടത്തിയതായി കണ്ടില്ല. 6,96,000 രൂപയാണ് പമ്പ്സെറ്റിന്റെ മാത്രം വില; പമ്പ്സെറ്റും ഇലക്ട്രിഫിക്കേഷനായി തയ്യാറാക്കിയ പാനൽ ബോർഡും കോൾ കർഷകസംഘത്തിന്റെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി മുരിയാട് പഞ്ചായത്ത് അസി. എഞ്ചിനീയർ അറിയിച്ചു. ഭാഗികമായി പ്രവൃത്തി ചെയ്ത് ബിൽ തുക നല്കി 31.3.2018-ന് പ്രൊജക്ട് പൂർത്തിയാക്കി. എന്നാൽ 1 വർഷവും 2 മാസവും കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. പദ്ധതി സ്ഥലത്തെ ആവശ്യകത പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽപ്രകാരമുള്ള അപാകത സംഭവിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. 6,96,000 രൂപയ്ക്ക് വാങ്ങിയ പമ്പ്സെറ്റിന്റെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടില്ല. പമ്പ്സെറ്റിന്റെ ഗ്യാരണ്ടി/ വാറന്റി പിരീഡ് എത്രകാലം ആണെന്ന് വ്യക്തമാക്കേണ്ടതാണ്.

3. 25.11.16 ൽ കൃഷി ഓഫീസർ നല്കിയ ആയക്കെട്ട് സർട്ടിഫിക്കറ്റ് പ്രകാരം 40 ഹെക്ടറില് 65 ഗുണഭോക്താക്കളുണ്ട്. ഗുണഭോക്തൃവിഹിതമായി 1,00,000 രൂപ ഡി.ഡി നം. 992025/6.1.17 പ്രകാരം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലുകളിൽ നിന്നും ആനുപാതികമായി ഗുണഭോക്തൃവിഹിതം കുറവു ചെയ്യാചെയ്യാതെ പ്ലാൻ ഫണ്ടിൽനിന്നും മുഴുവൻ തുകയും പിൻലിച്ചിരിക്കുന്നു. ആകെ ചെലവിന്റെ 10% 892498 * 10/100 = 89250 രൂപ പദ്ധതി ഫണ്ടിൽ നിന്നും അധികം പിൻവലിച്ചിട്ടുണ്ട്. ആയത് തിരികെ അടവാക്കേണ്ടതാണ്.

പദ്ധതി ആവിഷ്കരണം, നിർവ്വഹണം, പൂർത്തീകരണം എന്നീ ഘട്ടങ്ങളിൽ വിവിധ തലങ്ങളിലെ ഏകോപനമില്ലായ്മ മൂലം 8,92,498 രൂപ ചെലവ് നിഷ്ഫലമായിരിക്കുന്നു. തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവുതുക 8,92,498 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 53/1.6.2019)

# 3-35 കുടിവെള്ള പദ്ധതികൾ - അപാകതകൾ

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭ.വ) നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കിയ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട (സ്പിൽ ഓവർ) താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര്, അടങ്കൽ | ചെലവ്, ബിൽ നമ്പർ തീയതി | കരാറുകാരൻ | പ്രവൃത്തി ആരംഭിച്ച തീയതി/ കരാറിൽ ഏർപ്പെട്ട തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1. | 831/18<br>നസ്രത്ത് സെന്റർ കുടിവെള്ള പദ്ധതി,<br>മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്<br>₹1500000 | ₹82,184/-<br>86/17-18<br>23.10.17 | വീരാൻകുട്ടി. പി.എം | 21.04.2015 | 22.02.2017 |
| 2. | 881/18<br>വടക്കുംമുറി കുടിവെള്ള പദ്ധതി(SCP)വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | ₹471373<br>86/17-18<br>23.10.17 | വീരാൻകുട്ടി. പി.എം. | 21.04.15 | 25.03.17 |

| | | | | | |
|---|---|---|---|---|---|
| | ₹2000000 | | | | |
| 3. | 829/18<br><br>ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പുത്തുള്ളിപ്പാടം കുടിവെള്ളപദ്ധതി<br><br>₹1265560 | ₹52353<br>84/17-18<br>16.10.17 | വീരാൻകുട്ടി. പി.എം. | 21.04.15 | 29.04.16 |
| 4. | 852/18<br><br>കീഴില്ലം അമ്പലനട കുടിവെള്ളപദ്ധതി<br><br>ചേലക്കര ഗ്രാമപഞ്ചായത്ത്<br><br>₹1500000 | ₹142944<br>64/17-18<br>26.09.17 | മണികണ്ഠൻ.കെ | 18.02.15 | 14.03.17 |
| 5. | 845/18<br><br>തവളപ്പാറ കുടിവെള്ള പദ്ധതി<br><br>പരിയാരം ഗ്രാമപഞ്ചായത്ത്<br><br>₹2225000 | ₹1000513<br>88/17-18<br>23.10.17 | ജോസ്.വി.പി | 26.09.15 | 15.06.17 |
| 6. | 848/18<br><br>ചെറുപറമ്പ് കോളനി കുടിവെള്ള പദ്ധതി(SCP)<br><br>മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്<br><br>₹1500000 | ₹680479<br>82/17-18<br>16.10.17 | വീരാൻകുട്ടി.പി.എം | 21.04.15 | 11.04.17 |
| 7. | 835/18<br><br>അവിയൂർ പനന്തറ കോളനി കുടിവെള്ള പദ്ധതി(SCP)<br><br>₹2090000 | ₹220813<br>68/17-18<br>26.09.17 | സന്തോഷ് ജാക്ക് | 19.12.14 | 11.03.17 |

മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

1. പൂർത്തീകരിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. കുടിവെള്ള പദ്ധതികൾ പൂർത്തിയായവ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ്. തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതാണ്. ആയതിന്റെ രേഖകൾ ഒന്നും ഫയലുകളിൽ ലഭ്യമായില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിയമപരമായ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-36 താന്ന്യം ഗ്രാമപഞ്ചായത്ത് - അമ്പലക്കടവ് റോഡ് റീ-

# ടാറിംഗ് - ഫൈനൽ ബില്ലിലെ അപാകതകൾ: വാറ്റ് ഈടാക്കിയിട്ടില്ല – എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നീളത്തിൽ ടാറിംഗ് നടത്തി.

പദ്ധതി നം. 212/18

അമ്പലക്കടവ് റോഡ് ടാറിംഗ് W18, താന്ന്യം ഗ്രാമപഞ്ചായത്ത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സി. എഞ്ചിനീയർ

അടങ്കൽ തുക - 7,50,000/-

(മെയിന്റനൻസ് ഫണ്ട് റോഡ്)

എഗ്രിമെന്റ് നം. - 79/EE/LSGD/16-17 dt. 06.03.17

ബിൽ നം. - 93/17-18 തി. 08.01.18
തുക - 5,71,475/- രൂപ

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 445 മീറ്റർ റോഡാണ് ടാർ ചെയ്യാൻ ഉദ്ദേശിച്ചത്. ഇതിനായി 7.5 ലക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രവൃത്തി ചെയ്തിരിക്കുന്നത് 366 മീറ്റർ മാത്രമാണ്. എസ്റ്റിമേറ്റ് എടുത്തപ്പോൾ അമ്പലക്കടവ് ലിങ്ക് റോഡിന്റെ ഒരു ഭാഗം തെറ്റായി എടുത്തതിനാൽ 366 മീറ്റർ മാത്രമാണ് പ്രവൃത്തി ചെയ്ത റോഡിന്റ് നീളമെന്ന് അളവുപുസ്തകം പേജ് 23ൽ അസി.എക്സി.എഞ്ചിനീയർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 72/20.02.18). ശരിയായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാലാണ് ഇത്തരത്തിൽ അപാകതയുണ്ടായത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-37 റിടെൻഷൻ തുക പിടിക്കാതെ പാർട്ട് ബിൽ പേയ്മെന്റ് നടത്തുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ(ത.സ്വ.ഭ.വ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ പലതിലും റിടെൻഷൻ തുക കുറവ് ചെയ്ത് കാണുന്നില്ല. പാർട്ട് ബിൽ തുക നിശ്ചിത ശതമാനത്തിൽ ലിമിറ്റ് ചെയ്ത് കരാറുകാർക്ക് തുക അനുവദിക്കുന്ന രീതിയാണ് കാണുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | കരാറുകാരൻ | പാർട്ട്ബിൽ തുക (പ്രവൃത്തിമൂല്യം) | അനുവദിച്ച തുക |
|---|---|---|---|---|---|
| 1. | 840/18 കാടാമ്പുഴ ബണ്ട് റോഡ് | 20,00,000 | തൃശ്ശൂർ നിർമ്മാണ തൊഴിലാളി സംഘം | 8,70,283 | Limited to 75% ₹6,52,712 |
| 2. | 827/18 മുല്ലശ്ശേരി, വെങ്കിടങ്ങ് അംഗൻവാടികളുടെ നിർമ്മാണം | 15,00,000 | ഇ.സി. ബൈജു | 1,49,861 | Limited to 75% ₹1,12,396 |
| 3. | 845/18 പരിയാരം ഗ്രാമപഞ്ചായത്തിലെ തവളപ്പാറ കുടിവെള്ളപദ്ധതി | 22,25,000 | ജോസ്. വി.പി | 3,80,783 | Limited to 75% ₹2,85,587 |
| 4. | 881/18 | 20,00,000 | വീരാൻകുട്ടി. പി.എം | 18,88,919 | Limited to 75% |

| | | | | | |
|---|---|---|---|---|---|
| | വടക്കുംമുറി കുടിവെള്ളപദ്ധതി | | | | ₹14,16,689 |

നിലവിലുള്ള നടപടിക്രമങ്ങൾക്ക വിരുദ്ധമായി മേൽവിവരിച്ച പ്രകാരം പാർട്ട് ബിൽ തുക അനുവദിക്കുന്നതു മൂലം റിടെൻഷൻ തുക പിടിച്ചുവയ്ക്കുന്നതിന്റെ ഉദ്ദേശ്യം നിറവേറ്റപ്പെടുന്നില്ല. റിടെൻഷൻ കുറവ് ചെയ്യാതെ കരാറുകാർക്ക് പാർട്ട് ബിൽ തുക അനുവദിച്ച് വരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 69/17-18 തീയതി. 21.02.2018)

# 3-38 ചാഴൂർ ഗ്രാമപഞ്ചായത്തിലെ വെണ്ണീറായ്-തീണ്ടാട്ട് കോളനി കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം നേടിയില്ല.

ചാഴൂർ ഗ്രാമപഞ്ചായത്ത് വെണ്ണീറായ്-തീണ്ടാട്ട് കോളനിയിൽ (ആർ.ഓ. പ്ലാന്റ് അനുബന്ധ പ്രവൃത്തികൾ എന്ന പ്രൊജക്ട്) നടപ്പാക്കുന്നതിന് 2016-17 വർഷത്തിൽ 20,52,000/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നു. കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 23.10.17ലെ കത്ത് നം. D4.1038/17 പ്രകാരം പദ്ധതി പ്രവർത്തനം ആരംഭിക്കാൻ 4,55,000/-രൂപ കൂടി ആവശ്യപ്പെട്ടതനുസരിച്ച് പ്രോജക്ട് നം. 945/18 പ്രകാരം 5,00,000/- രൂപ വകയിരുത്തി ബിൽ നം. 2/17-18/26.2.18 ആയി 4,55,000/- രൂപ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൈമാറുകയുണ്ടായി. മുൻ വർഷത്തിൽ നൽകിയതുൾപ്പെടെ ആകെ 25,07,000/- രൂപ ഈ പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി രണ്ടു സാമ്പത്തിക വർഷങ്ങളിലും വാട്ടർ അതോറിറ്റിയുമായി ജില്ലാപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

2016-17ൽ തുക നൽകിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ കരാറിലേർപെടാതിരുന്നതു മൂലം വാട്ടർ അതോറിറ്റി പ്രവൃത്തി ആരംഭിച്ചില്ല. മാത്രമല്ല സമയബന്ധിതമയി പ്രവൃത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കാതിരുന്നതിനാൽ നിരക്കിലുണ്ടായ വർധന മറികടക്കാൻ അതോറിറ്റി എസ്റ്റിമേറ്റ് പുതുക്കുകയും അതു പ്രകാരം 4,55,000/- രൂപ കൂടി ജില്ലാപഞ്ചായത്തിൽ നിന്നും വാങ്ങിയെടുക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ചെലവു ശതമാനം വർധിപ്പിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി തുക നൽകുന്നുവെന്നല്ലാതെ മുൻകൂറായി നൽകിയ തുക വിനിയോഗിച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ആവശ്യമായ ശ്രദ്ധ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇല്ലായെന്നു കാണുന്നു. നിലവിലും വാട്ടർ അതോറിറ്റിയുമായി ജില്ലാപഞ്ചായത്ത് കരാറിൽ ഏർപെട്ടിട്ടില്ലായെന്നതിനാൽ പദ്ധതി എന്നു പൂർത്തീകരിക്കുമെന്നത് സംബന്ധിച്ച് വ്യക്തത ഇല്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(എം.എസ്.) നം. 72/2017ത.സ്വ.ഭ.വ. ഖണ്ഡിക.8.3.17 പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങൾ ഒന്നും തന്നെ ജില്ലാ പഞ്ചായത്ത് പാലിച്ചിട്ടില്ല. പ്ലാന്റ് സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് സ്ഥലം കണ്ടെത്തി കൈമാറിയോ എന്നതു പോലും വ്യക്തമല്ലാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.( ഓഡിറ്റ് എൻക്വയറി നം. 24/17-18/24.5.19) പദ്ധതിക്കായി ആകെ 25,07,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 2017-18 ൽ ചെലവു ചെയ്ത തുക 4,55,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-39 പുലിപ്പാറ കുന്ന് കുടിവെള്ള പദ്ധതി. വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവു തുക 20ലക്ഷം തടസ്സപെടുത്തുന്നു.

അസി. എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നം.578/18 പ്രകാരം കൊടകര ഗ്രാമപഞ്ചായത്തിലെ പുലിപ്പാറകുന്നിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി ബിൽ നം. 7/17-18/21.3.18 പ്രകാരം 20 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് നൽകി. 19.3.18ലെ നം.D.3-319/16 കത്ത് പ്രകാരം നൽകിയ എസ്റ്റിമേറ്റ് അനുസരിച്ചാണ് മേൽ പ്രകാരം തുക നൽകിയത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച്

സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(എം.എസ്.) നം. 72/2017ത.സ്വ.ഭ.വ. ഖണ്ഡിക.8.3.17 പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂയെന്ന് വ്യക്തമാക്കിയിരുന്നുവെങ്കിലും കരാറിലേർപെടാതെ തുക നൽകുകയാണുണ്ടായത്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 20 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-40 പൊതുമരാമത്ത് പ്രവൃത്തികൾ കരാറിലേർപ്പെടുന്നതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കുന്നതിൽ കുറവ് - സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ അംഗീകരിച്ച കഴിഞ്ഞാൽ സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ കരാറിലേർപെടണമെന്നും 14 ദിവസത്തിനു ശേഷം ഏർപെടുന്ന കരാറുകളിൽ കരാറുകാരനിൽ നിന്നും 1% തുക പിഴയായി ഈടാക്കണമെന്നും പൊതു മരാമത്ത് മാന്വൽ 2012 ഖണ്ഡിക 2009.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പൊതു മരാമത്ത് പ്രവൃത്തികളിൽ കരാറുകാരുടെ വീഴ്ച മൂലം കരാറിലേർപെടാൻ ഉണ്ടായ കാലതാമസത്തിന് മേൽ നിർദ്ദേശത്തിനു വിരുദ്ധമായി കുറഞ്ഞ പിഴയായ 1000 രൂപ മാത്രമേ ഈടാക്കി കാണുന്നുള്ളൂ. ഇക്കാര്യത്തിൽ പൊതു മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതും ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-41 പൊതു മരാമത്ത് പ്രവൃത്തികൾ- സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2017-18 വർഷത്തിൽ നടപ്പാക്കേണ്ടിയിരുന്ന 292 പ്രവൃത്തികളിൽ 13 പ്രവൃത്തികൾക്ക് മാത്രമേ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചതായി കാണുന്നുള്ളൂ. സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രവൃത്തികളിൽ 61 ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ 2018 മാർച്ച് 23 നു ശേഷം സമർപ്പിച്ച ബില്ലുകളാണ് പണമാക്കി മാറ്റാൻ സാധിക്കാതിരുന്നത്.

സാമ്പത്തിക വർഷാരംഭത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പദ്ധതികൾ നടപ്പാക്കുന്നതിൽ വിവിധ ഘട്ടങ്ങളിലുണ്ടായ കാലതാമസം മൂലമാണ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതിരുന്നത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച കാര്യക്ഷമമായ മോണിറ്ററിംഗ് സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണ സമിതി എന്നിവരുടെ ഭാഗത്തു നിന്നും ഉണ്ടായിക്കാണുന്നില്ല. സ്പിൽ ഓവർ പദ്ധതികൾക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുകയില്ലായെന്നതിനാലും സ്പിൽ ഓവറായി മാറ്റപെടുന്നതും മൂലം തുടർ വർഷങ്ങളിൽ നടപ്പാക്കേണ്ട പദ്ധതികളുടെ എണ്ണത്തിലും, വകയിരുത്തുന്ന തുകയിലും കാര്യമായ കുറവ് ഉണ്ടാകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി, മതിയായ സാധ്യതാ പഠനം നടത്താതെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതും മൂലവും, നിക്ഷേപ പ്രവൃത്തികൾക്ക് നൽകുന്ന തുകകളിൽ ആവശ്യമായ തുടർ നിരീക്ഷണവും ഇടപെടലും ഇല്ലാത്തതു മൂലം പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ലാത്ത അവസ്ഥയുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ആവശ്യമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തുകയും പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-42 മണലൂർ ഗ്രാമപഞ്ചായത്ത് വഞ്ചിക്കടവ് കുടിവെള്ള പദ്ധതി- നാളിതുവരെ ആരംഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം – 619/18

ബിൽ നം 963/18 തിയതി 26.2.18 തുക 11,12,000/-

28.9.17 ൽ അംഗീകാരം ലഭിച്ച പദ്ധതിയിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, ഫിൽട്ടർ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. പദ്ധതി അടങ്കൽ 1000000 രൂപയായിരുന്നു. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് തുക 6850000 രൂപയാണ്. ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും കൂടി സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. മണലൂർ ഗ്രാമപഞ്ചായത്ത് 2017-18ൽ ഇതിനായി 25,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ബഹുവർഷ പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നതും .

ജില്ലാ പഞ്ചായത്ത് വകയിരുത്തിയ തുക പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് അപര്യാപ്തമാണെന്നും ആയതിനാൽ ഏത് പ്രവൃത്തിയാണ് ചെയ്യേണ്ടതെന്നും അതുപ്രകാരമുള്ള എസ്റ്റിമേറ്റ് തുക നൽകുന്നതിനും വാട്ടർ അതോറിറ്റി കത്ത് മുഖേന (1/18 ലെ എ1-2086/15ാം നമ്പർ കത്ത്) ആവശ്യപ്പെടുകയുണ്ടായി .

22.2.18 ലെ വാട്ടർ അതോറിറ്റിയുടെ കത്ത് പ്രകാരം പമ്പ് ഹൗസ് നിർമ്മാണം, 10 എച്ച് പി പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കൽ, ലീഡിംഗ് ചാനൽ നിർമ്മാണം എന്നീ പ്രവർത്തികളുടെ എസ്റ്റിമേറ്റ് നൽകുകയും എസ്റ്റിമേറ്റ് തുകയായ 1112000/- രൂപ പദ്ധതി റിവൈസ് ചെയ്ത് കൈമാറുകയും ചെയ്തു. ( അടങ്കൽ 1260000)

പ്രവൃത്തിയിൽ മാറ്റം വരുത്തിയതിനോ പുതിയ പ്രവൃത്തികൾ ഏറ്റെടുത്തതിനോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമുള്ളതായി കാണുന്നില്ല.ഗ്രാമപഞ്ചായത്തുകൂടി ഈ പദ്ധതിയുടെ ഭാഗമാണ് എന്നതിനാൽ പ്രവൃത്തികളിൽ മാറ്റം വരുത്തുമ്പോൾ അതിനനുസൃതമായി ഗ്രാമപഞ്ചായത്തും മാറ്റങ്ങൾ വരുത്തേണ്ടതാണ് എന്നാൽ മേൽ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുകയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അംഗീകരിച്ച പ്രോജക്ട് / റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ റിവൈസ്ഡ് പ്രോജക്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികളെക്കുറിച്ച് വ്യക്തമാക്കിയിട്ടുമില്ല.

ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 4760000 രൂപ നാളിതുവരെ ചെലവഴിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ കൃത്യമായ വിവരം ലഭ്യമല്ല. പ്രവൃത്തി ഇപ്പോഴും ആരംഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

# 3-43 അധിക നിരക്കിൽ VAT ഈടാക്കി

പ്രോജക്ട് നമ്പർ - S0863/18

പ്രോജക്ടിന്റെ പേര് - കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ വൈന്തല അഗ്രോ സെന്റർ

വിപുലീകരണം

എം. ബുക്ക് നമ്പർ - 931/ 16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സാങ്കേതികാനുമതി നമ്പർ - 115/EE/LSGD/ electrical committee/ 2016-17/ 06.03.2017

കരാറുകാരന്റെ പേര് - സോമൻ.പി.ജെ.

ട്രഷറി ബിൽ നമ്പർ - 65/2017-18/ 26.09.17

Total value of work done - 128422

Add: Remuneration charge - 5240

| | |
|---|---|
| - | --------- |
| - | 133662 |

Recoveries

VAT 8% 10274

I.T. 1% 1284

K.C.W.W.F. 1% 1284

- ---------

- 12842

Bill amount to contractor 115580

- ======

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ കരാറുകാരനിൽ നിന്ന് 4% VAT ഈടാക്കുന്നതിനു പകരം 8% VAT ഈടാക്കിയതായി കാണുന്നു. (128422 രൂപയുടെ 8% ആയ 10274/- രൂപ) മേൽ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 50/17-18 തിയ്യതി 17.02.18 നമ്പറിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 8% VAT ഈടാക്കാൻ ഉണ്ടായ സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-44 വിട്ടുകിട്ടിയിട്ടില്ലാത്ത ഭൂമിയിൽ റോഡ് വികസനത്തിന് തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാർ - 129/EE/LSGD/15-16 തീയതി.14.01.16

കരാറുകാരൻ - സണ്ണി വർഗ്ഗീസ്

പ്രോജക്ട് നമ്പർ - 693/16, 186/17, 20/18
പ്രൊജക്റ്റിന്റെ പേര് – തൃക്കൂർ ഗ്രാമപഞ്ചായത്തിലെ പൊന്നൂക്കര മതിക്കുന്ന് എസ്.സി. കോളനി റോഡ് ഫില്ലിങ്ങ് ഭിത്തി സംരക്ഷണം

ചെലവ് - 4,62,956/-

ട്രഷറി ബിൽ നമ്പർ - 1) 9/17-18 തിയതി.30.06.17

ഭരണാനുമതി - 6/ 05-08-15

ഭരണാനുമതി തുക - 10 ലക്ഷം (പ്ലാൻ ഫണ്ട് - 8 ലക്ഷം, തനത് ഫണ്ട് 2 ലക്ഷം)

10 ലക്ഷം അടങ്കൽ നിശ്ചയിച്ച് 6/ 05-08-15 പ്രകാരം ഭരണാനുമതി ലഭിച്ച ഈ പ്രൊജക്റ്റിന് 2016-17, 2017-18 വർഷങ്ങളിൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ചിരുന്നു. 31/03/2018 വരെ 4,62,956/- രൂപ പ്രൊജക്റ്റിനായി ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിക്കു വേണ്ടി കരാറുകാരൻ ശ്രീ. സണ്ണി വർഗ്ഗീസുമായി 14-01-16-ൽ 129/EE/LSGD 15-16 പ്രകാരം കരാറിലേർപ്പെട്ടിരുന്നു.

16/12/16-ലെ ഡി.2/693/15-16 എന്ന കത്തു വഴി തനിക്കു മുമ്പാകെ ഹാജരാകാൻ മേൽ പ്രവൃത്തിയുടെ കരാറുകാരനെ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു കാണുന്നു. യാതൊരു നിർമ്മാണ പ്രവൃത്തിയും പൂർത്തിയാക്കാത്തതിനാലാണ് പ്രസ്തുത കരാറുകാരന് മേൽക്കത്ത് നൽകിയിട്ടുള്ളത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്തിന് 31-12-16-ൽ പ്രവൃത്തി സ്ഥലം വിട്ടു കിട്ടാത്തതിനാലാണ് പണി ആരംഭിക്കാൻ കഴിയാതിരുന്നത് എന്ന് കരാറുകാരൻ മറുപടി നൽകി. തുടർന്ന്, 03-01-17-ൽ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാനെ, പ്രവൃത്തിക്കായി സ്ഥലം വിട്ടുകിട്ടിയിട്ടില്ല എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചു.

പ്രവൃത്തി ചെയ്യേണ്ട സ്ഥലം ലഭ്യമാക്കാതെ ടെണ്ടർ വിളിച്ച്, കരാർ പ്രവൃത്തി ഏല്പിച്ചു നൽകുന്നത് 1997-ലെ മരാമത്ത് ചട്ടങ്ങളിലെ ചട്ടം 6, 10 എന്നിവക്ക് വിരുദ്ധമാണ്. പ്രവൃത്തിക്കാവശ്യമായ സ്ഥലം വിട്ടു കിട്ടിയിട്ടുണ്ടോ, നിലവിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ എന്നീ വിവരം ലഭ്യമാക്കേണ്ടതാണ്. നേരത്തെ ചെലവ് ചെയ്ത 4,62,956/- രൂപ പാഴായി പോയിട്ടുണ്ടെങ്കിൽ അത്രയും തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.46/17-18 തീയതി.15.10.18)

## 3-45 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട 6 മീറ്റർ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണം - സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിന്റെ റോഡ്/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്റർ വീതിയിൽ കുറയാത്ത റോഡ്, മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രത്തോടെ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് ജി.ഒ. (എം.എസ്.)72/17/ ത.സ്വ.ഭ. തിയതി. 29.03.17 ഖണ്ഡിക 12(10)ലെ 3, 5, 6 ശീർഷകങ്ങൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു.

ക്യാരേജ് വിഡ്ത്ത് ഉൾപ്പെടെയുള്ള റോഡിന്റെ ആകെ വീതി 6 മീറ്ററിൽ അധികരിക്കുന്ന സംഗതിയിൽ ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം സഹിതം ടി റോഡിലെ അഭിവൃദ്ധി പണി നടത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾ പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുവാൻ നിർദ്ദേശിച്ചിരിക്കയാൽ ടി സമ്മതപത്രവും, ആസ്തിയിൽപ്പെട്ടതാണെന്നുള്ള സാക്ഷ്യപത്രവും ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. സാങ്കേതിക അനുമതി നൽകിയ ഇത്തരം പ്രവൃത്തികളിൽ മേൽ പറഞ്ഞ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ നടത്തിയ പ്രവൃത്തികളുടെ വിശദ വിവരം താഴെ ചേർക്കുന്നു. (ഉദാഹരണങ്ങൾ മാത്രം)

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബി. പ്രകാരം അളവെടുത്ത റോഡിന്റെ ക്യാരേജ് വിഡ്ത്ത് | 17-18 വർഷം ചെലവഴിച്ച തുകയുടെ വിവരം | | |
|---|---|---|---|---|---|
| | | | തുക, ട്രഷറി ബിൽ നമ്പർ | തിയ്യതി | ഫണ്ട് |
| 1 | 108/18 പാലക്കുഴി പാമ്പാട്ടുകുളം റോഡ് മെയിന്റനൻസ് | 305/13-14 ചെയിനേജ് 0 to 360 3 മീറ്റർ | 570259/- / 96/17-18 | 13.11.17 | MG(R) |
| 2 | 47/18 മാരാംകോട് കാരാംപാടം റോഡ് അറ്റകുറ്റപ്പണി | 740/16-17 3 മീറ്റർ | 1194720/- / 40/17-18 | 29.07.17 | " |
| 3 | 137/18 ഇന്ദിരാഗാന്ധി റോഡ് മെയിന്റനൻസ് | 757/15-16 ch. 1 to 946/ 2 മീറ്റർ | 955474/- / 17/17-18 | 30.06.17 | " |
| 4 | 36/18 കുറ്റിചിറ ചായ്പൻകുഴി രണ്ടുകൈ റോഡ് | 863/ 16-17/ 2 മീറ്റർ | 2090106/ 41/17-18 | 29.07.17 | " |

റോഡ് അഭിവൃദ്ധി പണിക്കുവേണ്ടി ജില്ലാ പഞ്ചായത്തുകൾ പദ്ധതി ഏറ്റെടുക്കുമ്പോൾ 6 മീറ്റർ വീതിയുള്ള റോഡുകളാണെന്നും ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 70/ 21-02-18).

# 3-46 മര ഉരുപ്പടികളുടെ വാല്യുവേഷൻ ലഭിച്ചിട്ടും ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല

മരത്തംകോട് ഗവൺമെന്റ് എച്ച്.എസ്. കെട്ടിടം അറ്റകുറ്റപ്പണി നടത്തി വരവെ (പ്രോജക്ട് നമ്പർ 93/18 – AS. No. 12/03-05-17) മര ഉരുപ്പടികൾക്ക് 42,086/- രൂപയുടെ വാല്യുവേഷൻ ഗ്രാമപഞ്ചായത്ത് എ.ഇ. സമർപ്പിക്കുകയും, ടി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 28/07/17-ലെ ഡി.1-355/17 നമ്പർ കത്തു പ്രകാരം ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കത്തു ലഭിച്ച് നാളിതുവരെയായിട്ടും മര ഉരുപ്പടികൾ ലേലം കൊള്ളുകയോ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ജില്ലാപഞ്ചായത്ത് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

# 3-47 ജലസേചന പദ്ധതികൾ - ഗുണഭോക്തൃ വിഹിതം പിരിവ്, നിർവ്വഹണം, തുടർ പരിപാലനം - അപാകതകൾ

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഫൈനൽ ബിൽ നൽകിയ ഏതാനം ജലസേചന പദ്ധതികളിൽ (സ്പിൽ ഓവർ) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലും നിർവ്വഹണം, തുടർ പരിപാലനം എന്നിവയിലും നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

1. 2016-17 വർഷത്തിൽ ബാധകമായ 12-ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)4/16 ത.സ്വ.ഭ.വ. തിയ്യതി.11.01.16-ലെ നിർദ്ദേശാനുസരണം (കാർഷിക മേഖലാ നിർദ്ദേശം (x)) ജലസേചന പരിപാടികളുടെ അടങ്കൽ തുകയുടെ 10% തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും, നിർവ്വഹണത്തിനു മുൻപായി അത്രയും തുക തദ്ദേശ സ്ഥാപനത്തിൽ പണമായി അടയ്ക്കേണ്ടതുമാണ്.
2. പദ്ധതികളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതിയെ ഏല്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ പ്രോജക്ട് നിർവ്വഹണം ആരംഭിക്കാവൂ. 1999 ഡിസംബറിൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണം പൂർത്തിയായ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും കുറ്റമറ്റ രീതിയിലുള്ള സംരക്ഷണത്തിനും ഗുണഭോക്താക്കളുടെ സംരക്ഷണ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ തുടർ പരിപാലനം ഗുണഭോക്തൃ സമിതിയെ ഏല്പിക്കണം.

മേല്പറഞ്ഞ നടപടിക്രമങ്ങൾ പൂർണ്ണമായി നടപ്പിൽ വരുത്താതെയാണ് ജില്ലാ പഞ്ചായത്ത് മരാമത്ത് വിഭാഗം ജലസേചന പദ്ധതികൾ നിർവ്വഹണം നടത്തിയിരിക്കുന്നത്. ഗുണഭോക്തൃ സമിതി രൂപീകരിച്ചതിന്റെയോ, പദ്ധതി പൂർത്തീകരിച്ച് കൈമാറ്റം ചെയ്തതിന്റെയോ രേഖകൾ പരിശോധനാവിധേയമാക്കിയ ഫയലുകളിലൊന്നും തന്നെ കാണാനായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പർ – 206/18
കടമ്പോട് ലിഫ്റ്റ് ഇറിഗേഷൻ (മറ്റത്തൂർ ഗ്രാമപഞ്ചായത്ത്)
അടങ്കൽ തുക – 10,00,000/-
വികസന ഫണ്ട് – 9,00,000/-
PAC – 7,51,255/-
കരാർ നമ്പർ – 21/EE/LSGD/17-18 dt.25.04.17
അളവ് പുസ്തകം – 962/16-17
ട്രഷറി ബിൽ നമ്പർ – 90/17-18 dt.13.11.17; ₹676129/-

മേൽ പദ്ധതിയുടെ ഫൈനൽ ബില്ലിൽ ഗുണഭോക്തൃ വിഹിതം 75,126/- കുറവു ചെയ്തിട്ടുണ്ടെങ്കിലും ആയത് ഈടാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പമില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. പ്രൊജക്ട് നമ്പർ – 210/18
കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം (പമ്പ് & മോട്ടോർ സ്ഥാപിക്കൽ) – മുരിയാട് ഗ്രാമപഞ്ചായത്ത്
അടങ്കൽ തുക – 30,00,000/-
വികസന ഫണ്ട് – 27,00,000/-

ഗുണഭോക്തൃ വിഹിതം – 3,00,000/- (Rt. No.11606400012 dt.11.01.17)
എസ്റ്റിമേറ്റ് PAC – 4,59,071/-
ട്രഷറി ബിൽ നമ്പർ – 106/17-18 – 146018/15.12.17
107/17-18 – 18363/15.12.17
108/17-18 – 413164/15.12.17

മേൽ പദ്ധതിയുടെ സൂക്ഷ്മ മേഖല കോഡ് 'കുടിവെള്ളം' എന്നാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ജലസേചനത്തിനായുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിക്കായാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം 10 ലക്ഷത്തിനുള്ളിൽ ചെലവു വരുന്ന പ്രവൃത്തിയ്ക്കായി 30 ലക്ഷം അടങ്കൽ തുക വകയിരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. പദ്ധതി ആസൂത്രണ ഘട്ടത്തിൽ മേൽപ്രകാരമുള്ള പിഴവുകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

3. പ്രൊജക്റ്റ് നമ്പർ – 832/18
പാവറട്ടി ഗ്രാമപഞ്ചായത്തിലെ കരിക്കപ്പാടം ചീർപ്പ് നവീകരണം, ഭിത്തി കെട്ടൽ
അടങ്കൽ തുക – ₹15,00,000/-
പ്ലാൻ ഫണ്ട് – ₹13,40,000/-
തനതു ഫണ്ട് – ₹10,000/-
ഗുണഭോക്തൃ വിഹിതം – ₹1,50,000/-
T.S. No.24/EE/LSGD/2013-14 dt.13.12.14
Agreement No. & Date – 03/EE/LSGD/2015-16 dt.09.04.15
കരാർ തുക – 14,99,983/-
കരാറുകാരൻ – ജോൺ ബോസ്കോ.വി.ജെ.
അളവു പുസ്തകം – 666/15-16
ട്രഷറി ബിൽ നമ്പർ – 63/17-18/26.09.17 തുക – 5,73,379/-
ബില്ലിന്റെ വിശദാംശം
CC Ist & Part
ആകെ പ്രവൃത്തി മൂല്യം – 1026869
റിടെൻഷൻ 2.5% – 25672
ഗുണഭോക്തൃ വിഹിതം 10% – 102687
898510
റിക്കവറീസ്
VAT 4% 35940
IT 1% 8985
KCWWF 1% 8985
53910
ബിൽ തുക 844600
CC 2nd & Final
ആകെ പ്രവൃത്തി മൂല്യം – 1139945
കുറയ്ക്കുക Ist part – 898510
ഗുണഭോക്തൃ വിഹിതം 10%-113995
- ----------
- 127440
റിക്കവറീസ്
VAT 4% 9657
IT 1% 2414
KCWWF 1% 2414 – 14485
ബിൽ തുക – 112955

മേൽ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നുവെങ്കിലും (1,50,000/-) ആയത് പിരിച്ചെടുത്ത്

സ്ഥാപനത്തിൽ അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിനോടൊപ്പമില്ല. ടി പ്രവൃത്തിയുടെ Ist Part Billൽ നിന്നും Final Billൽ നിന്നും 10% ഗുണഭോക്തൃ വിഹിതം കുറവ് ചെയ്തതിനെ ചോദ്യം ചെയ്ത് കൊണ്ട്, ഗുണഭോക്തൃ വിഹിതം തിരികെ ആവശ്യപ്പെട്ട്, കരാറുകാരൻ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. (WP(C)35571/17) ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടില്ലെങ്കിൽ ടി തുക പിരിച്ച് സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമ നടപടികളുടെ ഭാഗമായി കരാറുകാരന് ഗുണഭോക്തൃ വിഹിതം തിരിച്ച് കൊടുക്കേണ്ട സാഹചര്യം വന്നാൽ ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കും. കേസിന്റെ വിവരവും തുടർ നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. പ്രൊജക്ട് നമ്പർ – 274/17-18
മൂരിക്കോൾപ്പടവ് പാടശേഖരം – മുരിയാട് ഗ്രാമപഞ്ചായത്ത് – മെതിക്കളം വരമ്പംകെട്ടി സംരക്ഷിക്കൽ
അടങ്കൽ തുക – 1104687 (2017-18 ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം)
ഗുണഭോക്തൃ വിഹിതം – 122750
ആകെ – 1227437
ട്രഷറി ബിൽ നമ്പർ – 30/17-18/30.06.17, തുക – 2,21,731/-
2016-17 പ്രൊജക്ട് നമ്പർ – 731/17
ഭരണാനുമതി തുക – 10,00,000/- (10/07.09.16)
T.S. No. – 36192/16-17
കരാർ തിയ്യതി – 159/EE/LSGD/2016-17 dt.23.03.17
എസ്റ്റിമേറ്റ് PAC – 2,27,298/-
അളവു പുസ്തകം – 306/13-14

C.C. Ist & Final
ആകെ പ്രവൃത്തി മൂല്യം – 221730
VAT 4% – 8869
IT 1% 2217
KCWWF 1% 2217 – 13303
കോൺട്രാക്ടർക്ക്
നൽകിയ തുക – 208428

2016-17ൽ ആവിഷ്കരിച്ച പ്രൊജക്ട് വിശദാംശമനുസരിച്ച് വികസന ഫണ്ട് 9,00,000/-, ഗുണഭോക്തൃ വിഹിതം 1,00,000/- (സ്ഥാപനത്തിൽ അടയ്ക്കുന്നത്) അടക്കം 10,00,000/- രൂപയാണ് അടങ്കൽ. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (DD No. 935210/09.12.17, Rt. No.11606400009/10.01.17). എന്നാൽ ഗുണഭോക്തൃ വിഹിതം ആനുപാതികമായി കുറവു ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. പദ്ധതി വിഭാവനം ചെയ്ത പ്രകാരം 10% ഗുണഭോക്തൃ വിഹിതം കുറവു ചെയ്യാതെ പ്ലാൻ ഫണ്ടിൽ നിന്നും ബിൽ തുക മുഴുവനായും പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2017-18ൽ പ്രൊജക്ട് അടങ്കൽ തുകയിൽ മാറ്റം വരുത്തിയ സാഹചര്യവും വിശദീകരിക്കേണ്ടതാണ്. അധികമായി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 22173/- രൂപ തിരികെ അടവാക്കേണ്ടതാണ്.

5. മുരിയാട് ഗ്രാമപഞ്ചായത്തിലെ മണപറമ്പൽ കോൾ പടവ് സ്ളൂയിസ് നിർമ്മാണം (ഇരിങ്ങാലക്കുട ബ്ലോക്ക്) – അപാകതകൾ
ആകെ അടങ്കൽ തുക : 1333687 (ഗുണഭോക്തൃ വിഹിതം അടക്കം)
ആകെ ചെലവ് : 1211325 രൂപ
ആകെ ചെലവിന്റെ split up താഴെ പറയും പ്രകാരമാണ്.

വികസന ഫണ്ട് : 1200287 (അടങ്കൽ), 1177487 (ചെലവ്)
ഗുണഭോക്തൃ വിഹിതം : 133400 (അടങ്കൽ), 33838 (ചെലവ്)
ട്രഷറി ബിൽ നമ്പർ : 22/2017-18/30.06.17 തുക – 214664
ട്രഷറി ബിൽ നമ്പർ : 176/2017-18/28.2.18 തുക – 845950
ട്രഷറി ബിൽ നമ്പർ : 243/2017-18/26.3.18 തുക – 112378/-
ട്രഷറി ബിൽ നമ്പർ : 244/2017-18/26.3.18 തുക – 4495
ചെക്ക് നമ്പർ – 0717595/13.03.2018 തുക – 33,838

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ആയതിന് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1. 2016-17-ൽ നിർവ്വഹണം ആരംഭിച്ച മേൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം 1,00,000/- രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് (Rt. No. 11606400013/ 23.1.17)

ഗുണഭോക്തൃ വിഹിതം ആനുപാതികമായി കുറവു ചെയ്യാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിയത് സംബന്ധിച്ച് ഇടക്കാല ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.33.5ൽ പരാമർശിച്ചിരുന്നു. ആയതി പരിഹരിച്ചിട്ടില്ല. 07.07.2018-ന് എ4-64/16 നമ്പരായി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ വിശദീകരണം തൃപ്തികരമല്ല. തുടർന്ന് നൽകിയ ബില്ലുകളിലും അപാകത ആവർത്തിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. ട്രഷറി ബിൽ നമ്പർ 176/28.2.18 പ്രകാരം കോൾപ്പടവിൽ മോട്ടോറും 30 എച്ച്.പി. പമ്പ് സെറ്റ് അനുബന്ധ ഇലക്ട്രിക്കൽ ഫിറ്റിങ്ങ് നടത്തുന്നതിന് 845950 രൂപ ചെലവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

M.B. No. 33/2017-18
Agmt No. 97/EE/LSGD/17/EE/2016-17 dt.16.03.17
Estimate PAC : ₹892046
Agreed PAC : ₹849450
കരാറുകാരൻ : ഹക്കീം.എൻ.
ട്രഷറി ബിൽ നമ്പർ 176/28.2.18 തുക – 845950/- രൂപ

ഫൈനൽ ബിൽ പ്രകാരം ഗുണഭോക്തൃ വിഹിതം കുറച്ചുള്ള തുകയാണ് കരാറുകാരന് നല്കിയതെങ്കിലും ടി തുക 84595/- രൂപ പിൻവലിച്ച് സെക്രട്ടറിയുടെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. സെക്രട്ടറിയുടെ തനതു ഫണ്ടിൽ 1,00,000/- രൂപ ഗുണഭോക്തൃ വിഹിതം ഉണ്ടായിരിക്കെ ആയതിൽ നിന്നും ആനുപാതികമായി പണം പിൻവലിച്ച് കരാറുകാരൻ നല്കുന്നതിനു പകരം പ്ലാൻ ഫണ്ടിൽ നിന്നുതന്നെ ടി തുക പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല റിടെൻഷൻ എന്ന പേരിലാണ് 84595/- രൂപ പിൻവലിച്ചിരിക്കുന്നത്.

മേല്പദ്ധതി പ്രകാരമുള്ള ഇലക്ട്രിഫിക്കേഷൻ വേറെ ടെണ്ടർ നടത്തി മറ്റൊരു കരാറുകാരനെ കൊണ്ടാണ് നടത്തിയിരിക്കുന്നത്.
T.S. No. 131/EE/LSGD/EE/2016-17 dt.16.3.17 Amount 1,46,000
Estimate PAC : ₹130518/-
Agreed PAC : ₹849450
ട്രഷറി ബിൽ നമ്പർ 243/2017-18/26.3.18 തുക 112378/-
Agmt. No.149/EE/LSGD/Thrissur 1617 dt.19.2.18
അളവു പുസ്തകം : 37/2017-18
കരാറുകാരൻ : ശ്രീ.ആനന്ദൻ.ഇ.ആർ.
ഈ ബില്ലിൽ നിന്നും ആനുപാതികമായി ഗുണഭോക്തൃ വിഹിതം കുറച്ചിട്ടില്ല.

ആയതിനാൽ മേൽ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ₹1,17,279/- രൂപ (21446+11238+84595) അധികമായി പിൻവലിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം 1,00,000/- രൂപ തനതു ഫണ്ടിൽ ഉള്ളപ്പോഴാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ചത്.

2. സുലേഖ പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം ചെലവു കാണിച്ചിരിക്കുന്നത് 33838/- രൂപയാണ്. ആയത് ഇലക്ട്രിക്കൽ പ്രവൃത്തി കമ്മിറ്റിയിലെ അംഗത്തിനു നൽകിയ (സൂപ്പർവിഷൻ+ഓണറേറിയം) ചാർജ്ജാണ്.
പ്രസ്തുത പദ്ധതിക്കായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ അടച്ച ഗുണഭോക്തൃ വിഹിതത്തിന്റെ തൽസ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ്.

3. പദ്ധതി പൂർത്തിയായി കമ്മീഷന് ചെയ്ത് ജലവിതരണം ആരംഭിച്ചതിന്റെ വിശദാംശം ലഭ്യമല്ല. മോണിട്ടറിങ്ങ് റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പമില്ല. ജലസേചന പ്രൊജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/ഗുണഭോക്തൃ സമിതിയുടെ ചുമതലയായി നിശ്ചയിച്ച് ആയത് സമിതിക്ക് കൈമാറേണ്ടതാണ്. ആയതിന്റെ വിവരവും ലഭ്യമല്ല.

4. പദ്ധതിക്ക് ചെലവായ 12,11,325/- രൂപ കൊണ്ട് സൃഷ്ടിക്കപ്പെട്ട ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭിക്കാത്തതിനാൽ ചെലവു തുക 12,11,325/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ജലക്ഷാമം മൂലം കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ സൂക്ഷ്മതയോടെ ആവിഷ്കരിച്ച് നിർവ്വഹണം നടത്തേണ്ടതാണ്. ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. (ജി.ഒ.(എം.എസ്.) നം.72/17 ത.സ്വ.ഭ.വ., തിരുവനന്തപുരം തിയ്യതി.29.03.2017 നിർദ്ദേശം 12.3.3)

# 3-48 കോലോത്തുംപടി ഐക്കരക്കുന്ന് റോഡ് റീ-ടാറിങ്ങ് - ജില്ലാ പഞ്ചായത്ത് തീരുമാനം നമ്പർ 2(6) തിയ്യതി 28.06.17 - തുടർനടപടി സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ - 433/17

ഭരണാനുമതി നമ്പർ - 10/07.09.16

അടങ്കൽ തുക - 10,00,000/-

സാങ്കേതികാനുമതി നമ്പർ - LSGD/TS/2016-17/47483

പൂർത്തീകരണ കാലാവധി - 6 മാസം

ഇ-ടെണ്ടർ നം. - 29/2016-17/തി. 15.12.17

കരാറുകാരൻ - ബാബു ഐസക്, അരിപ്പാലം (പി.ഒ.)

സൈറ്റ് കൈമാറിയ തിയ്യതി - 07.02.17

എസ്റ്റിമേറ്റ് തുക - 997465

ക്വോട്ട് ചെയ്ത തുക - 869861

മേൽ വിവരിച്ച മരാമത്ത് പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. റോഡ് റീ-ടാറിങ്ങ് നടത്തിയതിൽ പ്രവൃത്തി കഴിഞ്ഞ് ദിവസങ്ങൾ പിന്നിട്ടപ്പോഴേക്കും ഒരു ഭാഗം പോളിഞ്ഞ് മെറ്റൽ അടർന്നു പോയിട്ടുള്ളതായി 12.06.2017 തിയ്യതിയിൽ പരാതി ലഭ്യമായിരുന്നു. ഈ പരാതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 12.06.17ൽ എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ പരിഗണനയ്ക്കു വരികയും 28.06.17ലെ നമ്പർ 2(6) തീരുമാനപ്രകാരം എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട പ്രവൃത്തിയുടെ അപാകതകൾ പരിഹരിച്ച ശേഷം ബിൽ തുക നൽകിയാൽ മതിയെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.
2. ഫയലിൽ ശ്രീ. ബാബു ഐസക്കുമായുണ്ടാക്കിയ കരാർ ഇല്ല. ചെയ്ത പ്രവൃത്തി രേഖപ്പെടുത്തിയ അളവുപുസ്തകവും ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതും പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.60/19.02.18)

# 3-49 ചേലക്കര ജില്ലാക്കൃഷിത്തോട്ടം: പരിശോധനക്ക് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയില്ല

ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന്റേതായിട്ടുള്ള രേഖകൾ, അതായത് ബാങ്ക് പാസ്സ്ബുക്ക്, കളക്ഷൻ രജിസ്റ്റർ, ജില്ലാപഞ്ചായത്തിൽ വരവ് അടവാക്കുന്നതിന്റെ സാംഖ്യ രസീതുകൾ, ക്വട്ടേഷൻ രജിസ്റ്റർ, ഹാർവെസ്റ്റ് രജിസ്റ്റർ, 2 രസീത് ബുക്കുകൾ (ബുക്ക് നം.405,415) എന്നിവ (ഓഡിറ്റ് അന്വേഷണം 58/03.06.19) ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയില്ല. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ)ചട്ടം 12 പ്രകാരം ഓഡിറ്റിനു രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളോ രജിസ്റ്ററുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളോ

രജിസ്റ്ററുകളോ നിലവിലില്ല എന്ന നിഗമനത്തിൽ എത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 7584000 | IMA BLOOD BANK | 0 | 7584000 |
| ബ്ളോക്ക് പഞ്ചായത്ത് | ,, | 500000 | “ | 0 | 500000 |
| കോർപ്പറേഷൻ | ,, | 2500000 | “ | 0 | 2500000 |
| മുനിസിപ്പാലിറ്റി | “ | 600000 | “ | 0 | 600000 |
| “ | 2017-18 | 350000 | DDRC | 0 | 350000 |
| ബ്ളോക്ക് പഞ്ചായത്ത് | ,, | 200000 | “ | 0 | 200000 |
| കോർപ്പറേഷൻ | “ | 50000 | “ | 0 | 50000 |
| ഗ്രാമ പഞ്ചായത്ത് | “ | 4175000 | “ | 0 | 4175000 |
| “ | “ | 2150000 | ABC | 0 | 2150000 |
| മുനിസിപ്പാലിറ്റി | “ | 100000 | “ | 0 | 100000 |
| ഗ്രാമ പഞ്ചായത്ത് | “ | 600000 | OTHERS | 200000 | 400000 |
| ആകെ | | | | | 1,86,09,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കാക്കനാട് മിച്ചഭൂമി കുടിവെള്ള പദ്ധതി | അക്കൗണ്ട് നമ്പർ 703014000000047 | 1200000/- | 1352707 | ഇല്ല |
| കേരള വാട്ടർ അതോറിറ്റി | വഞ്ചിക്കടവ് കുടിവെള്ള പദ്ധതി | 31733094112 | 1112000 | പദ്ധതി പ്രവർത്തനത്തിന് ഗ്രാമ പഞ്ചായത്ത് കൂടുതൽ തുക നൽകേണ്ടത് ഉള്ളതിനാൽ ആയത് ലഭ്യമായതിനുശേഷമേ പ്രവൃത്തി പൂർത്തീകരിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

--ഇല്ല---

## 4-4 വായ്പ/വായ്പ തിരിച്ചടവ്

രേഖകൾ ഹാജരാക്കിയിട്ടില്ല (ഖണ്ഡിക 1-12-ൽ ക്രമ നമ്പർ 7)

## 4-5 സ്ഥിര നിക്ഷേപം

വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് B2 ഷെഡ്യൂൾ പ്രകാരം 5000/- രൂപ സ്ഥിര നിക്ഷേപമുണ്ട്. വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

--

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

----ഇല്ല---

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76,50,79,109 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69,96,02,247 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,22,784 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,46,10,078 |

**(ബി). <u>ജില്ലാ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-20 | - | 122784 | എം.കെ.ഗിരിജ, ഡെപ്യൂട്ടി ഡയറക്ടർ, മൃഗ സംരക്ഷണം |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 2,54,890 | പട്ടികജാതി വികസന ഓഫീസർ |
| 3-9 | 31,50,159 | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| 3-10 | 266627 | സെക്രട്ടറി, ശ്രീ.സി.അച്ചുതൻ നായർ |

| | | |
|---|---|---|
| 3-19 (1) | 1,06,00,000 | ടി.എസ്. മജീദ്, സെക്രട്ടറി |
| 3-19(II) | 47,35,000 | “ |
| 3-19 (III) | 65,98,503 | “ |
| 3-24 | 1,42,586 | സുമേഷ് കുമാർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-25 | 1,41,275 | “ |
| 3-26 | 2,99,691 | “ |
| 3-27 | 15,20,000 | “ |
| 3-28 | 15,39,356 | ഡേവിഡ് ജോൺ.ഡി.മോറിസ്, എക്സി. എഞ്ചിനീയർ. |
| 3-33 | 8,03,168 | “ |
| 3-34 | 8,92,498 | “ |
| 3-38 | 4,55,000 | വിക്രമൻ പിള്ള. എം, അസി. എക്സി. എഞ്ചിനീയർ. |
| 3-39 | 20,00,000 | “ |
| 3-47 | 12,11,325 | ഡേവിഡ് ജോൺ.ഡി.മോറിസ്, എക്സി. എഞ്ചിനീയർ |
| ആകെ | 3,46,10,078 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഭാഗം 2-ലെ ഖണ്ഡികകൾ 2-3, 2-4, 2-5, 2-7, 2-6, 2-10, 2-11, 2-14, ഭാഗം IIIലെ ഖണ്ഡിക ഖ.4.9 ബി പ്രകാരം തടസ്സപ്പെടുത്തിയ വിവിധ ചെലവുകൾ

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

റിപ്പോർട്ടു ലഭിച്ചയുടൻ സ്ഥിരം മേൽവിലാസം ലഭ്യമാക്കേണ്ടതാണ്.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996 1996-1997 | എൽ.എഫ്.ടി.5-349/1999 തിയ്യതി. 09.04.1999 |
| 1997-1998 ചെലവ് | എൽ.എഫ്.ടി.5- 1489/2002 തിയ്യതി. 04.12.2002 |
| 1998-1999 ചെലവ് | എൽ.എഫ്.ടി.5-1087/2003 തിയ്യതി. 10.03.2004 |
| 1998-1999 വരവ് | എൽ.എഫ്.ടി.21-46/2009 തിയ്യതി. 15.09.2010 |
| 1999-2000 ചെലവ് | എൽ.എഫ്.ടി.21-2226/2006 തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000 വരവ് | എൽ.എഫ്.ടി.21-47/2009 തിയ്യതി. 15.09.2010/05.10.2010 |
| 2000-2001 ചെലവ് | എൽ.എഫ്.ടി.21-733/2007 തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002 ചെലവ് | എൽ.എഫ്.ടി.21-1839/2007 തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003 | എൽ.എഫ്.ടി.21-2575/2007 |

| | |
|---|---|
| ചെലവ് | തിയ്യതി.26.12.2009/ 06.02.2010 |
| 2003-2004 ചെലവ് | എൽ.എഫ്.ടി.21-864/2008 തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005 ചെലവ് | എൽ.എഫ്.ടി.21-779/2008 തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006 ചെലവ് | എൽ.എഫ്.ടി.21-817/2008 തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007 ചെലവ് | എൽ.എഫ്.ടി.21-2560/2008 തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001 വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011 തിയ്യതി.08.02.2011 |
| 2001-2002 വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011 തിയ്യതി.08.02.2011 |
| 2002-2003 വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011 തിയ്യതി.17.06.2011 |
| 2003-2004 വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011 തിയ്യതി.17.06.2011 |
| 2004-2005 വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011 തിയ്യതി.09.07.2011 |
| 2005-2006 വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012 തിയ്യതി.25.07.2012 |
| 2006-2007 വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012 തിയ്യതി. 25.07.2012 |
| 2007-2008 വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012 തിയ്യതി.25.07.2012 |
| 2008-2009 വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011 തിയ്യതി.23.11.2012 |
| 2009-2010 വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12 തിയ്യതി.04.05.13/02.08.13 |
| 2010-2011 വരവ്യ ചെലവ് | എൽ.എഫ്.ടി.(ഡി.പി)1894/2012 തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13 തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14 തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)1281/15 തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 235/16, തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 755/17, തിയ്യതി 17.07.2017/17.08.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 1790/17, തീയതി 08-01-2018. |

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് ഓഫീസ്,**
**തൃശ്ശൂർ.**

# <u>അനുബന്ധം- 1</u> <u>ഓഡിറ്റ് സർട്ട്ഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ** 2017-18 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ